പത്താംതരം പഠനപരിപോഷണ പരിപാടി (ഫോക്കസ്ഏരിയ)

ഡയറ്റ് വയനാട്

# എക്സലൻസ്

## 2020-21

വയനാട് ജില്ലാ പഞ്ചായത്ത്



# മലയാളം

തയ്യാറാക്കിയത് ജില്ലാ റിസോഴ്സ് ഗ്രൂപ്പ്
നിർവ്വഹണം ഡയറ്റ് വയനാട്


ഡയറ്റ് വയനാട്
സുൽത്താൻ ബത്തേരി, വയനാട് – 673 592
ഫോൺ : 04936 – 220790, email : dietwayanad@gmail.com
www.dietwayanad.org


DIET WAYANAD
SULTHAN BATHERY

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

**വയനാട് ജില്ലാ പഞ്ചായത്ത്**

**ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രം**
**(ഡയറ്റ്) വയനാട്**

# എക്സലൻസ് 2021

**പഠന പരിപോഷണ പരിപാടി**
**(പത്താം തരം)**

# മലയാളം

**തയ്യാറാക്കിയത് :**
**ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രം**
**(ഡയറ്റ്) വയനാട്**
**സുൽത്താൻ ബത്തേരി**
**2021**

DIET WAYANAD
SULTHAN BATHERY

# 'EXCELLENCE 2021' DEVELOPMENT TEAM

| | |
|---|---|
| **Dr. T. K. Abbas Ali** | (Principal, DIET Wayanad) |
| **K. M. Sebastian** | (Senior Lecturer, CMDE, DIET Wayanad) |
| | Academic coordinator - Excellence 2021 |
| **Faizal E.** | (Lecturer, CMDE, DIET Wayanad) |

| | |
|---|---|
| **Anilkumar N.** | (Lecturer, PSTE, DIET Wayanad) |
| **Sahadevan Manthamchira** | (G.V.H.S.S. Mananthavadi) |
| **Sasi T. R.** | (G.V.H.S.S. Mananthavadi) |
| **Usha C. V.** | (S.K.M.J.H.S. Kalpatta) |
| **Shiju N. V.** | (G.V.H.S.S. Mananthavadi) |
| **Wilson T. P.** | (G.V.H.S.S. Mananthavadi) |
| **Vipin Bose T. N.** | (G.H.S.S Meppadi) |
| **Sunny T. R.** | (G..H.S. Irulam) |
| **Dileep kumar M. P.** | (G..H.S.S. Meppadi) |
| **Rajitha. A.** | (G..H.S. Beenachi) |
| **Sandhya Vargheese** | (G..H.S. Koleri) |

Cover Design : **Rajeevan N. T.** (G.H.S.S. Thariod)

# മുഖമൊഴി

വയനാട് ജില്ലയുടെ എസ്.എസ്.എൽ.സി. വിജയശതമാനം ഉയർത്തുന്നതിനുവേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പ് വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. കോവിഡ് കാലത്തുള്ള നിയന്ത്രണങ്ങൾ പാലിച്ച് വിദ്യാർത്ഥികളും അധ്യാപകരും പരമാവധി സമയം അക്കാദമിക പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതും, വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ വിദ്യാർത്ഥികൾക്ക് സ്കൂളിൽ എത്തിപ്പെടാനുള്ള സാഹചര്യമൊരുക്കുന്നതും പത്താതരം വിജയശതമാനം മെച്ചപ്പെടുത്തുന്നതിന് സഹായിക്കും.

വിവിധ വിഷയങ്ങളിൽ സംസ്ഥാന വിദ്യാഭ്യാസ പരിശീലന ഗവേഷണ കേന്ദ്രം പ്രസിദ്ധീകരിച്ച ഊന്നൽ മേഖലകൾ പരിഗണിച്ച് ജില്ലയിലെ വിദഗ്ദ്ധ അധ്യാപകരുടെ ശില്പശാലകൾ സംഘടിപ്പിച്ച് തയ്യാറാക്കിയതാണ് എക്സലൻസ് 2021. ഓരോ വിഷയത്തിലുമുള്ള ഊന്നൽ മേഖലയിലെ പഠന വസ്തുക്കൾക്കു പുറമേ മാറിയ പരീക്ഷ ഘടനയരുസരിച്ച് അധികചോദ്യങ്ങളും അവയുടെ ഉത്തര സൂചികയും ഇതോടൊപ്പം ചേർത്തിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്ക് ആത്മവിശ്വാസത്തോടെ സ്വയം പഠനത്തിനും, സംഘപഠനത്തിനും, സമസംഘപഠനത്തിനും അനുയോജ്യമാക്കത്തകവിധത്തിൽ സരളമായി അധ്യാപകർ വിവിധ പാഠങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ആയതിനാൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഊന്നൽ മേഖലയിൽ അധികപഠനത്തിന് എക്സലൻസ് സഹായകമാകും.

ഡയറ്റ് മുമ്പ് പ്രസിദ്ധീകരിച്ച എക്സലൻസ് പഠനസഹായിയും, മറ്റ് പഠന സാമഗ്രികളും ഉപയോഗപ്പെടുത്തി ചുരുങ്ങിയ സമയകൊണ്ടാണ് ഡയറ്റ് നേതൃത്വം നൽകുന്ന ജില്ലാ റിസോഴ്സ് ഗ്രൂപ്പ് എക്സലൻസ് 2021 തയ്യാറാക്കിയിട്ടുള്ളത്. കോവിഡ് കാലത്തെ സമ്മർദ്ദങ്ങൾക്കിടയിൽ എക്സലൻസ് 2021 തയ്യാറാക്കാൻ കൂടെനിന്ന ബഹുമാനപ്പെട്ട ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടിനും, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി അധ്യക്ഷനും, വിദ്യാഭ്യാസ ഓഫീസർക്കും, പ്രധാനാധ്യാപകർക്കും, ജില്ലാ റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. എക്സലൻസ് വയനാട് ജില്ലയിലെ 10-ാം തരം വിദ്യാർത്ഥികൾക്കും അധ്യാപകർക്കും സമർപ്പിക്കുന്നു.

പ്രിൻസിപ്പാൾ,
**ഡോ. ടി. കെ. അബ്ബാസ് അലി**
ഡയറ്റ് വയനാട്

# വയനാട് ജില്ലാ പഞ്ചായത്ത് കാര്യാലയം

**സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത് പി. ഒ., പിൻ – 673 122**

**എം. മുഹമ്മദ് ബഷീർ**
ചെയർമാൻ
ആരോഗ്യവും വിദ്യാഭ്യാസവും
സ്റ്റാന്റിംഗ് കമ്മിറ്റി

ഓഫീസ് : 04936 – 202490
: 04936 – 202390
വീട് : 04936 – 273427
9447276110
മണ്ണാർത്തൊടി വീട്
പടിഞ്ഞാറത്തറ (പി.ഒ.)


തിയ്യതി : 22-01-2021



വയനാട് ജില്ലയിലെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് ഏറെ സഹായകമായി ചോദ്യമാതൃകകളും ഉത്തരസൂചികയും ഉൾക്കൊള്ളിച്ചുകൊണ്ട് “എക്സലൻസ് 2021” എന്ന പേരിൽ ഡയറ്റ് അധികപഠന സഹായി തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ അതിയായി സന്തോഷിക്കുന്നു.

കോവിഡ് കാലത്തെ പഠന നഷ്ടം പരിഹരിച്ചുകൊണ്ട് സ്വയം പഠനത്തിന് വിദ്യാർത്ഥികൾക്ക് ഏറ്റവും സഹായകമായ ഈ സംരംഭത്തിന് നേതൃത്വം നൽകിയ ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രം മേധാവിക്കും ജീവനക്കാർക്കും അഭിനന്ദനങ്ങൾ, ജില്ലയുടെ സമ്പൂർണ്ണമായ വിദ്യാഭ്യാസ പുരോഗതിക്കായി നമുക്കൊന്നായി മുന്നേറാം.

ആശംസകളോടെ,

എം. മുഹമ്മദ് ബഷീർ

# വയനാട് ജില്ലാ പഞ്ചായത്ത് കാര്യാലയം

**സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത് പി. ഒ., പിൻ – 673 122**

'ISO 9001-2015 അംഗീകൃതം'

E-mail : dpwynd@gmail.com

ഫോൺ : ഓഫീസ് : 04936 – 202490
: 04936 – 202390
മൊബൈൽ : 9567 831 885

**സംഷാദ് മരക്കാർ**
പ്രസിഡണ്ട്

ചോലക്കൽ വീട്
വരദൂർ (പി.ഒ.)


തിയ്യതി : 22-01-2021

## ആശംസ



സമ്പന്നമായ കാർഷിക സംസ്കൃതിയുടെ നാടായ വയനാട് വിദ്യാഭ്യാസ രംഗത്തും ബഹുദൂരം മുന്നേറിയിരിക്കുന്നു. ജില്ലാ പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്ന് ഗണ്യമായ ഭാഗം വിദ്യാഭ്യാസ മേഖലയിൽ ചെലവഴിച്ചുകൊണ്ട് എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി, വി.എച്ച്.എസ്.ഇ. മേഖലയിൽ സവിശേഷമായ പ്രവർത്തനങ്ങൾ വയനാട് ജില്ലാ പഞ്ചായത്തും വിദ്യാഭ്യാസ വകുപ്പും നടത്തിവരുന്നു. ത്യാഗ സന്നദ്ധതയോടെ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തിവരുന്ന അധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ ഏകോപനവും ജില്ലയുടെ വികസന കുതിപ്പിന് ചാലക ശക്തികളായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളോട് ചേർന്ന് പ്രവർത്തിക്കുന്നു. ഇതിന്റെ ഫലമായി കോവിഡ് കാലത്തെ പത്താം ക്ലാസ് പരീക്ഷയിൽ ഒട്ടനവധി ഗുണാത്മക മാറ്റങ്ങൾ കൈവരുമെന്ന് പ്രതീക്ഷിക്കുന്നു. വയനാട് ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രം (ഡയറ്റ്) തയ്യാറാക്കി, ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രിന്റ് ചെയ്ത് കുട്ടികളിൽ എത്തിക്കുന്ന പഠനപരിപോഷണ പരിപാടിയായ 'എക്സലൻസ് 2021' പുതിയ ഉണർവിനും ഉയർച്ചക്കും കാരണമാകട്ടെ. ഈ വർഷം പരീക്ഷ എഴുതുന്ന പത്താം തരത്തിലെ എല്ലാ വിദ്യാർത്ഥികൾക്കും ഉന്നത വിജയം ആശംസിക്കുന്നു.

സ്നേഹപൂർവ്വം

സംഷാദ് മരക്കാർ
പ്രസിഡണ്ട്
വയനാട് ജില്ലാ പഞ്ചായത്ത്

## ആശംസകൾ......

നീണ്ട ഇടവേളയ്ക്കുശേഷം ഈ കോവിഡ് കാലഘട്ടത്തിൽ പൊതുപരീക്ഷയെഴുതാൻ തയ്യാറെടുക്കുന്ന പത്താംതരം കുട്ടികൾക്ക് കൈത്താങ്ങായി ഒരു പഠനപ്രവർത്തന സഹായി ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ വയനാട് ഡയറ്റ് തയ്യാറാക്കിയിരിക്കുകയാണ്. എല്ലാ പ്രതിസന്ധിഘട്ടങ്ങളേയും മനക്കരുത്തോടെ തരണം ചെയ്യാൻ പഠിച്ച നമ്മുടെ കുഞ്ഞുങ്ങൾ ഈ പൊതു പരീക്ഷയും ആത്മവിശ്വാസത്തോടെ പഠിച്ച് എഴുതി വിജയിക്കേണ്ടതുണ്ട്. ഇനിയുള്ള ദിവസങ്ങളിൽ ഈ കൈപ്പുസ്തകം കൃത്യമായി പ്രയോജനപ്പെടുത്തുവാൻ എല്ലാ കുട്ടികളും ശ്രദ്ധിക്കണം. വിദ്യാഭ്യാസ മേഖലയിൽ വയനാട് ജില്ലാ പഞ്ചായത്ത് കാണിക്കുന്ന കരുതലും പിന്തുണയും ഏറെ ശ്രദ്ധേയവും അഭിനന്ദനാർഹവുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അധ്യാപകരുടെയും രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും കൂട്ടായ്മയിൽ വിദ്യാഭ്യാസ മേഖലയിൽ മികച്ച നേട്ടം കൈവരിക്കാൻ കഴിയുമാറാക്കട്ടെ എന്ന് ആശംസിക്കുന്നു.

**ലീല കെ.വി.**
വിദ്യാഭ്യാസ ഉപഡയറക്ടർ, വയനാട്

---

കാലത്തിനൊപ്പം, കാലത്തിന് മുന്നെ മുന്നേറാൻ വയനാട് ജില്ലയിലെ എസ്.എസ്.എൽ.സി. വിദ്യാർത്ഥികളെ പ്രാപ്തരാക്കാൻ വയനാട് ജില്ലാ ഡയറ്റിന്റെ ഉദ്യമമായ 'എക്സലൻസ് പഠന പരിപോഷണ' പരിപാടിക്ക് ആശംസകൾ നേരുന്നു.

**എം. അബ്ദുൽ അസീസ്**
ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ
എസ്.എസ്.കെ. വയനാട്

---

പൊതുപരീക്ഷയെഴുതുന്ന ജില്ലയിലെ 10ാം ക്ലാസ്സ് വിദ്യാർത്ഥികൾക്കായി വയനാട് ഡയറ്റ് നേതൃത്വത്തിൽ 'എക്സലൻസ് പഠന പോഷണ പരിപാടി' യുടെ ഭാഗഭായി പഠന സഹായി തയ്യാറാക്കി നൽകുന്നത് വളരെ പ്രയോജനപ്രദമാകും. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഓൺലൈൻ പഠനപിന്തുണ വേണ്ടത്ര ലഭ്യമാകാത്ത നമ്മുടെ ജില്ലയിലെ പാർശ്വവൽകൃത വിഭാഗങ്ങളിലെ കുട്ടികൾക്കും അവരെ പരീക്ഷക്കൊരുക്കുന്ന അധ്യാപകർക്കും ഇത് ഏറെ സഹായകമാകും. പരിചയസമ്പന്നരായ അധ്യാപകരുടെ നേതൃത്വത്തിൽ തയ്യാറാക്കിയ ലളിതമായ ഈ പഠനസഹായി പൊതു പാഠപുസ്തകത്തിനും പഠന സാമഗ്രികൾക്കുമപ്പുറം എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും മികച്ച വിജയം നേടുവാൻ കൈത്താങ്ങാകട്ടെ.

ഈ സദുദ്യമത്തിന് ആശംസകൾ

**വിൽസൺ തോമസ്**
പൊതുവിദ്യാഭ്യാസ വിദ്യാഭ്യാസ സംരക്ഷണ
യജ്ഞം കോഡിനേറ്റർ-വയനാട് ജില്ല.

---

കോവിഡിന്റെ പശ്ചാത്തലത്തിൽ പരീക്ഷക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് ആത്മവിശ്വാസ ത്തോടെ പരീക്ഷയെ നേരിടാൻ ഈ പഠനസഹായി തീർച്ചയായും ഉപകരിക്കും. വിദ്യാർത്ഥികൾക്ക് എല്ലാ ആശംസകളും കുടെ ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാ അധ്യാപകസുഹൃത്തുക്കൾക്കും അഭിനന്ദനങ്ങൾ.

**ഉഷാദേവി എം.കെ.**
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വയനാട്

# യൂണിറ്റ് - 1

# കാലാതീതം കാവ്യവിസ്മയം

മഹത്തായ സൃഷ്ടികൾ കാലത്തേയും ദേശത്തേയും അതിജീവിക്കും. വർഷങ്ങൾക്കു മുൻപ് രചിക്കപ്പെട്ട കൃതികൾ ഇന്നും വായിക്കപ്പെടുന്നതും പഴയകാല ചിത്രങ്ങളും, ശില്പങ്ങളുമെല്ലാം ഇപ്പോഴും ആസ്വദിക്കപ്പെടുന്നതും ഇതിന് തെളിവാണ് . ലോക നന്മയെ ലക്ഷ്യം വെച്ച് ആവിഷ്ക്കരിക്കപ്പെടുന്ന ഇത്തരം കൃതികൾ ലോകമെമ്പാടും ചർച്ച ചെയ്യപ്പെടുകയും ജാതിമതവർഗ ചിന്തകൾക്ക് അതീതമായി നിലകൊള്ളുകയും ചെയ്യുന്നു. കാളിദാസൻ, എഴുത്തച്ഛൻ,വിക്ടർ ഹ്യൂഗോ, കുഞ്ചൻ നമ്പ്യാർ, ഷേക്സ്പിയർ ഇവരുടെ ഒക്കെ കൃതികൾ കാലദേശാതീതമായ കാവ്യ വിസ്മയങ്ങളാണ്. കാലദേശാദി പരിമിതികളെ മറികടന്ന് മാനവസംസ്കാരത്തിന്റെ ഏകസ്വരങ്ങളായി അവ മാറുന്നു.

കവികൾക്ക് ലോകമെമ്പാടും
ഒരു ഭാഷയേയുള്ളു
ഇലകൾക്കും തത്തകൾക്കും
ഗൗളികൾക്കുമെന്ന പോലെ

- സച്ചിദാനന്ദൻ

ഇലകളുടെ മർമ്മരം, തത്തകളുടെ കൊഞ്ചൽ ഗൗളിയുടെ ചിലയ്ക്കൽ എന്നിവയ്ക്ക് ലോകത്തിലെല്ലാ യിടത്തും സമാനതകളുണ്ട് .അതു പോലെ ലോകത്തെമ്പാടുമുള്ള കവികൾ വികാരാവിഷ്ക്കരണത്തിന് സമാനമായ ഭാഷയാണുപയോഗിക്കുന്നത് . ലിപിയുടെ വ്യത്യാസമല്ല മറിച്ച് ലോകത്തുള്ള എല്ലാ കവികളുടെയും വികാരാവിഷ്ക്കാരത്തിന് സാർവലൗകികത്വമുണ്ട്. അവർ ആവിഷ്ക്കരിക്കുന്ന ഭാവം, വികാരം, ആശയം ഇവയെല്ലാം ലോകത്തിലെല്ലായിടത്തും ഒരുപോലെയാണ് .

## എഴുത്തച്ഛൻ

ക്രിസ്തുവർഷം 16-ാം നൂറ്റാണ്ടിലാണ് എഴുത്തച്ഛൻ ജീവിച്ചിരുന്നത് എന്ന് കരുതപ്പെടുന്നു. മലപ്പുറം ജില്ലയിലെ തിരൂരിനടുത്തുള്ള തൃക്കണ്ടിയൂരിലാണ് ജനനം. ആധുനിക മലയാള ഭാഷയുടെ പിതാവ് എന്നറിയപ്പെടുന്നു.കിളിപ്പാട്ട് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവും ഭക്തി പ്രസ്ഥാനത്തിന്റെ പ്രയോക്താവുമാണ്. മലയാള ഭാഷയ്ക്കും സാഹിത്യത്തിനും തനതായ വ്യക്തിത്വം ഉണ്ടാക്കി കൊടുത്ത കവിയാണ്. അദ്ദേഹത്തിന്റെ കൃതികളിൽ ഭക്തി, വേദാന്തചിന്ത. സാമൂഹികബോധം എന്നിവ വേർതിരിക്കാനാവാത്ത രീതിയിൽ ബന്ധപ്പെട്ടിരിക്കുന്നു. സമൂഹത്തെ കീഴടക്കിയിരിക്കുന്ന ധർമച്യുതിയുടെ വേരറുക്കാനുള്ള മനുഷ്യ സ്നേഹപരമായ കർത്തവ്യബോധം ഉള്ളതിനാൽ എക്കാലത്തും അദ്ദേഹത്തിന്റെ കൃതികൾ പ്രസക്തമാണ് . അധ്യാത്മരാമായണം കിളിപ്പാട്ട് , മഹാഭാരതം കിളിപ്പാട്ട് എന്നിവയാണ് പ്രധാന കൃതികൾ

## കിളിപ്പാട്ട്

മലയാളത്തിലെ ഏറ്റവുംശ്രേഷ്ഠമായ പ്രസ്ഥാനങ്ങളിലൊന്നാണ് കിളിപ്പാട്ട് '. എഴുത്തച്ഛനാണ് ഈ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് . കിളിയെക്കൊണ്ട് പാടിക്കുന്നതായി സങ്കൽപ്പിക്കുന്നതിനാൽ കിളിപ്പാട്ടെന്ന പേരുണ്ടായി. കവി കഥനേരിട്ട് പറയാതെ കിളിയെക്കൊണ്ട് പാടിച്ചത് എന്തിനാണെന്നതിനെക്കുറിച്ച് വിവിധാഭിപ്രായങ്ങളുണ്ട്.

- കവിക്ക് അറം പറ്റാതിരിക്കാൻ.
- പുരാണ കാഥികനായ ശുകമഹർഷിയെ അനുസ്മരിപ്പിച്ചു ശുകത്തെക്കൊണ്ട് കഥ പറയിച്ചു .

- ശൂദ്രന് വേദാന്ത വിഷയങ്ങൾ ഉപദേശിക്കാൻ അർഹത ഇല്ലാത്തതിനാൽ കവി കിളിയുടെ സഹായം തേടി.
- സരസ്വതിദേവിയുടെ കൈയിലിരിക്കുന്ന കിളിയെ അനുസ്മരിച്ച് കിളിയെക്കൊണ്ട് പറയിച്ചു.
- പൈങ്കിളിക്കണ്ണി, പരാപരക്കണ്ണി തുടങ്ങിയ വൃത്തങ്ങളെ അനുകരിച്ചാണ് കിളിയെ കൊണ്ട് പറയിച്ചത്.

## 1. ലക്ഷ്മണസാന്ത്വനം

**എഴുത്തച്ഛൻ**

മലയാളഭാഷയുടെ പിതാവ് എന്നറിയപ്പെടുന്ന എഴുത്തച്ഛൻ കിളിപ്പാട്ട് രീതിയിൽ എഴുതിയ കൃതിയാണ് അദ്ധ്യാത്മ രാമായണം കിളിപ്പാട്ട് . അദ്ധ്യാത്മരാമായണം കിളിപ്പാട്ടിൽ നിന്നെടുത്ത അയോദ്ധ്യാകാണ്ഡത്തിലെ ഭാഗമാണ് ലക്ഷ്മണസാന്ത്വനം.

കൈകേയിയുടെ ഇടപെടൽ നിമിത്തം ദശരഥമഹാരാജാവിന് ശ്രീരാമനെ യുവരാജാവാക്കാൻ കഴിയുന്നില്ല. മാത്രമല്ല രാമന് 14 വർഷം വനവാസത്തിനു പോകേണ്ടിയും വരുന്നു. ശ്രീരാമപട്ടാഭിഷേകം മുടങ്ങിയതറിഞ്ഞ ലക്ഷ്മണൻ കൊടുങ്കാറ്റിന് തീ പിടിച്ചതുപോലെ കോപാകുലനായി തീരുന്നു. ഈ അവസരത്തിൽ ലക്ഷ്മണനെ ശ്രീരാമൻ സാന്ത്വനിപ്പിക്കുന്നതാണ് പാഠസന്ദർഭം.

### പാഠസംഗ്രഹം

ശാന്തനായി, സ്നേഹ വാത്സല്യത്തോടെ, സമചിത്തതയോടെ സുഖഭോഗങ്ങളുടെ നിരർത്ഥകതയേയും മനുഷ്യരുടെ വിവേകശൂന്യതയേയും, കോപം കൊണ്ടുണ്ടാകുന്ന ആപത്തുകളെയും പറ്റി ശ്രീരാമൻ ലക്ഷ്മണനോട് പറയുന്നു . ശ്രീരാമൻ ലക്ഷ്മണനെ സംബോധന ചെയ്തത് – വത്സ, സൗമിത്രേ, കുമാരാ എന്നിങ്ങനെയാണ്. സ്നേഹപൂർവ്വമായ ഈ സംബോധനയിൽ, പ്രകോപിതനായി നിൽക്കുന്ന ആളെ ശാന്തനാക്കാനുള്ള തന്ത്രപരമായ സമീപനവും ഒപ്പം ശ്രീരാമന്റെ വിനയവും കാണാം.

തുടർന്ന് ലക്ഷ്മണനെക്കുറിച്ച് മതിപ്പോടെ ശ്രീരാമൻ സംസാരിക്കുന്നു. തന്നോടുള്ള സ്നേഹക്കൂടുതലാണ് ലക്ഷ്മണനെ കുപിതനാക്കുന്നതെന്നറിഞ്ഞ ശ്രീരാമൻ രാജ്യം, ദേഹം, ലോകം, ധനധാന്യങ്ങൾ എന്നിവ അനിത്യമാണെന്ന് സമർഥിക്കുന്നു. ഭോഗങ്ങൾ ക്ഷണപ്രഭ പോലെ ക്ഷണികമാണ് , ആയുസ്സും. ചുട്ടുപഴുത്ത ലോഹത്തിൽ ഒരു തുള്ളി ജലം വീഴുമ്പോൾ എന്തു സംഭവിക്കുമോ അതുപോലെ ക്ഷണഭംഗുരമാണ് മർത്യജന്മവും. പാമ്പിന്റെ വായിലകപ്പെട്ട തവള ആഹാരത്തിന് ശ്രമിക്കുന്നതുപോലെ കാലമാകുന്ന സർപ്പത്താൽ വിഴുങ്ങപ്പെട്ട മനുഷ്യർ ചഞ്ചലമനസ്കരായി ലൗകിക സുഖങ്ങൾ തേടുകയാണ്. പുത്രൻ, മിത്രം, അർഥം, കളത്രം തുടങ്ങിയവയോടൊപ്പമുള്ള കുടുംബജീവിതം അൽപ്പകാലത്തേക്ക് മാത്രമേയുള്ളു. സത്രത്തിൽ ഒരു രാത്രി കഴിഞ്ഞുകൂടി പിരിഞ്ഞു പോകുന്നതു പോലെയും, നദിയിലൂടെ ഒഴുകി വരുന്ന പൊങ്ങുതടികൾ പോലെയും അസ്ഥിരമാണ് മനുഷ്യജീവിതം. ധനം, ഐശ്വര്യം, യൗവനം ഇവയൊന്നും ശാശ്വതമല്ല. അത് നശിച്ചുപോവാനുള്ളതാണ്. സ്വപ്നം കണ്ടു തീരുന്ന വേഗത്തിൽ കുടുംബ ജീവിതം അവസാനിക്കുന്നു.

ദേഹം നിമിത്തമാണ് അഹംഭാവമുണ്ടാകുന്നത്. ഈ ചിന്തയാണ് ഞാൻ ബ്രാഹ്മണനാണ്, ഞാൻ രാജാവാണ്, ഞാൻ ശ്രേഷ്ഠനാണ് എന്നൊക്കെ ആവർത്തിച്ചു പറയിപ്പിക്കുന്നത്. ഈ ദേഹം ജന്തുക്കൾ ഭക്ഷിച്ച് വിസർജ്ജിച്ചേക്കാം. തീയിൽ വെന്ത് ചാമ്പലായിത്തീരാം മണ്ണിന്റെയടിയിൽ ചീഞ്ഞ് കീടങ്ങളാകാം. അതിനാൽ ദേഹത്തെ അടിസ്ഥാനമാക്കിയുള്ള അതിമോഹം ഒരിക്കലും നല്ലതല്ല. ത്വക്ക് , മാംസം രക്തം, അസ്ഥി, മലം, മൂത്രം, ശുക്ലം എന്നിവയെല്ലാം സമ്മേളിക്കുന്ന ഒരിടം മാത്രമാണ്ശരീരം. ഭൂമി, ജലം, അഗ്നി, വായു, ആകാശം എന്നീ പഞ്ചഭൂതങ്ങളാൽ നിർമ്മിച്ച ആ ശരീരം കൊണ്ട് ഒന്നും നേടുന്നില്ല. ശരീരം പരിണാമിയും അസ്ഥിരവുമാണ്. ദേഹാഹങ്കാരം കൊണ്ട് ലോകം നശിപ്പിക്കാം എന്ന വിചാരം അറിവില്ലായ്മയാണ് . ദേഹമാണ് താൻ എന്ന ചിന്ത മോഹത്തെ ജനിപ്പിക്കുന്ന അവിദ്യയാണ്. മോഹത്തെ ഇല്ലാതാക്കുന്നത് വിദ്യയും. അതിനാൽ

മോക്ഷാർഥി ഏകാന്തമാനസനായി വിദ്യ അഭ്യസിക്കേണ്ടതാണ് . അവിടെ കാമക്രോധമോഹാദികൾ ശത്രുക്കളാണ്. ക്രോധമാണ് ധർമ്മത്തെ ഇല്ലാതാക്കുന്നത്. ക്രോധം കൊണ്ടാണ് അച്ഛൻ, അമ്മ ,സഹോദരൻ , കൂട്ടുകാരൻ , പത്നി എന്നിവരെയെല്ലാം വധിക്കാൻ ശ്രമിക്കുന്നത്. ക്രോധം മനസ്താപമുണ്ടാക്കും. അതു കൊണ്ട് അറിവുള്ളവർ ക്രോധം ഉപേക്ഷിക്കണം.

| | | |
|---|---|---|
| വഹ്നി | - | തീ |
| സന്തപ്തം | - | ചൂടാക്കിയ |
| സന്നിഭം | - | തുല്യം |
| ഭംഗുരം | - | നശിക്കുന്നത് |
| കാലാഹി | - | കാലമാകുന്ന അഹി, അഹി = പാമ്പ് |
| ചക്ഷുഃ ശ്രവണൻ | - | പാമ്പ് |
| പാന്ഥർ | - | വഴിയാത്രക്കാർ |
| ഷഡ്വൈരികൾ | - | കാമം, ക്രോധം, ലോഭം, മോഹം, മദം, മാത്സര്യം |

**മാതൃകപോലെ എഴുതുക**

| | |
|---|---|
| എന്നെ + കുറിച്ചുള്ള | = എന്നെക്കുറിച്ചുള്ള |
| ഭോഗം +കൾ | = |
| ജന്തു +കൾ | = |
| നന്ന് + അല്ല | = |

**ഉത്തരം**

| |
|---|
| ഭോഗങ്ങൾ |
| ജന്തുക്കൾ |
| നന്നല്ല . |

**മാതൃകപോലെ എഴുതുക**

| | | |
|---|---|---|
| വാത്സല്യപൂരം | - | വാത്സല്യത്തിന്റെ പൂരം |
| രാജ്യദേഹാദി | - | |
| ക്ഷണപ്രഭാചഞ്ചലം | - | |
| മർത്ത്യജന്മം | - | |
| ആലയസംഗമം | - | |
| സ്വപ്നസമാനം | - | |
| പഞ്ചഭൂതകനിർമ്മിതം | - | |

| | |
|---|---|
| ദേഹാഭിമാനം | – |
| കാമക്രോധലോഭമോഹങ്ങൾ | – |
| മാതാപിതൃഭ്രാതൃമിത്ര സഖികൾ | – |
| ധർമ്മക്ഷയകരം | – |
| കാലാഹി | – |

**ഉത്തരം**

-വാത്സല്യത്തിന്റെ പൂരം
-രാജ്യം, ദേഹം, ആദിയായവ
- ക്ഷണപ്രഭ പോലെ ചഞ്ചലം
- മർത്ത്യന്റ ജന്മം
- ആലയത്തിലെ സംഗമം
- സ്വപ്നത്തിന് സമാനം
- പഞ്ചഭൂതത്താൽ നിർമ്മിതം
- ദേഹത്താലുള്ള അഭിമാനം
- കാമവും ക്രോധവും ലോഭവും മോഹവും
- മാതാവ്,പിതാവ്, ഭ്രാതാവ്, മിത്രം, സഖി
- ധർമ്മത്തിന് ക്ഷയകരം
- കാലമാകുന്ന അഹി

## വിശകലന ചോദ്യങ്ങൾ

■ ശ്രീരാമൻ ലക്ഷ്മണനെ അഭിസംബോധന ചെയ്തത് എങ്ങനെ?
 ❖ വത്സാ, സൗമിത്രേ, കുമാരാ
■ ശ്രീരാമൻ ലക്ഷ്മണനെ അഭിസംബോധന ചെയ്യുന്നതിൽ സ്ഫുരിക്കുന്ന ഭാവമെന്ത് ?
 ❖ വാത്സല്യം
■ ശ്രീരാമൻ ലക്ഷ്മണനെ സംബോധന ചെയ്തിരിക്കുന്നതിന്റെ പ്രത്യേകതയെന്ത് ?
 ❖ വാത്സല്യം, സുമിത്രയെ(അമ്മയെ)ഓർമ്മപ്പെടുത്തൽ,കൗമാരക്കാരനാണെന്ന ഓർമ്മപ്പെടുത്തൽ
 ❖ മൃദുവായ ഭാഷയിൽ സ്നേഹപൂർവം സംബോധന ചെയ്യുന്നു.
 ❖ കോപിച്ചു നിൽക്കുന്ന ആളെ ശാന്തനാക്കാനുള്ള മനശാസ്ത്ര സമീപനം
 ❖ സംബോധനയിലെ മിതത്വം
 ❖ ശ്രീരാമന്റെ വിനയം
■ ഭോഗങ്ങളെ എന്തിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത് ?

- ❖ ക്ഷണപ്രഭയോട്

■ ഭോഗങ്ങളെ ക്ഷണപ്രഭയോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നതിന്റെ ഔചിത്യമെന്ത് ?

- ❖ ക്ഷണികമാണ് .( ചഞ്ചലമാണ് )
- ❖ ആകർഷകമാണ്
- ❖ അപകടകരമാണ്

■ മനുഷ്യജന്മത്തിന്റെ ക്ഷണഭംഗുരതയെ കവി എന്തിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത് ?

- ❖ വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദുവിനോട്

■ ലൗകിക സുഖങ്ങൾ തേടുന്നവരെ എന്തിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത് ?

- ❖ പാമ്പിന്റെ വായിലകപ്പെട്ട തവള ഭക്ഷണം തേടുന്നതുപോലെ

■ എത്രയുമൽപ്പകാല സ്ഥിതം എന്ന് വിശേഷിപ്പിച്ചത് എന്തിനെ?

- ❖ പുത്രമിത്രാർഥകളത്രാദിസംഗമം

■ സ്വപ്നസമാനമായി എഴുത്തച്ഛൻ പറയുന്നതെന്ത് ?

- ❖ കളത്രസുഖം

■ ദേഹം നിമിത്തം അഹംബുദ്ധി കൈകൊണ്ട് ജന്തുക്കൾ നിരൂപിക്കുന്നതെന്ത്?

- ❖ ബ്രാഹ്മണനാണ് , നരേന്ദ്രനാണ്, ആഢ്യനാണ് .

■ മോഹമാതാവും സംസാരകാരിണിയും എന്താണ്?

- ❖ അവിദ്യ

■ മോക്ഷാർഥിയാകാൻ എന്ത് ചെയ്യണം?

- ❖ ഏകാന്തമായ മനസ്സോടെ വിദ്യാഭ്യാസം ചെയ്യണം

■ മുക്തിക്കു വിഘ്നം വരുത്തുവാൻ ഏറ്റവും ശക്തിയുള്ളതേത്

- ❖ ക്രോധം

***വരികളിലെ സാദൃശ്യ കൽപ്പനയുടെ ഭംഗി. വ്യക്തമാക്കുക.***

“വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദുനാ
സന്നിഭം മർത്ത്യ ജന്മം ക്ഷണഭംഗുരം –”

- ❍ തീയിൽ ചുട്ടുപഴുത്ത ലോഹത്തിനു മുകളിൽ വീഴുന്ന ജലകണിക എപ്രകാരമാണോ പെട്ടെന്ന് ഇല്ലാതാകുന്നത് അതുപോലെയാണ് മനുഷ്യ ജന്മവും.
- ❍ ലളിതമായ ഉപമയിലൂടെ മനുഷ്യ ജൻമത്തിന്റെ നശ്വരത ബോധ്യപ്പെടുത്തുന്നു.
- ❍ സമസ്തപദങ്ങളാക്കിയുള്ള പദങ്ങളുടെ ഉപയോഗം വരികൾക്ക് മനോഹാരിത വർദ്ധിപ്പിക്കുന്നു.

“ജന്തുക്കൾ ഭക്ഷിച്ചു കാഷ്ഠിച്ചു പോകിലാം
വെന്തു വെണ്ണീറായ് ചമഞ്ഞു പോയീടിലാം ” – വരികളിലെ ഭാഷാപരമായ പ്രത്യേകതകൾ എന്തെല്ലാം ?

- രണ്ട് വരികളിലേയും രണ്ടാമത്തെയക്ഷരം ആവർത്തിച്ചു വരുന്നതിനാൽ ദ്വിതിയാക്ഷരപ്രാസവും

  അവസാനത്തിൽ വരുന്ന അക്ഷരങ്ങൾ രണ്ട് വരികളിലേയും ഒരു പോലെയായതിനാൽ അന്ത്യാക്ഷര പ്രാസവുമുണ്ട്.

**എഴുത്തച്ഛന്റെ ഭാഷാശൈലി**

ഭാഷാ ഗൗരവത്തിനു വേണ്ടി ദീർഘമായ സമസ്തപദങ്ങൾ ഉപയോഗിക്കുന്നു.

പാഠഭാഗത്തിലെ ചില ഉദാഹരണങ്ങൾ

- ചക്ഷുഃശ്രവണഗളസ്ഥമാം ദർദൂരം
- പുത്രമിത്രാർഥകളത്രാദിസംഗമം
- ത്വങ്മാംസരക്താസ്ഥിവിൺമൂത്രരേതസ്
- കാമക്രോധലോഭമോഹാദികൾ

വിഭക്തിപ്രത്യയങ്ങളോടുകൂടിയ സംസ്കൃതപദങ്ങൾ ഉപയോഗിക്കുന്നു .

- ബിന്ദുനാ
- കാലാഹിനാ
- ദേഹാഭിമാനിനാം
- ബ്രാഹ്മണോഹം
- രേതസാം

ശ്രോതാവിനെ സംബോധന ചെയ്യുന്ന ക്രിയാപദങ്ങൾ ആവർത്തിക്കുന്നു.-നീ കേൾക്കണം

- കേൾക്ക നീ
- ഓർക്ക നീ.
- അറികെടൊ.

- ഗഹനമായ ആശയത്തെ വായനക്കാരിലെത്തിക്കാൻ ജീവിത പരിസരങ്ങളിൽനിന്നുമുള്ള ലളിതമായ ഉദാഹരണങ്ങൾ സ്വീകരിച്ചു.

- ക്രോധം വരുത്തി വയ്ക്കുന്ന വിനകൾ ' - ലക്ഷ്മണ സാന്ത്വനത്തിൽ എഴുത്തച്ഛൻ മുന്നോട്ടു വയ്ക്കുന്ന ആശയങ്ങൾ പരിഗണിച്ച് മുഖപ്രസംഗം തയാറാക്കുക ?

***സൂചനകൾ***

-ക്രോധം വിവേകമില്ലാതാക്കുന്നു.

- ധർമ്മക്ഷയം വരുത്തുന്നു

- മുക്തിക്ക് വിഘ്നം വരുത്തുന്നു'

- ബന്ധുക്കളെ പോലും വധിക്കുന്നു

- മനസ്താപം ഉണ്ടാക്കുന്നു.

‘ശ്രീരാമൻ ലക്ഷ്മണന് നൽകുന്ന ഉപദേശം എഴുത്തച്ഛൻ സമൂഹത്തിന് നൽകുന്ന ഉപദേശം കൂടിയാണ്’ – ഉപന്യാസം തയാറാക്കുക?

***സൂചകങ്ങൾ***

- ദൃശ്യമായുള്ളതൊന്നും സ്ഥിരമല്ല
-ഭോഗങ്ങളെല്ലാം ക്ഷണപ്രഭയ്ക്ക് തുല്യമാണ്
- മനുഷ്യജന്മം ക്ഷണഭംഗുരമാണ്
- കുടുംബത്തിലെ ഒത്തുചേരൽ ചഞ്ചലമാണ്
- ജീവിതം സ്വപ്നതുല്യമാണ്
- ഐശ്വര്യവും യൗവനവും അസ്ഥിരമാണ്
- ദേഹം നിമിത്തമുള്ള മഹാമോഹം നന്നല്ല
- അവിദ്യയാണ് മോഹമാതാവും സംസാര കാരിണിയും
- ശത്രുക്കളിൽ ഏറ്റവും വലുത് ക്രോധമാണ്
- അറിവുള്ളവർ ക്രോധമുപേക്ഷിക്കണം

# 2. ഋതുയോഗം

(എ.ആർ. രാജരാജവർമ്മ)

**മലയാള ശാകുന്തളം (ഏഴാം അങ്കം)**

വിശ്വമഹാകവി, ഇന്ത്യൻ ഷേക്സ്പിയർ എന്നിങ്ങനെ അറിയപ്പെടുന്ന അതുല്യനായ സാഹിത്യകാരനാണ് കാളിദാസൻ. കാളിദാന്റെ കാലഘട്ടം കൃത്യമായി നിർണ്ണയിക്കപ്പെട്ടിട്ടില്ല. വിക്രമാദിത്യ സദസ്സിലെ നവരത്നങ്ങളിൽ ഒരാളാണ് കാളിദാസൻ.

**പ്രധാന കൃതികൾ**

- കുമാര സംഭവം
- മേഘസന്ദേശം
- അഭിജ്ഞാന ശാകുന്തളം
- രഘുവംശം
- മാളവികാഗ്നിമിത്രം
- വിക്രമോർവശീയം
- ഋതുസംഹാരം

മഹാഭാരത്തിലെ ശാകുന്തളോപാഖ്യാനം അടിസ്ഥാനമാക്കിയാണ് അഭിജ്ഞാന ശാകുന്തളം എന്ന നാടകം രചിച്ചിട്ടുള്ളത്. മലയാളശാകുന്തളം രചിച്ച എ.ആർ. രാജരാജ വർമ്മ 'കേരള പാണിനി' എന്നറിയപ്പെടുന്നു. കേരള പാണിനീയം, ഭാഷാഭൂഷണം, വൃത്തമഞ്ജരി, സാഹിത്യസാഹ്യം തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രധാനകൃതികൾ. മലയാളശാകുന്തളം എന്ന കൃതി അഭിജ്ഞാനശാകുന്തളത്തിന്റെ മലയാള വിവർത്തനമാണ്. ഇതിലെ ഒരു ഭാഗമാണ് ഋതുയോഗം.

ഹസ്തിനപുരിയിലെ രാജാവായ ദുഷ്ഷന്തൻ കണ്വമഹർഷിയുടെ വളർത്തുമകൾ ആയ ശകുന്തളയുമായി പ്രണയത്തിലാവുകയും ഗാന്ധർവ്വ വിധി പ്രകാരം വിവാഹം കഴിക്കുകയും ചെയ്യുന്നു. വിവാഹ ശേഷം കൊട്ടാരത്തിലേക്ക് തിരിച്ച ദുഷ്ഷന്തനെ കുറിച്ച് ചിന്തിച്ചിരുന്ന ശകുന്തള ക്ഷിപ്രകോപിയായ ദുർവാസാവിനെ ആദരിച്ചില്ല എന്ന കാരണത്താൽ ശപിക്കപ്പെടുന്നു. ശാപം മൂലം ദുഷ്ഷന്തൻ ശകുന്തളെ മറന്നുപോയി. അടയാളം കാണിച്ചാൽ രാജാവ് ഓർമ്മിക്കും എന്ന ശാപമോക്ഷവും ദുർവ്വാസാവ് നൽകുന്നുണ്ട്. ഗർഭിണിയായ ശകുന്തളയേ രാജകൊട്ടാരത്തിലേക്ക് യാത്രയാക്കുന്നു. അടയാള മോതിരം സൂക്ഷിക്കേണ്ടതിനെക്കുറിച്ച് സഖികൾ ശകുന്തളയെ ഓർമ്മപ്പെടുത്തുന്നുണ്ട്. കാരണം ദുർവാസാവിന്റെ ശാപം ശകുന്തള അറിഞ്ഞിട്ടില്ല. ജലസ്നാന സമയത്ത് മോതിരം നദിയിൽ നഷ്ടമാകുന്നു. അതിനാൽ കൊട്ടാരത്തിൽ വെച്ച് ശകുന്തളയെ ദുഷ്ഷന്തൻ തിരിച്ചറിയുന്നില്ല. തുടർന്ന് അമ്മയായ മേനക ശകുന്തളയെ സംരക്ഷിക്കുന്നു. പിന്നീട് മോതിരം ലഭിച്ച ദുഷ്ഷന്തൻ ശകുന്തളയെ ഓർമ്മിച്ചെടുക്കുന്നു.

**പാഠ സംഗ്രഹം**

യുദ്ധത്തിൽ ഇന്ദ്രനെ സഹായിച്ച് മടങ്ങി വരുന്ന ദുഷ്ഷന്തൻ കശ്യപാശ്രമത്തിൽ എത്തുന്നു. അവിടെ ദുഷ്ഷന്തൻ കാണുന്നത് മുലപ്പാല് കുടിച്ചുകൊണ്ടിരിക്കുന്ന സിംഹകുട്ടിയെ വലിച്ച് അതിന്റെ വായിലെ പല്ലെണ്ണുന്ന വികൃതിയായ ഒരു ബാലനെയാണ്. താപസിമാരുടെ സംസാരത്തിൽ നിന്നും കുട്ടിയുടെ കയ്യിലെ ചക്രവർത്തി ലക്ഷണത്തിൽ നിന്നും അവൻ മുനികുമാരൻ അല്ല എന്ന് രാജാവ് തിരിച്ചറിയുന്നു. കൂടാതെ കുട്ടിയോട് മകനോടെന്നപോലെ വാത്സല്യവും തോന്നുന്നു. അവന്റെ അമ്മ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവളാണെന്നും ബാലൻ പുരുവംശത്തിൽ പിന്നവൻ ആണെന്നും മനസിലാക്കുന്നു. മകന്റെ അടുത്തു വന്ന ശകുന്തളയെ ദുഷ്ഷന്തൻ തിരിച്ചറിയുന്നു. തുടർന്ന് ദുഷ്ഷന്തൻ ശകുന്തള, സർവ്വദമനൻ എന്നിവർ ഒന്നിക്കുന്നു. ദേവന്മാരുടെയും മുനിശ്രേഷ്ഠരുടേയും അനുഗ്രഹം വാങ്ങുന്നു. അങ്ങനെ ശുഭപര്യവസായി ആയാണ്

നാടകം അവസാനിക്കുന്നത്.

<u>**കഥാപത്രങ്ങൾ**</u>

| | | |
|---|---|---|
| ദുഷ്ഷന്തൻ | - | ഹസ്തിനപുരിയിലെ രാജാവ് |
| ശകുന്തള | - | കണ്വാശ്രമത്തിലെ വളർത്തുപുത്രി |
| വിശ്വാമിത്രനും മേനകയും | - | ശകുന്തളയുടെ മാതാപിതാക്കൾ |
| സർവ്വദമനൻ | - | ദുഷ്ഷന്തന്റേയും ശകുന്തളയുടെയും മകൻ |
| മാരീചൻ (കശ്യപൻ) | | |
| താപസികൾ | | |
| മാതലി | - | ദേവേന്ദ്രന്റെ സാരഥി |

- ജാതി സ്വഭാവം - ജാതിയുടെ സ്വഭാവം
- വംശ സ്വഭാവം - വംശത്തിന്റെ സ്വഭാവം

മുനികുമാരൻ അല്ല എന്ന സൂചനയാണ് ഇവിടെ ജാതി സ്വഭാവമായി സൂചിപ്പിക്കുന്നത്.

സർവ്വദമനൻ - എല്ലാത്തിനേയും അടക്കി നിർത്തുന്നവൻ

- ചാപല്യം കാണിക്കുന്നത് ആരാണ്?

    ബാലൻ

    കളികോപ്പിനായി താപസിയുടെ നേരെ ബാലൻ കൈനീട്ടിയപ്പോൾ അതുകണ്ട് രാജാവ് ചിന്തിക്കുന്നതിപ്രകാരമാണ്.

"കളിക്കോപ്പേല്ക്കാനായ് ...........

...........................................................

.............................................................

തണ്ടാർമലരുപോൽ"

കളികോപ്പു വാങ്ങുന്നതിനായി കൈനീട്ടുന്ന സർവദമനന്റെ കൈകളെ വിടർന്നു വരുന്ന താമരപ്പൂവിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു. വിരലുകൾ വിളക്കി ചേർത്തപോലെ എന്ന പ്രയോഗം, പ്രഭാതം, ആയതിനാൽ താമരപ്പൂവിന്റെ ഇതളുകൾ ചേർന്നു നിൽക്കുന്നതിനോട് സാമ്യമുള്ളതാണ് എന്ന സൂചന നൽകുന്നു.

മൃദുലത, ഭംഗി, ചെമപ്പ് നിറം എന്നിവ താമരപ്പൂവിനും കൈകൾക്കും യോജിക്കുന്നു.

ഉഷസ് അഥവാ പ്രഭാതം എന്നത് സർവദമനന്റെ ബാല്യത്തെക്കുറിച്ചുള്ള സൂചന നൽകന്നു.

കാളിദാസന്റെ ഉപമകളിൽ മനോഹരമായ ഒന്നാണ് ഈ ഭാഗം

- പല്ലിൻ മൊട്ടുകൾ ......................... ചെയ്തൊരു ധന്യം ജനം.

    മലയാള ശാകുന്തളത്തിൽ സർവ്വദമനനെകുറിച്ച് രാജാവ് പറയുന്നതാണ് ഈ ഭാഗം. കാരണം കൂടാതെ ചിരിക്കുന്ന കുട്ടിയുടെ, പല്ലുകളാകുന്ന പൂമൊട്ടുകൾ മനോഹരമായി കാണുന്നു. അവ്യക്തവും കേൾക്കാൻ ഇമ്പമുള്ളതുമായ വാക്കുകൾ അവൻ സന്തോഷത്തോടെ പറയുന്നു. മടിയിൽ ഇരുന്നു കളിക്കുമ്പോൾ അവന്റെ ശരീരത്തിലെ ചെളി അണിയുവാൻ കഴിയുന്നത് ആർക്കാണോ അവരുടെ ജന്മം ധന്യമാണ്. പല്ലിൻ മൊട്ടു

കൾ പൂമേനി തുടങ്ങിയ വാക്കുകൾ സന്ദർഭത്തിന് വളരെയധികം യോജിക്കുന്നു. സൂക്ഷ്മമായി വർണിച്ചിരിക്കുന്ന ഈ ഭാഗം വാക്കുകൊണ്ട് ചിത്രം വരച്ചപോലെ മനോഹരമാണ്.

പല്ലിൻമൊട്ട് – പല്ലാകുന്ന മൊട്ട്

- "തെറികാട്ടിആശ്രമവിരുദ്ധവൃത്തിനീ ............ ദോഷമുളവാക്കി വയ്ക്കൊലാ......"

ബാലന്റെ പിടിയിൽ നിന്ന് സിംഹകുട്ടിയെ മോചിപ്പിക്കുന്നതിനായി കുട്ടിയുടെ കയ്യിൽ രാജാവ് തൊട്ടപ്പോൾ രാജാവ് പറയുന്നതാണ് ഈ ഭാഗം.

ഈ കോമളബാലനെ താലോലിക്കാൻ ഭാഗ്യം ലഭിക്കുന്ന ജീവിതം ധന്യത നിറഞ്ഞതാകുമെന്ന് രാജാവ് ഓർക്കുമ്പോൾ രാജാവിന് ആ ബാലനോടുള്ള സ്നേഹം വ്യക്തമാകുന്നു. രാജാവ് ബാലനെ അവന്റെ പ്രവർത്തിയിൽ നിന്നും പിന്തിരിപ്പിക്കാൻ ശ്രമിക്കുന്നു. ആശ്രമവിരുദ്ധമായ പ്രവൃത്തി ചെയ്ത് വിശുദ്ധമായ നിന്റെ പിറവിക്ക് ദോഷമുണ്ടാക്കേണ്ട എന്ന് പറയുന്നു. ബാലന്റെ പ്രവൃത്തി ആശ്രമവൃത്തിക്ക് ചേരുന്നതല്ല എന്ന് കാണിക്കാൻ ചെറുപാമ്പ് ചന്ദനമരത്തിനെ എന്നതുപോലെ എന്ന് പറഞ്ഞിരിക്കുന്നു. ചന്ദനമരം എന്നത് ആശ്രമവും ചെറുപാമ്പ് എന്നത് ബാലന്റെ പ്രവർത്തിയായും താരതമ്യം ചെയ്തിരിക്കുന്നു. ബാലന്റെ സ്പർശസുഖം അനുഭവിച്ച ദുഷ്ഷന്തൻ.

- "ഗോത്രാദി ഒന്നുമറിയാതെ .............. ആശ്ചര്യ മാശ്ചര്യം

കുട്ടിയുടെ ശരീരത്തിൽ തൊടുമ്പോൾ രാജാവിന് പറഞ്ഞറിയിക്കാനാവാത്ത സന്തോഷം തോന്നുന്നു. തനിക്ക് ഇത്രമാത്രം മമതയും, ഓമനത്തവും തോന്നുന്നുവെങ്കിൽ പുത്രനാണെന്ന് വിചാരിച്ച അവനെ ആലിംഗനം ചെയ്യുന്ന ആൾ എത്ര സ്നേഹത്തോടെ ആവും കുട്ടിയെ കാണുക എന്ന് രാജാവ് വിചാരിക്കുന്നു. അയാൾ ഭാഗ്യവാനാണെന്ന് രാജാവ് കരുതുന്നു.

പൗരവന്മാർക്ക് ഇങ്ങനെ അന്ത്യമായ കുലവ്രതമുണ്ടല്ലോ? ഇങ്ങനെ പറയാനുള്ള കാരണം താഴെ കൊടുത്തിരിക്കുന്നു.

- "ധരണീ .......................... പത്നിയോടെ"

സർവ്വദമനനും, രാജാവിനും, ഒരേ ഛായയാണെന്ന താപസിയുടെ വാക്കുകൾക്ക് രാജാവ് മറുപടി പറയുന്നു. അതിന് കാരണം ഇരുവരും പുരുവംശത്തിൽ പിറന്നവരാണ് എന്നത് കൂടിയാണ്. പുരുവംശത്തിൽ പിറന്നവരുടെ കുലവ്രതത്തെക്കുറിച്ച് രാജാവ് വിശദമാക്കുന്നുണ്ട്. പുരുവംശത്തിൽ പിറന്നവർ രാജ്യം ഭരിക്കുമ്പോൾ മനോഹരമായ മാളികകളിൽ വസിക്കുന്നു. വാർദ്ധക്യത്തിൽ വനത്തിൽ വൃക്ഷചുവട്ടിൽ ശാന്തജീവിതം നയിക്കുന്നു. അപ്പോൾ എല്ലാ ജീവിത സുഖങ്ങളും അവർ ത്യജിക്കുന്നു. അങ്ങനെ വനവാസത്തിനെത്തിയ പുരുവംശത്തിലെ രാജാവിന്റെ പുത്രനാവാം ബാലൻ എന്നാണ് സൂചന.

**ചോദ്യങ്ങൾ**

വിഗ്രഹാർത്ഥം എഴുതുക

**?** കുലവ്രതം – കുലത്തിന്റെ വ്രതം

**?** പുരുവംശത്തിൽ പിറന്നവരുടെ കുലധർമ്മം എന്താണ്? കുറിപ്പ് തയ്യാറാക്കുക

കുട്ടിയോടുള്ള രാജാവിന്റെ വാത്സല്യം, ഇഷ്ടം എന്നിവ ഈ വരികളിൽ പ്രകടമാണ്. ബാലനും രാജാവും തമ്മിലുള്ള അദൃശ്യമായ ബന്ധം ഇവിടെ സൂചിപ്പിക്കുന്നു.

- "ഒന്നാം താപസി : സർവ്വദമന, ഇതാ ശകുന്തലാസ്യം നോക്കൂ"

ശകുന്തലാസ്യം – ശകുന്തത്തിന്റെ ലാസ്യം.

ബാലൻ : അമ്മ ഇവിടെ ഇല്ലല്ലോ

ഈ സംഭാഷണത്തിൽ നിന്ന് വ്യക്തമാക്കുന്നത് എന്ത്?

ശകുന്തള എന്ന പേര് അറിഞ്ഞോ അറിയാതെയോ കടന്ന് വരുന്നു. കുട്ടിക്ക് അമ്മയാണെന്ന് തോന്നൽ ഉണ്ടാകുന്നത് പോലെ രാജാവിന് ശകുന്തള ആണോ എന്ന് സംശയം ജനിപ്പിക്കാൻ സാധിക്കുന്നു ഈ പ്രസ്താവം.

■ കാനൽ ജലം പോലെ ഒടുവിൽ എനിക്ക് വിഷാദത്തിന് ഇടയാകാതെ ഇരുന്നാൽ കൊള്ളാമായിരുന്നു. അടിവരയിട്ട പ്രയോഗത്തിലെ സവിശേഷത വിശദമാക്കുക?

മരുഭൂമിയിലെ ദാഹിച്ചു വലയുന്ന ജീവികൾ കാനൽജലം (മരീചിക) കാണുമ്പോൾ ജലമാണെന്ന് ചിന്ത ഉണ്ടാകുന്നു. ദാഹജലം അതിയായി ആഗ്രഹിക്കുന്ന വ്യക്തി മരീചികജലം ആണെന്ന് കരുതുന്നു. പല പ്പോഴായി ആ ബാലൻ തന്റെ മകനാണോ എന്ന ചിന്ത വരുത്തിയെങ്കിലും അതെല്ലാം കാനൽജലം പോലെ തനിക്ക് ദുഃഖത്തിനു കാരണം ആകാതിരുന്നാൽ മതിയായിരുന്നു എന്ന് രാജാവ് ചിന്തിക്കുന്നു.

■ താപസിമാർ "അരുതേ, തൊടരുതേ, അല്ല! ഇദ്ദേഹം എടുത്തു കഴിഞ്ഞോ?

താപസിമാരുടെ ഈ വാക്കുകൾ കഥാ സന്ദർഭത്തിന് നൽകുന്ന നടകീയത കണ്ടെത്തുക. ?

ബാലന്റെ കൈയിൽ കെട്ടിച്ചിരുന്ന രക്ഷ കാണുന്നില്ലല്ലോ എന്ന് താപസി പറയുകയും താഴെ കിട ക്കുന്ന രക്ഷ എടുക്കാൻ രാജാവ് ശ്രമിക്കുകയും ചെയ്തപ്പോൾ അത് തൊടരുത് എന്ന് താപസി പറയുന്നു. കാരണം കുട്ടിയുടെ മാതാപിതാക്കളോ മാരീചഭഗവാനോ അല്ലാതെ മറ്റൊരാൾ ആ രക്ഷ തൊട്ടാൽ അത് സർപ്പമായി മാറുമെന്ന് പറയുന്നു. ഇത് രാജാവിന് ഏറെ സന്തോഷം നൽകുകയാണ്. അതുവരെ കുട്ടി തന്റെ മകൻ തന്നെയാണോ എന്ന് സംശയം ഉണ്ടായിരുന്ന രാജാവിന് ഈയൊരു സന്ദർഭത്തോടുകൂടി തന്റെ മകൻ തന്നെ ആണെന്ന് ചിന്ത ഉറപ്പിക്കുന്നു. ഇതുവരെയുണ്ടായ മാനസിക പിരിമുറുക്കത്തിന് അവിടെ അയവ് സംഭവിക്കുന്നു.

- "മലിനം വസനദ്വയം ........................... വിയോഗദീക്ഷ സ്വാധ്വി"

ദീർഘകാലത്തിനു ശേഷം ശകുന്തളയെ കാണുന്ന രാജാവിന്റെ വാക്കുകളാണിത്. വസ്ത്രങ്ങൾ മലി നമാണ്. ശരീരം മെലിഞ്ഞിരിക്കുന്നു. മുടി ഒന്നിച്ചു കൂടി ഇരിക്കുന്നു. തന്നോടുള്ള വേർപാടാണ് പതിവ്രത യായ ശകുന്തളയുടെ ഈ അവസ്ഥയ്ക്ക് കാരണം. ഇവിടെ രാജാവ് സ്വയം വിശേഷിപ്പിക്കുന്നത് ദുഷ്ടൻ എന്നാണ്. ശകുന്തളയെ പതിവ്രത എന്നും രാജാവിന്റെ കുറ്റബോധം, ഖലൻ, സാധ്വി എന്നീ വാക്കുകൾ പറ യുന്നതിൽ നിന്നും വ്യക്തമാണ്. താൻ ശകുന്തളയെ മറന്നതിൽ രാജാവ് പശ്ചാത്തപിക്കുന്നു.

ഖലൻ - ദുഷ്ടൻ

- ഖലൻ, സാധ്വി എന്നീ പ്രയോഗങ്ങളുടെ ഔചിത്യം എഴുതുക

രാജാവ് സ്വയം വിശേഷിപ്പിക്കുന്നതാണ് ഇത്. ശകുന്തളയെ സാധ്വി എന്ന് വിശേഷിപ്പിക്കുന്നു. ഭർത്താ വിനെ ശുശ്രൂഷിക്കുക എന്ന ഏകവ്രതത്തോടു കൂടിയവൾ ആണ് സ്വാധ്വി എന്ന പതിവ്രത.

സർവദമനന്റെ നീട്ടിപിടിച്ച കരത്തിനെ പ്രഭാതത്തിലെ താമരപ്പൂവിനോട് സാദൃശ്യപ്പെടുത്തിയിരിക്കു ന്നതിന്റെ ഔചിത്യം വ്യക്തമാക്കുക.

- താമരപ്പൂവിന്റെ ശോഭ, ചെമപ്പ് നിറം
- സർവ്വദമനന്റെ കൈവിരലുകളുടെ മൃദുത്വം, ശോഭ എന്നിവ വെളിവാക്കുന്നു.

*കവിതാഭാഗത്തിന്റെ ആശയം കണ്ടെത്തുക*

- "മോഹമകന്നു .................. ഭാഗ്യവശാൽ"

മുദ്രമോതിരം നഷ്ടപ്പെട്ടതിനാൽ രാജാവിന് ശകുന്തള ഭാര്യയാണെന്ന് തിരിച്ചറിയാനായില്ല. എന്നാൽ

മാരീചാശ്രമത്തിൽ വെച്ച് ശകുന്തളയെ വീണ്ടും കാണുകയും പശ്ചാതാപത്തോടെ അവളെ സ്വീകരിക്കാൻ ഒരുങ്ങുകയും ചെയ്യുന്നു. രാഹുവിനെ വിട്ടു ചന്ദ്രൻ രോഹിണിയോട് ചേർന്നതുപോലെ താൻ ശകുന്തളയോട് ചേരുന്നു എന്നാണ് രാജാവ് പറയുന്നത്. ദക്ഷന്റെ പുത്രിയായ രോഹിണി ചന്ദ്രന്റെ പ്രിയ പത്നിയാണ്. നവഗ്രഹങ്ങളിൽ ഒന്നായ രാഹു ചന്ദ്രനെ ചിലപ്പോഴൊക്കെ അൽപനേരം മറക്കാറുണ്ട്. പക്ഷേ കുറച്ച് കഴിയുമ്പോൾ ചന്ദ്രൻ ഭാര്യയോട് ചേരുന്നു. രാഹു ചന്ദ്രനെ മറച്ചുപിടിച്ചതുപോലെ ജീവിതത്തിലെ ദൗർഭാഗ്യം ആകാം അവരുടെ വേർപാടിന് കാരണം. ഭാഗ്യം ഇരുവരേയും വീണ്ടും കൂട്ടിചേർത്തു.

ഈ കവിത ഭാഗത്ത് അക്ഷരങ്ങൾ ഒന്നിലധികം വരികളിൽ ആവർത്തിച്ചു വരുന്നത് നോക്കുക. നാല് വരികളിലും രണ്ടാമത്തെ അക്ഷരം ഹ എന്നത് ആവർത്തിച്ചു വരുന്നു. എല്ലാ വരികളുടെയും അവാസനം ൻ, ൽ എന്നിങ്ങനെയും ആവർത്തിച്ചു വരുന്നു. വ്യഞ്ജനാക്ഷരങ്ങൾ ആവർത്തിച്ചു വരുന്നതും മനോഹരമാണ്.

രാജാവ് (ശകുന്തളയുടെ കാൽക്കൽ വീണിട്ട്)

“തെല്ലും .............................. അന്ധർ”

**സൂചനകൾ**

ഇവിടെ ഞാൻ എന്ന പദം രാജാവായ ദുഷ്ഷന്തനെ സൂചിപ്പിക്കുന്നു. വല്ലഭ എന്നത് ശകുന്തളയെ വിളിക്കുന്നതാണ്. ശകുന്തളയെ താൻ ഉപേക്ഷിച്ചു എന്ന പരിഭവം മനസിൽ ഉണ്ടാവരുതെന്ന് രാജാവ് യാചിക്കുന്നു.

തന്റെ മനസിൽ മലിനത ഉണ്ടായിരുന്നതിനാൽ ആണ് താൻ ശകുന്തളയെ ഉപേക്ഷിച്ചത്. ഐശ്വര്യം ഉണ്ടാകുമ്പോൾ മോശമായ ബുദ്ധിയുള്ളവർ ഇത്തരത്തിലും പ്രവർത്തിക്കും. തന്റെ കഴുത്തിൽ ഇട്ടത് മനോഹരമായ മാലയാണ് എന്നറിയാതെ ആകൃതി കൊണ്ട് അത് പാമ്പാണെന്ന് കരുതി അന്ധർ തല കുടയുന്നത് പോലെയാണ് അത്. മാലയുടെ മേന്മ തിരിച്ചറിയാൻ അന്ധർക്ക് കഴിയാത്തത് അന്ധത മൂലമാണ്. മലിനത ഉള്ള മനസ്സോടു കൂടിയ താനും മഹത്വം തിരിച്ചറിയാതെ പ്രിയ പത്നിയെ ഉപേക്ഷിച്ചു എന്ന് രാജാവ് പറയുന്നു. സ്വന്തം പ്രവർത്തിയെക്കുറിച്ച് പരിതപിക്കുകയും പശ്ചാതപിക്കുകയും ചെയ്യുന്ന രാജാവിനെ ഇവിടെ കാണാം.

- പശ്ചാത്താപമേ പ്രായശ്ചിത്തം എന്ന തലക്കെട്ട് മുകളിൽ കൊടുത്തിരിക്കുന്ന കവിത ഭാഗത്തിന് അനുയോജ്യമാണോ കുറിപ്പ് എഴുതുക.
- പശ്ചാത്താപവിവശനായ രാജാവിനെ മലയാള ശാകുന്തളത്തിൽ കാണാം. പാഠഭാഗം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.
- ‘ആ ശ്രീമതിയുടെ ഭർത്താവായ രാജർഷിയുടെ പേര് എന്താണ്?‘

  ‘ധർമ്മപത്നിയെ ഉപേക്ഷിച്ച അയാളുടെ നാമധേയം ആര് ഉച്ചരിക്കും?’

  മുകളിൽ കൊടുത്തിരിക്കുന്ന സംഭാഷണം ശ്രദ്ധിച്ചു സന്ദർഭം കണ്ടെത്തൂ.

**സൂചനകൾ**

- കാളിദാസന്റെ അഭിജ്ഞാന ശാകുന്തളത്തിലെ മലയാള പരിഭാഷയായ മലായാളശാകുന്തളത്തിലേതാണ് ഈ ഭാഗം.
- രാജാവായ ദുഷ്യന്തൻ താപസി എന്നിവരാണ് ഇങ്ങനെ പറയുന്നത്. സർവദമനന്റെ അമ്മയുടെ ഭർത്താവായ രാജർഷിയുടെ പേര് എന്താണ് എന്ന ചോദ്യത്തിന് ധർമ്മപത്നിയെ ഉപേക്ഷിച്ച അയാളുടെ പേര് ആരും പറയുകയില്ല എന്ന് പറയുന്നു.

- ഭക്തിയും തപസും കൊണ്ട് സന്യാസിക്ക്തുല്യനായ രാജാവാണ് രാജർഷി
- ഭർത്താവിനൊത്തു കർമ്മങ്ങൾ ചെയ്യാൻ അർഹതയുള്ള ആളാണ് ധർമ്മപത്നി
- രാജാവിന്റെ വാക്കുകളിൽ ആകാംക്ഷയും ബഹുമാനവുമുണ്ട്.
- താപസിയുടെ വാക്കുകൾ അവജ്ഞയും വെറുപ്പും നിറഞ്ഞതാണ്.

4. താഴെ കൊടുത്തിരിക്കുന്ന സംഭാഷണം വായിക്കുക

"ഇത് വൈഷമ്യക്കാരനാണ്. അന്ന് ആര്യപുത്രനെ ഓർമ്മിപ്പിക്കാൻ ആവശ്യപ്പെട്ടപ്പോൾ കിട്ടാതെ പോയല്ലോ"

"എന്നാൽ വള്ളി ഋതുയോഗത്തിന്റെ ചിഹ്നമായ പുഷ്പത്തെ ധരിക്കട്ടെ"

'വൈഷമ്യക്കാരൻ' എന്ന് മോതിരത്തെ വിശേഷിപ്പിക്കുന്നത് ശകുന്തളയാണ്. അതിനു കാരണം ദുഷ്യന്തനെ കൊട്ടാരത്തിൽ വെച്ച് അദ്ദേഹത്തിന്റെ ഭാര്യയാണ് എന്ന് തെളിയിക്കാൻ മോതിരം സഹായകമായില്ല എന്നതാണ്. രാജാവ് അണിയിച്ചപ്പോൾ മോതിരം സന്തോഷത്തിനും നഷ്ടപ്പെട്ടപ്പോൾ ദുഖത്തിനും കാരണമായി.

"വള്ളി ഋതുയോഗത്തിന്റെ ചിഹ്നമായ പൂവ് ധരിക്കട്ടെ" എന്നിടത്ത് ശകുന്തള മോതിരം ധരിക്കട്ടെ എന്ന് അർത്ഥമുണ്ട്. ചെടി വസന്തകാലത്തിൽ പൂവണിയുന്നു. അതിനാൽ സന്തോഷിക്കുന്നു. ദുഷ്യന്തനും ശകുന്തളയും ഒത്തുചേർന്ന മുഹൂർത്തവും സന്തോഷപ്രദവും ആണ്. ഇവിടെ "വള്ളി പൂവ് ധരിക്കട്ടെ" എന്ന് പറയുന്നതിലൂടെ നീ മോതിരം ധരിക്കുക എന്നർത്ഥം ആക്കിയിരിക്കുന്നു. പ്രസ്തുതമായ കാര്യം പറയാതെ അപ്രസ്തുത കാര്യം പറയുന്നതിലൂടെ ആണ് ആശയം വ്യക്തമാക്കിയിരിക്കുന്നത്.

**ചോദ്യങ്ങൾ**

- വള്ളി ഋതുയോഗത്തിന്റെ ചിഹ്നമായ പുഷ്പത്തെ ധരിക്കട്ടെ. ഇങ്ങനെ പറയുന്നതാര്?

  (ശകുന്തള, താപസി, ദുഷ്യന്തൻ)
- താഴെ പറയുന്നവയിൽ ഏതാണ് ഈ ആശയത്തോട് കൂടുതൽ ചേരുന്നത്?

  (ഋതുവിൽ പൂക്കൾ ഉണ്ടാകുന്നത് ശകുന്തളയ്ക്ക് ധരിക്കാനാണ്,
  വള്ളി ഋതുയോഗത്തിന്റെ ചിഹ്നമാണ്. ശകുന്തള മോതിരം ധരിക്കട്ടെ.)
- ഋതുയോഗം എന്ന തലക്കെട്ട് പാഠഭാഗത്തിന് എത്രത്തോളം അനുയോജ്യമാണ്? കുറിപ്പ് എഴുതുക
- നാടകീയ മുഹൂർത്തങ്ങൾ നിറഞ്ഞ ഒരു കൃതിയാണ് ശാകുന്തളം. ഈ ആശയം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.
- പിന്തുടരുന്ന തപസിമാരെ ബാലൻ വകവയ്ക്കുന്നില്ല - ഇവിടെ മുനികുമാരൻ അല്ല എന്ന തോന്നൽ ഉണ്ടാവുന്നു.

* സർവദമനോട് രാജാവിന് സ്വന്തം പുത്രനോട് എന്ന പോലെ സ്നേഹം തോന്നുന്നു
* കുട്ടിയുടെ കയ്യിൽ ചക്രവർത്തി ലക്ഷണം കാണുന്നത്
* അപരാജിത എന്ന രക്ഷ രാജാവ് എടുത്തിട്ടും ആപത്ത് സംഭവിക്കുന്നില്ല.
* സർവദമനൻ മഹർഷി ബാലൻ അല്ല എന്ന് താപസി അറിയിക്കുന്നു.
* രാജാവിനും സർവദമനന്നും രൂപസാദൃശ്യമുണ്ട് എന്നും താപസി പറയുന്നു
* കുട്ടി പുരുവംശത്തിൽ പിറന്നവനാണ് എന്ന് രാജാവ് അറിയുന്നു.

* ധർമ്മപത്നിയെ ഉപേക്ഷിച്ചവനാണ് കുട്ടിയുടെ പിതാവ്
* ശകുന്തലാസ്യം എന്ന് കേൾക്കുന്ന സർവദമന്റെ മറുപടി
* നിലത്തുവീണ രക്ഷ രാജാവ് എടുത്തിട്ടും അപകടം സംഭവിച്ചില്ല
* ശകുന്തളയുടെ രംഗപ്രവേശം
* രാജാവ് ശകുന്തളയോട് മാപ്പ് ചോദിക്കുന്നത്.

ഇങ്ങനെ സംഭവങ്ങളുടെ ക്രമമായ വളർച്ച ഏഴാംഅങ്കത്തിൽ കാണാം. ആസ്വാദകനിൽ ആകാംക്ഷയെ വർദ്ധിപ്പിക്കുന്നതാണ് ഓരോ സംഭവവും.

## 3. പാവങ്ങൾ

പ്രശസ്തനായ ഫ്രഞ്ച് സാഹിത്യകരൻ വിക്ടർ ഹ്യൂഗോയുടെ അതിപ്രശസ്തമായ നോവലാണ് പാവങ്ങൾ. മൂന്ന് ഭാഗങ്ങളുള്ള ഈ നോവലിന്റെ ആദ്യഭാഗം 1862 ഏപ്രിൽമാസം പ്രസിദ്ധീകരിച്ചു. ആ വർഷം ജൂണിൽതന്നെ മറ്റു രണ്ടുഭാഗങ്ങളും പുറത്തിറങ്ങി. ലോകത്തിൽ ഏറ്റവും കൂടുതൽ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ട നോവലാണിത്. ഏറ്റവുമധികം പേർ വായിച്ച നോവലായും ഇത് കണക്കാക്കപ്പെടുന്നു. നമ്മുടെ രാമായണവും മഹാഭാരതവും എന്നതുപോലെ വിളക്കുവെച്ച് വായിക്കേണ്ടതാണ് 'പാവങ്ങൾ 'എന്ന് വള്ളത്തോൾ ഒരിക്കൽ പറയുകയുണ്ടായെന്ന്' കുട്ടികൃഷ്ണമാരാർ എഴുതിയിട്ടുണ്ട്. (കല ജീവിതം തന്നെ ) എല്ലാ നോവലുകളുടെയും അമ്മയാണ് പാവങ്ങൾ (എം മുകുന്ദൻ )

### വിക്ടർ ഹ്യൂഗോ (1802-1885)

പത്തൊമ്പതാം നൂറ്റാണ്ടിലെ ഫ്രഞ്ച് സാഹിത്യത്തിൽ ഏറ്റവും ആദരിക്കപ്പെടുന്ന എഴുത്തുകാരനാണ് ഇദ്ദേഹം. കവി , നാടകകൃത്ത്, നോവലിസ്റ്റ് , നിരൂപകൻ, ചിത്രകാരൻ, രാഷ്ട്രീയപ്രവർത്തകൻ എന്നിങ്ങനെ വിവിധമേഖലകളിൽ അറിയപ്പെടുന്നു. ഒരു ദേശീയനായകനായും ഫ്രഞ്ചുകാർ ഇദ്ദേഹത്തെ കരുതുന്നു.' ലാമിറാബിലെ' ആണ് ഏറ്റവും പ്രശസ്തമായ കൃതി. 'നോത്രദാമിലെ കൂനൻ' എന്ന നോവലും പ്രശസ്തമാണ്.

ശ്രീ. നാലപ്പാട്ട് നാരായണമേനോൻ ഈ കൃതി ('ലാമിറാബിലെ' എന്നാണ് യഥാർത്ഥ പേര്)
പാവങ്ങൾ എന്ന പേരിൽ മലയാളത്തിലേക്ക് വിവർത്തനം ചെയ്തു.

### നാലപ്പാട്ട്നാരായണമേനോൻ (1887 -1954)

കവി ഗദ്യകാരൻ തത്വചിന്തകൻ വിവർത്തകൻ എന്നീ നിലകളിൽ പ്രശസ്തൻ. 'പാവങ്ങൾ'എന്ന വിവർത്തനനോവൽ. 'കണ്ണുനീർത്തുള്ളി' എന്ന വിലാപകാവ്യം
'പാവങ്ങൾ'എന്ന നോവലിന്റെ വിവർത്തനം മലയാള സാഹിത്യത്തിൽ വലിയ മുതൽക്കൂട്ടാണ്.

ഴാങ് വാൽ ഴാങ് (ഇംഗ്ലീഷ് ഭാഷയിൽ ജീൻവാൽജീൻ എന്ന പേര് )എന്ന മരംവെട്ടുകാരന്റെ ജീവിത കഥയാണിത്. ഴാങിന്റെ സംരക്ഷണയിലാണ് വിധവയായ സഹോദരിയും അവരുടെ ഏഴ് മക്കളും കഴിഞ്ഞു വന്നിരുന്നത്. ശൈത്യകാലത്ത് തൊഴിലില്ലാത്ത സാഹചര്യമുണ്ടായി. വിശന്നു കരഞ്ഞ സഹോദരിയുടെ കുഞ്ഞുങ്ങൾക്കായി അയാൾ ഒരു റൊട്ടി മോഷ്ടിക്കുന്നു. തുടർന്ന് അഞ്ചുവർഷത്തേക്ക് ജയിലിൽ കിടക്കാൻ ശിക്ഷിക്കപ്പെടുന്നു. ഇടയ്ക്കുവെച്ച് ജയിൽചാടി. അതിനാൽ ശിക്ഷാകാലാവധി 19 വർഷമായി നീളുന്നു.

### പാഠ സന്ദർഭം

ജയിൽമോചിതനായ ഴാങ് വാൽ ഴാങിനെ കുറ്റവാളിയായിക്കണ്ട് മറ്റെല്ലാവരും അവഗണിക്കുന്നു. എന്നാൽ ദയാലുവായ 'ഡി'യിലെ മെത്രാൻ ബിയാങ് വെന്യു ഴാങിനെ സ്നേഹപൂർവ്വം സ്വീകരിക്കുന്നു. രാത്രി ഭക്ഷണശേഷം കിടക്കാനുള്ള സൗകര്യവും ചെയ്തുകൊടുക്കുന്നു. സുഖകരമായ ഒരു ഉറക്കത്തിനു ശേഷം എഴുന്നേറ്റ് ഴാങ് നോക്കുമ്പോൾ മറ്റുള്ളവരെല്ലാം ഉറങ്ങി കിടക്കുന്നതാണ് കണ്ടത്. അയാളിലെ കുറ്റവാളി ഉണർന്നു. വിലപിടിപ്പുള്ള വെള്ളി സാധനങ്ങൾ മോഷ്ടിച്ച് ഴാങ് കടന്നു കളയുന്നു. പിന്നീട് പോലീസ് അയാളെ പിടികൂടി മെത്രാനു മുന്നിൽ കൊണ്ടു വരുന്നു. ആ സമയം താൻ അവ സമ്മാനമായി കൊടുത്തതാണെന്ന് പറഞ്ഞ് മെത്രാൻ അയാളെ രക്ഷിക്കുന്നു. 'ഒരു സത്യവാനായിരിക്കുവാൻ ഈ ക്ഷണം ഉപയോഗ പ്പെടുത്തുമെന്ന് ' നിങ്ങൾ പ്രതിജ്ഞ ചെയ്തിട്ടുള്ളത് മറക്കരുതെന്ന് മെത്രാൻ ഓർമ്മപ്പെടുത്തുന്നു..
സ്നേഹപൂർണമായ ആ പെരുമാറ്റം ഴാങിന്റെ ജീവിതത്തെ മാറ്റിമറിക്കുന്നു.

കുറ്റവാളിയെ അല്ല കുറ്റത്തെയാണ് വെറുക്കേണ്ടത്. നിയമവ്യവസ്ഥ മാത്രമല്ല തെറ്റുകൾക്ക് മാപ്പ് നൽകുന്ന സ്നേഹത്തിന്റെ വ്യവസ്ഥ കൂടി ലോകത്തിലുണ്ട്. സ്നേഹത്തോടെയുള്ള തിരുത്തൽ കുറ്റവാളികളുടെ ജീവിതത്തെ മാറ്റിമറിക്കുന്നു.

***കഥാപാത്രങ്ങൾ :-***

- ❖ മോൺസിന്യേർ - (മാർപാപ്പ നൽകുന്ന മതപരമായ ഒരു ബഹുമതി (മെത്രാൻ സ്ഥാനം)
- ❖ മദാം മഗ്ലാർ
- ❖ ഴാങ് വാൽ ഴാങ്

***മാതൃക പോലെ എഴുതുക***

വൃദ്ധയായ സ്ത്രീ - വൃദ്ധ സ്ത്രീ
ഉപ്പു കൊണ്ടുള്ള പ്രതിമ - ഉപ്പു പ്രതിമ
വിരലിന്റെ തുമ്പ് - വിരൽത്തുമ്പ്
വെള്ളികൊണ്ടുള്ള സാമാനം - വെള്ളി സാമാനം
ശ്വാസാവേഗം - ശ്വാസത്തിന്റെ ആവേഗം
ഭാവവിശേഷം - ഭാവത്തിന്റെ വിശേഷം
സഗൗരവം - ഗൗരവത്തോടുകൂടി

***ഒറ്റവാക്യം ആക്കുക?***

1. ആ ഒന്നാമത്തെ അപകടം അങ്ങനെ കഴിഞ്ഞു. എങ്കിലും അയാളുടെ മനസ്സിൽ ഒരു വല്ലാത്ത പരിഭ്രമമായിരുന്നു.

ഉ: ആ ഒന്നാമത്തെ അപകടം അങ്ങനെ കഴിഞ്ഞെങ്കിലും അയാളുടെ മനസ്സിൽ വല്ലാത്ത പരിഭ്രമമായിരുന്നു.

2. വാതിൽ തുറന്നു. അസാധാരണവും സംഭ്രാന്തവുമായ ഒരു ചെറിയ ആൾക്കൂട്ടം ഉമ്മറത്ത് എത്തി.

ഉ: വാതിൽ തുറന്നപ്പോൾ അസാധാരണവും സംഭ്രാന്തവുമായ ഒരു ചെറിയ ആൾക്കൂട്ടം ഉമ്മറത്തെത്തി.

***രണ്ടു മാർക്കിന്റെ ചോദ്യങ്ങൾ?***

1. 'എന്നെ വിടാൻ പോകുന്നു എന്നത് വാസ്തവം തന്നെയോ' ഴാങ് ഇങ്ങനെ ചോദിക്കാനിടയായ കാരണം ചർച്ച ചെയ്യുക?

* വെള്ളിപ്പാത്രങ്ങൾ മോഷ്ടിച്ചതിനാൽ താൻ വീണ്ടും ജയിലിൽ പോകേണ്ടിവരും എന്ന് ഴാങ് കരുതുന്നു.
* മെത്രാന്റെ വാക്കുകൾ തന്നെ നിരപരാധി ആക്കി മാറ്റിയത് അയാൾക്ക് വിശ്വസിക്കാനാവുന്നില്ല.

2 . സമ്പത്തിനോടും, സുഖസൗകര്യങ്ങളോടുമുള്ള മെത്രാന്റെ മനോഭാവം എന്തായിരുന്നു?

* സമ്പത്തെല്ലാം ദരിദ്രർക്ക് വേണ്ടിയുള്ളതാണെന്ന് മെത്രാൻ കരുതുന്നു.
* ലളിതമായ ജീവിതമാണ് അദ്ദേഹം ഇഷ്ടപ്പെടുന്നത്.

3. ഴാങ്‌വാൽ ഴാങിനോടുള്ള മെത്രാന്റെ പെരുമാറ്റം എങ്ങനെയുള്ളതായിരുന്നു?

* മെത്രാൻ സ്നേഹപൂർവ്വം ആണ് പെരുമാറുന്നത്
* അയാളെ കുറ്റവാളിയായി കാണുന്നില്ല.
* സ്നേഹവും കരുണയും കൊണ്ട് ഴാങിന്റെ ജീവിതത്തെ മാറ്റിത്തീർക്കുന്നു.

***ചെറിയ ചോദ്യങ്ങളിലൂടെ പാഠവിശകലനം നടത്തുന്നു.***

1. വെള്ളിപ്പാത്രങ്ങൾ മോഷ്ടിക്കാനായി ശ്രമിക്കുന്ന ഴാങിന്റെ മനോഭാവം എന്തു പോലെയാണെന്നാണ് പറയുന്നത്?

ഉ : അകത്തുകടക്കാൻ നോക്കുന്ന പൂച്ചയുടെ കളവുള്ളതും ,സ്വസ്ഥതയില്ലാത്തതുമായ സൗമ്യഭാവം.

2. ഴാങിന് മെത്രാന്റെ മുറിയുടെ അകത്തുകടക്കാൻ ഉള്ള വഴി തടയപ്പെട്ടത് എങ്ങനെയാണ്?

ഉ: ആദ്യത്തെ തള്ളിൽ വാതിൽ അല്പം തുറന്നെങ്കിലും വാതിലിന്റെ അടുത്തായി ഒരു മേശ കിടന്നിരുന്നതിനാൽ, അതിന്മേൽ തട്ടി അകത്തുകടക്കാൻ വേണ്ടത്ര പഴുത് ലഭിച്ചില്ല.

3. തിരിക്കുറ്റിയുടെ ശബ്ദം ഴാങിന് ആദ്യം എന്ത് പോലെയാണ് അനുഭവപ്പെട്ടത് ?

ഉ: പരലോകത്ത് വെച്ച് ഇഹലോക കർമ്മങ്ങളെ വിചാരണയ്ക്ക് എടുക്കുമ്പോഴത്തെ തുളഞ്ഞു കയറുന്നതും, ഭയം തോന്നിക്കുന്നതുമായ ശബ്ദം പോലെ.

4. വാതിൽ തിരിക്കുറ്റി പെട്ടെന്ന് 'ജീവൻ പൂണ്ടതായി ' പിന്നീട് ഴാങിന് തോന്നി. 'ജീവൻപൂണ്ട്' എന്തു പോലെയാണ് കാണപ്പെട്ടത്?

ഉ: ഒരു നായയെപ്പോലെ തോന്നി. ഉറങ്ങിക്കിടന്നിരുന്നവരെയെല്ലാം അപകടം അറിയിക്കുന്ന നായയെപ്പോലെ കുറ്റി ഭയങ്കരമായി ശബ്ദിച്ചു.

5. തിരിക്കുറ്റിയുടെ ശബ്ദം ഴാങിൽ എന്തുമാറ്റമാണ് വരുത്തിയത് ?

ഉ : രണ്ടു ചെന്നിയിലും ഉള്ള രക്തനാഡികൾ കൊല്ലന്റെ കൂടങ്ങൾപോലെ ആഞ്ഞടിക്കുന്നതായി തോന്നി. ഒരു ഗുഹയിൽ നിന്നു വരുന്ന അതിശക്തമായ കാറ്റിന്റെ ഇരമ്പൽ തന്റെ മാറിടത്തിൽ നിന്ന് തള്ളി വരുന്നതായും അനുഭവപ്പെട്ടു .

6. 'ആ ഒന്നാമത്തെ അപകടം കഴിഞ്ഞു'. എന്തായിരുന്നു അപകടം ?

ഉ: വാതിൽ തുറന്നപ്പോൾ വലിയ ശബ്ദം കേട്ടു .എങ്കിലും അത് കേട്ട് ആരും ഉണർന്നില്ല. അങ്ങനെ ഒന്നാമത്തെ അപകടം കഴിഞ്ഞു.

7. ഴാങ് മോഷ്ടിച്ചത് എന്തായിരുന്നു?

ഉ: ഒരു കുട്ട നിറയെ ഉണ്ടായിരുന്ന വെള്ളി സാധനങ്ങൾ.

8. വെള്ളി സാമാനങ്ങൾ മോഷ്ടിക്കപ്പെട്ടു എന്ന് മദാം മഗ്ലാർ ആവർത്തിച്ചു പറഞ്ഞപ്പോൾ മെത്രാന്റെ പ്രതികരണം എന്തായിരുന്നു?

ഉ: 'അപ്പോൾ ഒന്നാമത് ആ വെള്ളി സാമാനം നമ്മുടേത് ആയിരുന്നുവോ?"
'മദാം മഗ്ലാർ ഞാൻ ആ വെള്ളി സാമാനം വളരെക്കാലം സൂക്ഷിച്ചു പോന്നത് ഒരിക്കലും ശരിയായിട്ടല്ല. അത് പാവങ്ങളുടെതാണ്. ആ വന്ന മനുഷ്യൻ ആരായിരുന്നു? കാഴ്ചയിൽ തന്നെ ഒരു പാവം." എന്നിങ്ങനെയായിരുന്നു മെത്രാന്റെ പ്രതികരണം.

9. പോലീസുകാരൻ ഴാങിനെ പിടിച്ച് മെത്രാന് മുന്നിൽ ഹാജരാക്കിയപ്പോൾ മെത്രാൻ എന്താണ് പറഞ്ഞത് ?

ഉ: ഴാങ് വാൽ ഴാങിനെ ഒരിക്കൽക്കൂടി കാണാൻ കഴിഞ്ഞതിൽ സന്തോഷിക്കുന്നതായി പറഞ്ഞു. താൻ വെള്ളി സമ്മാനങ്ങൾ ഴാങിന് സമ്മാനമായി നൽകിയതാണെന്നും അറിയിച്ചു. മെഴുകുതിരിക്കാലുകൾ കൂടി തന്നിട്ടും എടുക്കാത്തത് എന്താണെന്ന് ഴാങിനോട് ചോദിക്കുകയുണ്ടായി.

10. 'എന്നെ വിടാൻ പോകുന്നു എന്നുള്ളത് വാസ്തവം തന്നെയോ ?" എന്ന് ഴാങ് വിശ്വാസം വന്നിട്ടില്ലാത്തത് പോലെ ചോദിച്ചത് എന്തുകൊണ്ടായിരിക്കും?

ഉ : ഴാങ് വെള്ളി സാധനങ്ങൾ മോഷ്ടിച്ചത് തന്നെയായിരുന്നു. പിടിക്കപ്പെട്ടതിനാൽ കഠിനമായ ശിക്ഷ കിട്ടുമെന്ന് അയാൾ ഭയന്നിരുന്നു. എന്നാൽ മെത്രാന്റെ വാക്കുകൾ അപ്രതീക്ഷിതമായ രീതിയിൽ അയാളെ രക്ഷിച്ചു. അത് ഴാങിന് വിശ്വസിക്കാനായില്ല.

11. മെത്രാൻ ഴാങിനെ അവസാനമായി ഓർമിപ്പിച്ചത് എന്താണ് ?

ഉ : ഒരു സത്യവാനായി കൊള്ളാമെന്ന് പ്രതിജ്ഞ ചെയ്ത കാര്യം മറക്കരുതെന്ന് ഓർമ്മിപ്പിച്ചു.

12. മെത്രാന്റെ സ്നേഹപൂർണമായ പെരുമാറ്റം ഴാങിൽ മാറ്റം ഉണ്ടാക്കിയോ?

ഉ: മാറ്റമുണ്ടാക്കി. പിന്നീട് അയാൾ നല്ല മനുഷ്യനായി മാറി.മറ്റുള്ളവരെ സഹായിച്ചു. പിന്നീട് 'എം' നഗരത്തിന്റെ മേയറുമായി. തന്നെ നിരന്തരം ഉപദ്രവിച്ചു കൊണ്ടിരുന്ന ഴാവേറിനോട് പോലും ക്ഷമിച്ചുവെന്ന് മാത്രമല്ല അയാളുടെ ജീവൻ പോലും രക്ഷിച്ചു.

### *പാഠപുസ്തകത്തിലെ ചോദ്യങ്ങൾ*

1. മെത്രാൻ പറഞ്ഞു 'നിങ്ങൾ സമാധാനത്തോടു കൂടി പോവുക. കൂട്ടത്തിൽ പറയട്ടെ എന്റെ സ്നേഹിതാ ഇനി ഇങ്ങോട്ട് വരുമ്പോൾ നിങ്ങൾക്ക് തോട്ടത്തിലൂടെ കടന്നു വരണമെന്നില്ല. തെരുവിലേക്കുള്ള വാതിലിലൂടെ തന്നെ എപ്പോഴും വരികയും പോവുകയും ചെയ്യാം.' മെത്രാന്റെ ഈ വാക്കുകൾ സമൂഹത്തിന് നൽകുന്ന സന്ദേശം എന്താണ് ?

* സ്നേഹത്തിന്റെയും, സാന്ത്വനത്തിന്റെയും കരുണയുടെയും ശബ്ദമാണിത്.
* വാതിലുകൾ പാവങ്ങൾക്കായി സദാസമയം തുറന്നിട്ടിരിക്കുന്നു.
* തെറ്റിനെ വെറുക്കുകയും ,തെറ്റ് ചെയ്തവരെ സ്നേഹിക്കുകയും ,അവർക്ക് മാപ്പ് നൽകുകയും ചെയ്യുന്നു.

2. പരലോകത്ത് വെച്ച് ഇഹലോകകർമ്മങ്ങളെ വിചാരണയ്ക്കെടുക്കുമ്പോഴത്തെ തുളഞ്ഞു കയറുന്നതും ഭയം ജനിപ്പിക്കുന്നതുമായ കാഹളശബ്ദംപോലെ തിരിക്കുറ്റിയുടെ കരച്ചിലൊച്ച അയാളുടെ ചെകിട്ടിലടിച്ചു. ഴാങിന്റെ മാനസികാവസ്ഥ ഈ വരികളിൽ പ്രതിഫലിക്കുന്നുണ്ടോ?

* മോഷ്ടിക്കാനൊരുങ്ങുമ്പോൾ താൻ ചെയ്യുന്നത് തെറ്റാണെന്ന ഉത്തമബോധ്യം ഴാങിനുണ്ട്.
* പക്ഷേ പണം അത്യാവശ്യമായതിനാൽ സാഹചര്യം മോഷണത്തിനു പ്രേരിപ്പിക്കുന്നു.
* തിരിക്കുറ്റിയുടെ ശബ്ദം കേട്ട് ആളുകൾ ഉണർന്നാൽ പിടിക്കപ്പെടുമെന്ന് മാത്രമല്ല തന്നെ സഹായിച്ചവരുടെ മുതൽ മോഷ്ടിക്കേണ്ടി വന്നതിന്റെ നിസ്സഹായതയും അയാളെ അലട്ടുന്നു.
* തിരിക്കുറ്റിയുടെ ശബ്ദം മരിച്ചു ചെല്ലുമ്പോഴുള്ള വിചാരണയായി അയാൾക്ക് അനുഭവപ്പെടുന്നു.

### *നാലുമാർക്കിന്റെ ചോദ്യങ്ങൾ*

1. ഴാങ് വാൽ ഴാങിനോടുള്ള മെത്രാന്റെ പെരുമാറ്റം ജീവിതത്തിൽ നല്ല മാറ്റങ്ങളുണ്ടാക്കാൻ പര്യാപ്തമാണോ? ചർച്ചചെയ്യുക .

* മെത്രാൻ ദയയും കരുണയും ഉള്ളവനാണ്.
* കുറ്റവാളിയോട് പോലും കരുണ കാണിക്കുന്നു. മാപ്പു നൽകുന്നു.
* ഹൃദ്യമായ വാക്കുകളും പെരുമാറ്റവും ഴാങിനെ നന്മയിലേക്ക് നയിക്കുന്നു.
* നിയമവും ശിക്ഷയും ഴാങിനെ നല്ലവനാക്കുന്നില്ല. സ്നേഹപൂർണ്ണമായ പെരുമാറ്റം അയാളെ മറ്റൊരാളാക്കി മാറ്റുന്നു.

2. മഹത്തായ സാഹിത്യം കാലദേശങ്ങളെ അതിജീവിക്കുന്നു. പാവങ്ങൾ എന്ന പാഠത്തെ ആസ്പദമാക്കി സമർത്ഥിക്കുക.

* പത്തൊമ്പതാം നൂറ്റാണ്ടിൽ ഫ്രാൻസിൽ ഉണ്ടായ നോവലാണ് പാവങ്ങൾ.
* ഈ നോവൽ ലോകത്തെല്ലായിടത്തും സ്വീകരിക്കപ്പെട്ടു.
* മനുഷ്യജീവിതത്തിന്റെ അടിസ്ഥാന വികാരങ്ങൾ ഒന്നുതന്നെയാണ്.
* പാവങ്ങളും പാവപ്പെട്ട മനുഷ്യൻറെ അടിസ്ഥാന പ്രശ്നങ്ങളുമായി സംവദിക്കുന്നു.
* കാലദേശങ്ങളെ അതിജീവിച്ച് അത്തരം സാഹിത്യം നിലനിൽക്കും.

### *പ്രയോഗഭംഗി കണ്ടെത്തുക*

1. 'അകത്തുകടക്കാൻ നോക്കുന്ന പൂച്ചയുടെ കളവുള്ളതും സ്വസ്ഥത ഇല്ലാത്തതുമായ സൗമ്യ ഭാവത്തോടുകൂടി അനങ്ങാതെ വിരൽത്തുമ്പു കൊണ്ട് അയാൾ വാതിൽ ഉന്തി'

* ഴാങ് മെത്രാനോടൊപ്പം ഭക്ഷണം കഴിക്കുകയും അദ്ദേഹത്തിൻറെ വീട്ടിൽ കിടന്നുറങ്ങുകയും ചെയ്യുന്നു.
* അവിടെത്തന്നെ മോഷണത്തിന് ശ്രമിക്കുന്നു.
* പൂച്ചയും തന്റെ യജമാനനൊപ്പം ഉണ്ണുകയും ,ഉറങ്ങുകയും ചെയ്യുന്നുവെങ്കിലും തക്കം കിട്ടുമ്പോൾ മോഷണത്തിനു ശ്രമിക്കാറുണ്ട്. അതുപോലെ ഴാങും പ്രകടിപ്പിക്കുന്നു.

* പൂച്ചയുടെ പതുങ്ങിയുള്ള നടപ്പ് , പാലുകുടിക്കുമ്പോൾ ആരും കാണുന്നില്ലെന്നുള്ള ഭാവം ഇവ ഴാങിനുമുണ്ട്.

2. 'ഉപ്പുകൊണ്ടുള്ള ഒരു പ്രതിമ പോലെ അയാൾ നിന്നേടത്തു തന്നെ മിഴിച്ചുകൊണ്ട് നിന്നു.'

* ഉപ്പു കൊണ്ടുള്ള പ്രതിമയിൽ ഉപ്പ് ഉരുകുന്നത് പോലെ മറ്റുള്ളവർ തന്റെ കുറ്റം അറിയുമെന്ന പേടിയാൽ അയാൾ സ്വയം ഉരുകുന്നു.

* പേടി മൂലം രക്തം നഷ്ടപ്പെട്ടതുപോലെ വിളറിവെളുത്ത് വിയർപ്പിൽ മുങ്ങി ചലനമറ്റ് നിൽക്കുന്ന ഴാങിന്റെ സ്ഥിതിയെ ഈ പ്രയോഗം വരച്ചുകാണിക്കുന്നു .

***6 മാർക്കിന്റെ ചോദ്യം***

1. 'ഒരു കഷണം അപ്പം ഒരു കോപ്പ പാലിൽ എടുത്തു മുക്കുന്നതിന് ഒരാൾക്ക് മരംകൊണ്ടുള്ള മുള്ളും കയ്‌ലും കൂടി ആവശ്യമില്ല".
   'ആ വെള്ളി സാമാനം നമ്മുടേത് ആയിരുന്നുവോ ?അത് പാവങ്ങളുടെതാണ് .
   ആ വന്ന മനുഷ്യൻ ആരായിരുന്നു ? കാഴ്ചയിൽ തന്നെ ഒരു പാവം."

'എന്റെ സ്നേഹിതാ ഇനി ഇങ്ങോട്ട് വരുമ്പോൾ നിങ്ങൾക്ക് തോട്ടത്തിലൂടെ കടന്നു വരണമെന്നില്ല തെരുവിലേക്കുള്ള വാതിലിലൂടെ എപ്പോഴും വരുകയും പോവുകയും ചെയ്യാം." – സൂചനപ്രകാരം **മെത്രാനെക്കുറിച്ചുള്ള കഥാപാത്ര നിരൂപണം** തയ്യാറാക്കുക.

* മെത്രാൻ സഹജീവിസ്നേഹവും ലാളിത്യവും പ്രവൃത്തിയിലൂടെ കാണിച്ചു.

* ദാരിദ്ര്യം നിറഞ്ഞ ലോകത്ത് ആർഭാടത്തിന് സ്ഥാനമില്ലെന്ന് സൂചിപ്പിച്ചു.

* സമ്പന്നവർഗം ലളിതജീവിതം നയിക്കണമെന്നും പാവങ്ങൾക്ക് പങ്കുവെക്കണം എന്നും സൂചിപ്പിച്ചു.

* മാനവിക മൂല്യങ്ങൾക്ക് പ്രാധാന്യം നൽകി.

* ഇന്ന് സമൂഹം നൽകുന്ന ശിക്ഷ കുറ്റവാളിയുടെ ജീവിത പരിവർത്തനത്തിന് സഹായകമാകുന്നില്ലെന്ന് മനസ്സിലാക്കി സ്നേഹത്തിലൂടെ മാറ്റമുണ്ടാക്കി.

# യൂണിറ്റ് 2
# അനുഭൂതികൾ ആവിഷ്കാരങ്ങൾ

ജീവിതത്തിന്റെ വിവിധ ഭാവങ്ങൾ ആവിഷ്കരിക്കുമ്പോഴാണ് സാഹിത്യം വ്യത്യസ്തതലത്തിൽ അനുഭൂതികൾ സൃഷ്ടിക്കുന്നത്. സ്നേഹം, ദയ, സ്വാർഥത, ഏകാന്തത, വിദ്വേഷം തുടങ്ങിയ വിവിധ ഭാവങ്ങൾ വ്യത്യസ്ത തരത്തിൽ സർഗാത്മകമായി ആവിഷ്കരിക്കുമ്പോൾ കലാസൃഷ്ടികൾ വ്യത്യസ്ത അനുഭൂതികൾ സൃഷ്ടിക്കുന്നു. അതിന് എഴുത്തുകാർ പ്രകടിപ്പിക്കുന്ന ആത്മാർഥതയും കഴിവും പല രീതികളിലാണ്. ഇവയ്ക്കനുസരിച്ച് ആ സൃഷ്ടിയുടെ മൂല്യവും വ്യത്യാസപ്പെട്ടിരിക്കുന്നു.

## പാഠഭാഗങ്ങൾ

പ്രവേശകം

| | | |
|---|---|---|
| തിരുക്കുറൾ | - | തിരുവള്ളുവർ |
| വിശ്വരൂപം | - | ലളിതാംബിക അന്തർജനം |
| കടൽത്തീരത്ത് | - | ഒ.വി.വിജയൻ |
| പ്രിയദർശനം | - | എൻ.കുമാരനാശാൻ |

**പ്രവേശകം**

**ആശയം**

മറ്റുള്ളവരുമായി നാം സ്നേഹബന്ധത്തിലേർപ്പെടുമ്പോഴാണ് ഭൂമിയിൽ സൗഭാഗ്യങ്ങളുണ്ടാകുന്നത്. ഇങ്ങനെ വ്യക്തിബന്ധങ്ങൾ കുടുംബത്തിലേയ്ക്കും സമൂഹത്തിലേയ്ക്കും വ്യാപിക്കുമ്പോൾ ലോകം മുഴുവൻ നന്മയിലേയ്ക്ക് നയിക്കപ്പെടുന്നു.

# വിശ്വരൂപം

## ലളിതാംബിക അന്തർജനം (1909–1987)

അഗ്നിസാക്ഷി എന്ന ഒറ്റ നോവൽ കൊണ്ട് മലയാള നോവൽ സാഹിത്യത്തിൽ ചിരസ്മരണീയയായ എഴുത്തുകാരിയാണ് ലളിതാംബിക അന്തർജനം .ആദ്യമായി വയലാർ അവാർഡ് ലഭിച്ചത് ഈ നോവലിനാണ്. മലയാള കഥയുടെയും നോവലിന്റെയും നവോത്ഥാനത്തിൽ മുഖ്യ പങ്കുവഹിച്ച അവരുടെ കൃതികൾ സ്ത്രീപക്ഷ രചനകളുടെ കൊടിയടയാളങ്ങളാണ് . ലളിതാംബിക അന്തർജനത്തിന്റെ സമ്പൂർണകഥകളിൽ നിന്നെടുത്ത ഒരു കഥയാണ് വിശ്വരൂപം . യൗവനത്തിൽ ഭർത്താവിന്റെ നിഴലായി ലോകം ചുറ്റി സഞ്ചരിച്ച ഒരു സ്ത്രീ വാർധക്യത്തിന്റെ ഒറ്റപ്പെടലിൽ ജീവിതത്തിലുണ്ടായ നഷ്ടങ്ങളെക്കുറിച്ച് ഓർക്കുകയാണ് ഈ കഥയിൽ.

## കൃതികൾ

അഗ്നിസാക്ഷി
മനുഷ്യനും മനുഷ്യരും
ഗ്രാമ ബാലിക
പുനർജന്മം
ഗോസായി പറഞ്ഞകഥ
ആത്മകഥയ്ക്ക് ഒരാമുഖം
തകർന്ന തലമുറ
കിളിവാതിലിലൂടെ
കൊടുങ്കാറ്റിൽ നിന്ന്
കണ്ണീരിന്റെ പുഞ്ചിരി
അഗ്നിപുഷ്പങ്ങൾ
വിശ്വരൂപം
പവിത്ര മോതിരം
മാണിക്കൻ

## കഥാസംഗ്രഹം

മിസ്റ്റർ തലത്തിന്റെ സെക്രട്ടറി ആയിരുന്നു സുധീർ. മിസ്റ്റർ തലത്ത് മരിച്ച ശേഷം സുധീർ ആ കമ്പനിയുടെ ഉയർന്ന പദവിയിൽ എത്തുകയും ജോലിയുടെ ഭാഗമായി പല രാജ്യങ്ങളിലും സഞ്ചരിക്കുകയും ചെയ്യുന്നു . ഇടയ്ക്ക് നാട്ടിൽ വരുന്ന സുധീർ തിരിച്ചുപോകുന്നതിന് മുൻപായി മിസ്സിസ്സ് തലത്തിനെ കാണാൻ അവരുടെ വീട്ടിൽ എത്തുന്നതാണ് കഥാ സന്ദർഭം .

വഴി ചോദിച്ചറിഞ്ഞ് സുധീർ മിസ്സിസ് തലത്തിന്റെ വീട്ടിൽ എത്തുന്നു. തുളസിയും തെച്ചിയുമെല്ലാം കാട് പോലെ പടർന്നു കിടക്കുന്ന വീട്, അടഞ്ഞു കിടക്കുന്ന വാതിലിൽ സുധീർ മുട്ടിവിളിച്ചു. കതക് തുറന്നപ്പോൾ കണ്ടത് രുദ്രാക്ഷമാല ധരിച്ച് ഒരു താപസിയുടെ വേഷത്തിൽ നിൽക്കുന്ന വൃദ്ധയെ ആയിരുന്നു. അവർക്ക് ആദ്യം പരസ്പരം മനസ്സിലായില്ല . എന്നാൽ പിന്നീട് തിരിച്ചറിഞ്ഞപ്പോൾ വൃദ്ധയായ മിസ്സിസ് തലത്ത് സുധീറിനെ കെട്ടിപ്പിടിച്ചു കരഞ്ഞു . ഇത്ര നാളും തന്നെ കാണാൻ വരാത്ത സുധീറിനോട് 'അവർ പരിഭവിക്കുന്നു . തന്റെ ജോലിത്തിരക്കിനെ കുറിച്ച് സുധീർ മിസ്സിസ് തലത്തിനെ ബോധ്യപ്പെടുത്തുന്നു .

സുധീറിന് കാപ്പി എടുക്കാനായി മിസ്സിസ് തലത്ത് അടുക്കളയിലേയ്ക്ക് പോയി. അപ്പോൾ പണ്ടത്തെ മിസ്സിസ് തലത്തിനെ കുറിച്ച് സുധീർ ഓർക്കുന്നു. മിസ്റ്റർ തലത്തിന്റെ നിഴലായിരുന്ന അവർ അദ്ദേഹത്തിന്റെ സുഹൃത്തുക്കളെയെല്ലാം നന്നായി സൽക്കരിച്ചിരുന്നു. പൗരസ്ത്യസംസ്കാരം പൂർണ്ണമായും മറന്ന പോലെ പടിഞ്ഞാറൻ നാടുകളിലെപ്പോലെ ഔപചാരികത നിറഞ്ഞ പെരുമാറ്റം ആയിരുന്നു അവരുടേത്. അവർ അന്ന് ഒരു ചക്രവർത്തിനിയെ പോലെ ജീവിച്ചു. ഒരു തവണ അവരുടെ സൽക്കാരം സ്വീകരിച്ചവർക്ക് അവരെ മറക്കാൻ കഴിഞ്ഞിരുന്നില്ല . അവർക്ക് നാല് കുട്ടികൾ ഉണ്ടായിരുന്നു. കുട്ടികൾ ഹോസ്റ്റലിലും ബോർഡിങ്ങിലുമായാണ് വളർന്നത്. കുട്ടികൾക്ക് അവർ മുല കൊടുക്കുകയോ താരാട്ട് പാടുകയോ ചെയ്തിട്ടില്ല. വല്ലപ്പോഴും ഒരിക്കൽ അവർ മക്കളുടെ അടുത്തെത്തി ഉമ്മകൾ നൽകും. ആദ്യമായി ജോലിയ്ക്ക് വന്ന സുധീറിനെ നമ്മുടെ അഞ്ചാമത്തെ മകൻ എന്നാണു മിസ്റ്റർ തലത്ത് ഭാര്യക്ക് പരിചയപ്പെടുത്തിയത് .

മിസ്സിസ് തലത്ത് സ്വയം പാചകം ചെയ്ത അപ്പവും മലരും കൊണ്ട് വന്ന് സുധീറിന് നൽകി. കാപ്പി ചൂടാറ്റി ഒഴിച്ച് കൊടുത്തുകൊണ്ടിരുന്നു. കാപ്പി കുടിച്ചു കൊണ്ടിരുന്നപ്പോൾ സുധീർ അമ്മയെ ഓർത്തു തന്റെ 'അമ്മ ഇതുപോലെ തനിക്ക് അപ്പവും മലരുമൊക്കെ തന്നിട്ടുണ്ടെന്ന് സുധീർ മിസ്സിസ് തലത്തിനോട് പറഞ്ഞു . മിസ്സിസ് തലത്തിന്റെ കൈയ്യിൽ നിന്നും അവർ വാത്സല്യപൂർവ്വം നൽകുന്ന ഈ ഭക്ഷണം കഴിക്കാൻ പറ്റിയല്ലോ എന്നോർത്ത് സുധീർ സന്തോഷിക്കുന്നു . അവൻ അത് അവരോടു പറയുകയും ചെയ്യുന്നു താനും ഇങ്ങനെ ആർക്കെങ്കിലും സ്വന്തം കൈകൊണ്ട് വെച്ചുണ്ടാക്കി കൊടുക്കുന്നത് ആദ്യമാണെന്ന് മിസ്സിസ് തലത്തും പറയുന്നു .

മിസ്സിസ് തലത്തിനെ ഒരു ഗൃഹനായികയുടെ ഗൗരവത്തിൽ അന്നാദ്യമായാണ് സുധീർ കണ്ടത്. ന്യൂയോർക്കിലും ലണ്ടനിലും ഒക്കെയുള്ള മീറ്റിംഗുകളിൽ ഭാരതസ്ത്രീത്വത്തിന്റെ അംബാസ്സഡർ ആയിട്ടാണ് മിസ്സിസ് തലത്തിനെ എല്ലാരും കണ്ടിരുന്നത് . ഡോളീ, നീ ഇല്ലായിരുന്നെങ്കിൽ ഞാൻ വെറും നിഴൽ മാത്രം ആയേനെ എന്ന് മിസ്റ്റർ തലത്തും പറയാറുണ്ടായിരുന്നു .

സംസാരിച്ചു കൊണ്ടിരുന്നപ്പോൾ മിസ്സിസ് തലത്ത് ന്യൂയോർക്കിൽ തങ്ങളുടെ താമസസ്ഥലത്തിനടുത്ത് എപ്പോഴും വന്നിരിക്കാറുള്ള വൃത്തിയില്ലാത്ത ഒരു മനുഷ്യനെ ഓർത്തു. ആ മനുഷ്യൻ ഒരിക്കൽ തന്റെ അടുത്ത് വന്ന് നിങ്ങൾ ഇന്ത്യക്കാർ അച്ഛനെയും അമ്മയെയും ദൈവത്തെ പോലെ കാണുന്നവർ അല്ലേ എന്ന് ചോദിച്ചു . അപ്പോൾ മിസ്സിസ് തലത്ത് അതെ എന്ന് പറഞ്ഞെങ്കിലും അവർ യഥാർഥത്തിൽ അമ്മയെയും അച്ഛനെയും ദൈവത്തെ പോലെ കണ്ടിരുന്നില്ല . മകളെ കാണാൻ വേണ്ടി 'അമ്മ പല തവണ കത്തെഴുതിയിരുന്നു പക്ഷെ അവർ പോയില്ല .ഇപ്പോൾ മിസ്സിസ് തലത്തിന്റെ മക്കളെല്ലാം പല സ്ഥലങ്ങളിൽ ആണ് അവർ ഇടയ്ക്ക് കൂടെ നില്ക്കാൻ വിളിക്കാറുണ്ട് പക്ഷെ ആ വിളികളിൽ ആത്മാർഥത ഇല്ല എന്ന് മിസ്സിസ് തലത്ത് മനസ്സിലാക്കുന്നു. മാത്രമല്ല താപസിയുടെ വേഷം അണിഞ്ഞെങ്കിലും അഭിമാനബോധം അവരെ വിട്ടുപോയിട്ടില്ല . ആരുടേയും മുമ്പിൽ മക്കളുടെ മുമ്പിലാണെങ്കിലും തോറ്റുകൊടുക്കാൻ അവർ തയ്യാറായിരുന്നില്ല . അതുകൊണ്ട് അവർ ഒറ്റയ്ക്ക് തന്നെ ജീവിച്ചു .എങ്കിലും കൊടുത്തതല്ലേ തിരിച്ചു കിട്ടൂ .. അല്ലേ സുധീർ എന്ന വാക്കുകളിൽ നിന്നും സ്വന്തം അമ്മയെ വേദനിപ്പിച്ചതിന്റെ വേദന അവർ അനുഭവിക്കുന്നുണ്ടെന്ന് മനസ്സിലാക്കാം. 'കാലത്തിനും ദേശത്തിനും അനുസരിച്ചു സ്വയം രൂപപ്പെടുന്നതാണ് ജീവിതം "എന്ന ഒരു തത്വം പറഞ്ഞു സുധീർ മിസ്സിസ് തലത്തിനെ ആശ്വസിപ്പിക്കുന്നു.

പോകാൻ സമയത്ത് മിസ്സിസ് തലത്ത് വീണ്ടും സുധീറിനെ ആലിംഗനം ചെയ്തു . മാഡം തലത്ത് മരിച്ചു പോയെന്നും ഇത് 'താഴത്ത് കുഞ്ഞുകുട്ടിയമ്മയാണ് എന്നും അവർ പറയുന്നു. അമ്മയെ കാണാൻ കഴിഞ്ഞതിലുള്ള സന്തോഷത്താൽ സുധീർ അമ്മയുടെ പാദങ്ങളിൽ നമസ്കരിക്കുന്നു. എന്നാൽ പോകും മുൻപ് അമ്മ സുധീറിനോട് ഒരു പ്രധാന കാര്യം ഓർമിപ്പിക്കുന്നു . സുധീർ വിവാഹം കഴിക്കുമ്പോൾ ' മക്കളെ ബോർഡിങ്ങിൽ അയയ്ക്കരുത്' എന്ന് അവന്റെ ഭാര്യയോട് പറയാൻ പറയുന്നു . മക്കളെ 'അമ്മ തന്നെ വളർത്തണമെന്നും, ലാളിക്കണമെന്നും ', 'എങ്കിൽ മാത്രമേ മക്കൾക്ക് തിരിച്ചും അമ്മയോട് സ്നേഹമുണ്ടാകൂ' എന്നും പറയുന്നു . 'ഒന്നുമില്ലെങ്കിലും വാർധക്യകാലത്ത് കുറെ നല്ല ഓർമ്മകളെങ്കിലും ഉണ്ടാകുമല്ലോ' എന്ന് പറയുന്നു . ഓർക്കാനായി നല്ല ഓർമ്മകൾ പോലും ഇല്ലാത്ത ഈ 'അമ്മയുടെ രൂപം

ആണ് മിസ്സിസ് തലത്ത് എന്ന സ്ത്രീയുടെ വിശ്വരൂപം എന്ന് സുധീർ മനസ്സിലാക്കുന്നു . വിശ്വരൂപം ദർശിച്ചതിന്റെ അന്ധാളിപ്പിലും അവൻ ഓർത്തു ' ഇപ്പോൾ ഇവർ മാഡം തലത്തല്ല, ലേഡിയല്ല, സാമൂഹ്യപ്രവർത്തകയല്ല. ഇപ്പോൾ ഇവർ അമ്മയാണ് . വെറും അമ്മ .

## കഥാപാത്രങ്ങൾ

മിസ്റ്റർ തലത്ത് - മിസ്സിസ് തലത്തിന്റെയും സുധീറിന്റെയും ഓർമ്മകളിൽ ജീവിക്കുന്നു.

മിസ്സിസ് തലത്ത് - കേന്ദ്രകഥാപാത്രം.
ആരുടെ മുന്നിലും തല കുനിക്കാത്ത പ്രകൃതം.

സുധീർ - കഥാഗതിയെ നിയന്ത്രിക്കുന്ന കഥാപാത്രം.
രണ്ടു കാലങ്ങളെ കോർത്തിണക്കുന്നകണ്ണിയായി വർത്തിക്കുന്നു .

## കേന്ദ്രാശയം

മാതൃത്വത്തിന്റെ മഹത്വം .
മിസ്സിസ് തലത്തിന്റെ ജീവിതത്തിലെ രണ്ടവസ്ഥകളാണ് കഥയിലുള്ളത് - ആരുടെ മുന്നിലും തല കുനിക്കാത്ത മിസ്സിസ് തലത്തിന്റെ ഇന്നലകൾ . സ്ത്രീയിൽ ജന്മസിദ്ധമായുള്ള മാതൃഭാവത്തിലേക്കുള്ള തിരിച്ചുപോക്ക് ( തിരിച്ചറിവിൽ സ്വയം തെരഞ്ഞെടുത്ത ഏകാന്ത ജീവിതം)

## വിശകലനം

1." കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകിയൊഴുകി വീണു..........ഒരു വ്യക്തിയുടെ സ്മരണ അതിലൂടെ ഒലിച്ചിറങ്ങി.'

സൂചന - വർഷങ്ങൾക്കു ശേഷമുള്ള കണ്ടുമുട്ടൽ
- ഏകാന്തജീവിതം
- മിസ്സിസ് തലത്തിനേയും സുധീറിനേയും ഒരുമിച്ചു ചേർത്ത വ്യക്തിയുടെ സ്മരണ.

2. 'കാലത്തിനും ദേശത്തിനും.....................രൂപപ്പെടുകയാണ്."
മിസ്സിസ് തലത്തിന്റെ ജീവിതത്തെക്കുറിച്ചുള്ള സുധീറിന്റെ ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ?

സൂചന - കാലവും ദേശവും വ്യക്തികളെ സ്വാധീനിക്കുന്നു
- മിസ്സിസ് തലത്തിന് വന്ന മാറ്റം

3. 'നോക്കൂ നമുക്ക് അഞ്ചാമതൊരു ..................കുറച്ചുനാൾ നമ്മോടുകൂടി താമസിക്കും '
ഇങ്ങനെ പറയാൻ ഡോ.തലത്തിനെ പ്രേരിപ്പിച്ച ജീവിത പശ്ചാത്തലം എന്താവാം ? .

സൂചന - സുധീറിനെ സ്വന്തം മകനായി കാണുന്നു

4. 'ചക്രവർത്തിനിയുടെ ജന്മമാണവർക്ക്, ആരുടെ മുന്നിലും തല കുനിക്കില്ല. '

സൂചന - മിസ്സിസ് തലത്തിന്റെ നിശ്ചയദാർഢ്യം
- മിസ്സിസ് തലത്തിന്റെ അഭിമാനബോധം.

5. 'മാഡം തലത്ത് മരിച്ചുപോയി മോനേ. ഡോക്ടർ തലത്തിനോടൊപ്പം അവരും പോയി. ഇത് അമ്മയാണ് താഴത്ത് കുഞ്ഞുക്കുട്ടിയമ്മ"

സൂചന - ഡോ.തലത്തിന്റെ മരണത്തെത്തുടർന്ന് മിസ്സിസ് തലത്തിന്റെ ജീവിതത്തിലുണ്ടായ മാറ്റം.
- സ്ത്രീയിൽ ജന്മസിദ്ധമായുള്ള മാതൃഭാവത്തിലേക്കുള്ള തിരിച്ചുപോക്ക്.
- കഥയിലെ പ്രധാന മുഹൂർത്തം.

6. 'കുട്ടികളെ അമ്മതന്നെ വളർത്തണം............ കുട്ടികൾ അമ്മയുടെ ഒരു ഭാഗവുമായിത്തീരുകയുള്ളു. '

സൂചന - ഡോ.തലത്തിന്റെയും മിസ്സിസ് തലത്തിന്റെയും നാലു മക്കളെയും ബോർഡിംഗിലയച്ച് പഠിപ്പിച്ചു.
- ഡോ.തലത്തിന്റെ സെക്രട്ടറിയായ സുധീറിനെ അഞ്ചാമത്തെ കുട്ടിയായി കാണുന്നു .
- മിസ്സിസ് തലത്ത് മക്കളിൽനിന്നകന്ന് ഒറ്റയ്ക്ക് താമസിക്കുന്നു.

7. 'ഞാൻ ഇന്ത്യയിൽ ജനിക്കാനാഗ്രിക്കുന്നു മാഡം......ഇന്ത്യ എത്ര നല്ല നാടാണ് '

സൂചന - ഭാരതീയ സംസ്കാരം
- വ്യക്തി, കുടുംബ,സാമൂഹിക ബന്ധങ്ങൾ
- മാതാ പിതാ ഗുരു ദൈവം ആശയാധിഷ്ഠിത കാഴ്ചപ്പാട്
- മാതാപിതാക്കളുടെ സംരക്ഷണം മക്കളുടെ കടമയാണ് . (നിയമവ്യവസ്ഥതന്നെയുണ്ട്)

8. "ഓർമകൾ...... അതു മാത്രമേ വാർധക്യത്തിന് അവകാശപ്പെട്ടതായുള്ളൂ സുധീർ '

സൂചന - തലത്തിനുവേണ്ടി ജീവിതം മാറ്റിവച്ച അവർ സ്വന്തം മക്കളെ ലാളിക്കാനോ സ്നേഹിച്ചുവളർത്താനോ അവസരമൊരുക്കിയില്ല .
- വേദനയും കുറ്റബോധവും

9. അവസാനമായെങ്കിലും സ്ത്രീയുടെ വിശ്വരൂപം ദർശിച്ചുവല്ലോ (വിശ്വരൂപം ശീർഷകത്തിന്റെ ഔചിത്യം കൂടി ചർച്ച ചെയ്യാം)

സൂചന - മിസ്സിസ് തലത്തിന്റെ ജീവിതം .
- കുട്ടികളെ വളർത്താത്ത അമ്മ.
- ഡോ.തലത്തിനുവേണ്ടി രൂപപ്പെടുത്തിയ വ്യക്തിത്വം .
- ഡോ.തലത്തിന്റെ മരണത്തെത്തുടർന്നുണ്ടായ മാറ്റം.
- അഞ്ചാമത്തെ കുട്ടിയായി കണ്ടിരുന്ന സുധീറുമായുള്ള പിൽക്കാല കണ്ടുമുട്ടൽ .

- സ്ത്രീയിൽ ജന്മസിദ്ധമായുള്ള മാതൃഭാവത്തിലേക്കുള്ള തിരിച്ചുപോക്ക്.
- മാതൃത്വത്തിന്റെ വിശ്വരൂപം സ്വയം പ്രകടമാക്കുന്ന താഴത്ത് കുഞ്ഞുക്കുട്ടിയമ്മ.

10. രൂപം കൊണ്ട് പിടികിട്ടാത്ത വ്യക്തിയെ സ്വരംകൊണ്ട് തിരിച്ചറിഞ്ഞ് അയാളും അമ്പരന്നിരുന്നു

സൂചന - വർഷങ്ങൾക്കു ശേഷമുള്ള കണ്ടുമുട്ടൽ .
- രണ്ടാളുടെയും രൂപത്തിൽ വന്ന മാറ്റം .

11. പിടിവിട്ടാൽ പൊയ്ക്കളയുമോ എന്നു പേടിച്ചിട്ടെന്നവിധം മുറുകെ മുറുകെ അവർ അയാളെ തഴുകിയിരുന്നു

സൂചന - താഴത്ത് കുഞ്ഞുക്കുട്ടിയമ്മ അനുഭവിക്കുന്ന അരക്ഷിതാവസ്ഥ , തനിക്ക് ഒരു താങ്ങ് ആവശ്യമാണെന്ന തോന്നൽ.

12. ഭാരതീയ സ്ത്രീത്വത്തിന്റെ അംബാസഡർ

സൂചന - മിസ്സിസ് തലത്തിന്റെ ആദ്യകാല ജീവിത രീതി
അലങ്കാരങ്ങളുടെ അന്തസ്സ്
- സൽക്കാരത്തിന്റെ ഔചിത്യം
- സംഭാഷണ രസികത
- ചടുലമായ അംഗവിക്ഷേപം

## അധിക ചോദ്യങ്ങൾ

*അടിവരയിട്ട പദങ്ങളുടെ അർഥവ്യത്യാസം എഴുതുക ?*

1. മാഡം തലത്തിനെപ്പറ്റി അയാൾ ഓർത്തുപോയി.
   അയാൾ അവിടെനിന്നും പോയി.

2. അയാൾ മുറിക്കകത്തേക്ക് സാവധാനം കടന്നിരുന്നു.
   നാട്ടുകാർ ഓടിക്കൂടിയപ്പോഴേക്കും അക്രമി അവിടെനിന്നും കടന്നിരുന്നു.

3. "മാഡം എത്രയോ തവണ എനിക്ക് കാപ്പി തന്നിരിക്കുന്നു. എന്നാൽ ഇത്രയും രുചി തോന്നിയിട്ടില്ല വയററിയാതെ കഴിച്ചുപോകുന്നു '
   സുധീർ ഇങ്ങനെ പറയാൻ ഇടയായ സാഹചര്യം വ്യക്തമാക്കുക ?

4. രൂപം കൊണ്ട് പിടികിട്ടാത്ത വ്യക്തിയെ സ്വരംകൊണ്ട് തിരിച്ചറിഞ്ഞ് അയാളും അമ്പരന്നിരുന്നു.

5. ഏറെക്കാലം വേർപെട്ട് നിന്നാലും സ്നേഹബന്ധങ്ങളുടെ തീവ്രതയ്ക്ക് മാറ്റം വരുന്നില്ല.
   വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക ?

6. പ്രൗഢവനിത എന്ന പദത്തിന്റെ വിഗ്രഹാർഥം എഴുതുക ?

8. കഥാപാത്രനിരൂപണം - മിസ്സിസ് തലത്ത്

- കേന്ദ്രകഥാപാത്രം
- ആരുടെ മുന്നിലും തല കുനിക്കാത്ത പ്രകൃതം
- നിശ്ചയദാർഢ്യം
- അഭിമാനബോധം.
- കുട്ടികളെ വളർത്താത്ത അമ്മ.
- ഡോ.തലത്തിനുവേണ്ടി രൂപപ്പെടുത്തിയ വ്യക്തിത്വം .
- ഡോ.തലത്തിന്റെ മരണത്തെത്തുടർന്നുണ്ടായ മാറ്റം.
- അഞ്ചാമത്തെ കുട്ടിയായി കണ്ടിരുന്ന സുധീറുമായുള്ള പിൽക്കാല കണ്ടുമുട്ടൽ .
- സ്ത്രീയിൽ ജന്മസിദ്ധമായുള്ള മാതൃഭാവത്തിലേക്കുള്ള തിരിച്ചുപോക്ക്.
- മാതൃത്വത്തിന്റെ വിശ്വരൂപം സ്വയം പ്രകടമാക്കുന്ന താഴത്ത് കുഞ്ഞുക്കുട്ടിയമ്മ.

9. താഴത്ത് കുഞ്ഞുക്കുട്ടിയമ്മയെ ലളിതാംബിക അന്തർജനം അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?

10. 'എന്റെ യജമാനൻ മാറ്റമായിപ്പോയി . പക്ഷേ എന്നെ കൊണ്ടുപോയില്ല. ആരും കൊണ്ടുപോയില്ല. എന്നിട്ടും ഞാൻ ജീവിക്കുന്നു '

മിസ്സിസ് തലത്തിന്റെ ജീവിതാവസ്ഥ വിശകലനം ചെയ്യുക ?

11. "മാഡം തലത്ത് മരിച്ചു <u>പോയി</u> മോനേ.
ഡോ.തലത്തിനോടൊപ്പം അവരും <u>പോയി</u> .
അടിവരയിട്ട പദങ്ങൾ ധ്വനിപ്പിക്കുന്നതെന്ത് ?

മരണപ്പെട്ടു
വിട്ടുപോയി
മറ്റൊരാളായി
അകലേക്കുപോയി

12. 'അതേ അമ്മേ അവിടുത്തെ കണ്ടില്ലായിരുന്നുവെങ്കിൽ ജീവിതത്തിൽ വലിയൊരു ഭാഗ്യം നഷ്ടപ്പെടുമായിരുന്നു '
മിസ്സിസ് തലത്തിൽ നിന്ന് ലഭിച്ച എന്തെല്ലാം പാഠങ്ങളാണ് ഇങ്ങനെ പറയാൻ സുധീറിനെ പ്രേരിപ്പിച്ചത് ?

# കടൽ തീരത്ത്

**(ഒ.വി. വിജയൻ)**

**കഥാകാരനെ അറിയാം.**

ഒ.വി. വിജയൻ (1931 – 2005), നോവലിസ്റ്റ്, കഥാകൃത്ത്, ചിത്രകാരൻ, കാർട്ടൂണിസ്റ്റ്, പത്രപ്രവർത്തകൻ എന്നീ നിലകളിൽ പ്രസിദ്ധൻ.

- മലയാള സാഹിത്യത്തിൽ നവീന മുഖം നൽകിയ എഴുത്തുകാരൻ
- പാലക്കാട് ജില്ലയിൽ മങ്കരയിൽ ജനനം

**പ്രധാന കൃതികൾ :**

ഖസാക്കിന്റെ ഇതിഹാസം, ധർമ്മപുരാണം, ഗുരുസാഗരം, മധുരം ഗായതി, പ്രവാചകന്റെ വഴി, തലമുറകൾ (നോവലുകൾ), ഒരു നീണ്ട രാത്രിയുടെ ഓർമ്മക്കായി, അശാന്തി, ബാലബോധിനി, കടൽതീരത്ത്, കാറ്റ് പറഞ്ഞ കഥ (കഥാസമാഹരങ്ങൾ)

**കഥാപരിചയം**

മലയാള ചെറുകഥാ സാഹിത്യത്തിലെ ഏറ്റവും ശ്രദ്ധേയമായ കഥകളിലൊന്നാണ് കടൽതീരത്ത്. തൂക്കികൊല്ലാൻ വിധിക്കപ്പെട്ട മകനെ കാണാൻ ജയിലിലേക്ക് പോകുന്ന വെള്ളായിയപ്പൻ എന്ന വൃദ്ധ ഗ്രാമീണന്റെ കഥയാണിത്. മകന്റെ മരണശിക്ഷയ്ക്ക് സാക്ഷിയാകാൻ യാത്രയാവുന്ന വെള്ളായിയപ്പനും, വെള്ളായിയപ്പനൊപ്പം തേങ്ങുന്ന പാഴുതറ ഗ്രാമവുമാണ് കഥയെ മുന്നോട്ട് നയിക്കുന്നത്. നിസ്സഹായമായ ഗ്രാമീണ ജീവിതത്തിന്റെ നേർകാഴ്ചകളിലൂടെ കഥ നീങ്ങുന്നു. മകനുവേണ്ടി അമ്മ കൊടുത്തയച്ച പൊതിച്ചോറിൽ വീണ കണ്ണീരിന്റെ നനവ് വായനക്കാർക്കും അനുഭവിച്ചറിയാം. കൊച്ചു കൊച്ചു വാക്യങ്ങളിലൂടെ മുന്നേറുന്ന കഥ ധ്വനി സാന്ദ്രമാണ്. വാക്കുകൾക്കും വാക്യങ്ങൾക്കുമിടയിലെ നീണ്ട മൗനവും ധ്വനി പ്രധാനമാണ്. വെള്ളായിയപ്പൻ കണ്ണൂർ ജയിലിലെത്തുകയും ഇരുമ്പഴിക്കുള്ളിലെ ഇരുട്ടിൽ മകനെ കെട്ടിപ്പുണരുകയും ചെയ്യുന്നു. വധശിക്ഷയ്ക്കുള്ള ഒരുക്കങ്ങളും പുറത്തെ വെള്ളായിയപ്പന്റെ കാത്തിരിപ്പും വായനക്കാരന്റെ ഉള്ളു പൊള്ളിക്കുന്നു. ഒരുപേറ്റിച്ചിയെപ്പോലെ തന്റെ മകന്റെ ദേഹത്തെ വെള്ളായിയപ്പൻ പാറാവുകാരിൽ നിന്നും ഏറ്റുവാങ്ങി. മൃതദേഹം ജയിലധികൃതർക്ക് വിട്ടുകൊടുക്കാൻ മാത്രമേ വെള്ളായിയപ്പന് സാധിക്കുമായിരുന്നുള്ളൂ. വെള്ളായിയപ്പൻ ആദ്യമായി കടൽ കാണുന്നു. കടപ്പുറത്തെത്തിയ വെള്ളായിയപ്പന്റെ നിസ്സഹായതയെ കഥാകൃത്ത് ഹൃദ്യമായി ആവിഷ്ക്കരിച്ചിരിക്കുന്നു. ഒരു പൊട്ടിക്കരച്ചിലോ, തേങ്ങലോ ഇല്ലാതെ ഒരു ദേഹം കൂടി മണ്ണിലലിയുന്നു. യാത്രയിൽ കഴിക്കാൻ ഭാര്യ കൊടുത്തയച്ച പൊതിച്ചോറ് മകന്റെ ബലിച്ചോറായി മാറുന്നു.

**കഥാപാത്രങ്ങൾ**

വെള്ളായിയപ്പൻ, മരയ്ക്കാർ, നീലിമണ്ണാത്തി, കണ്ടുണ്ണി

*കഥാവിശകലനവും അനുബന്ധ ചോദ്യോത്തര സൂചികയും*

"വെള്ളായിയപ്പൻ യാത്ര പുറപ്പെടുമ്പോൾ വീട്ടിൽ നിന്നും കൂട്ട നിലവിളി ഉയർന്നു"

* അയൽ വീടുകളിലേക്ക്, അമ്പതിൽ ചില്ലാനം വീടുകളിലേക്ക് വിഷാദവും, സഹാനുഭൂതിയും നിറയുന്നത് കഥാകൃത്ത് അവതരിപ്പിക്കുന്നു.

ചോദ്യം : 1

പാഴുതറ എന്ന ഗ്രാമത്തെക്കുറിച്ച് എന്തെല്ലാം സൂചനകളാണ് ലഭിക്കുന്നത് (4 മാർക്ക്)

**സൂചന :**

- വ്യക്തിദുഃഖം സാമൂഹികദുഃഖമായി മാറുന്നു
- ഒരു ഗ്രാമം മുഴുവൻ വെള്ളായിയപ്പനൊപ്പം.
- കണ്ണൂരിലേക്കുള്ള യാത്ര പാഴുതറ ഗ്രാമത്തിന് വേണ്ടിയായിരുന്നു എന്ന് കഥാകൃത്ത് തന്നെ എഴുതുന്നുണ്ട് ("പണമുണ്ടായിരുന്നെങ്കിൽ പാഴുതറ ഗ്രാമത്തിലുള്ളവരത്രയും കണ്ണൂരിലേക്ക് പോകുമായിരുന്നു")
- 'നാട്യപ്രധാനം നഗരം ദരിദ്രം

  നാട്ടിൻപുറം നന്മകളാൽ സമൃദ്ധം'

  *കുറ്റിപ്പുറത്ത് കേശവൻ നായരുടെ വരികൾ ഇവിടെ സ്മരണീയം*

**ചോദ്യം : 2**

തീവണ്ടിയാപ്പീസിലേക്കുള്ള വെള്ളായിയപ്പന്റെ യാത്രക്കിടയിൽ കുട്ട്യസ്സൻ മാപ്പിളയെ കാണുന്നുണ്ടല്ലോ. "വെള്ളായിയെ, മരയ്ക്കാരെ" എന്നീ വാക്കുകളിൽ സംഭാഷണം അവസാനിക്കുന്നു. നീലിമണ്ണാത്തിയെ കാണുമ്പോഴും അങ്ങനെ തന്നെ. ജയിലിലെത്തിയപ്പോൾ വെള്ളായിയപ്പന്റെ "മകനേ" എന്ന വിളിയും, "അപ്പാ" എന്ന മറുവിളിയും വായനക്കാർ കേട്ടു.

ഇവിടെ കഥാപാത്രങ്ങളെക്കൊണ്ട് അധികം സംസാരിപ്പിക്കുന്നതേയില്ല. എന്തുകൊണ്ടായിരിക്കും കഥാകൃത്ത് ഇത്തരമൊരു രീതി സ്വീകരിച്ചിരിക്കുന്നത്? (4 മാർക്ക്)

കുറച്ച് മാത്രം എഴുതി വായനക്കാരെ കൂടുതൽ അനുഭവിപ്പിക്കുകയാണ് കഥാകൃത്ത് ചെയ്യുന്നത്. വാക്കുകൾക്കതീതമാണ് വെള്ളായിയപ്പൻ അനുഭവിക്കുന്ന വേദന. പിറ്റേന്ന് പുലർച്ചെ തൂക്കിലേറ്റപ്പെടുന്ന മകനെ ഒരു നോക്ക് കാണാനുള്ള യാത്രയാണയാളുടേത്. കുട്ട്യസ്സൻ മാപ്പിളയും, നീലിയുമായി വെള്ളായിയപ്പൻ കണ്ടുമുട്ടുമ്പോൾ, ആ വിളിയിൽ ദീർഘമായ സംഭാഷണങ്ങളെയാണ് കഥാകൃത്ത് മൗനം കൊണ്ട് വായനക്കാരനിലേക്കും സംക്രമിപ്പിക്കുന്നത്.

**ചോദ്യം – 3**

കഥ നടക്കുന്ന പശ്ചാത്തലം മനുഷ്യന്റെ മാനസികാവസ്ഥയുമായി ബന്ധപ്പെട്ടിരിക്കുന്നു. കഥയിലുടെ നീളം ഈ പ്രസ്താവന പുഴ കടക്കുമ്പോഴുള്ള വെള്ളായിയപ്പന്റെ അനുഭവമായി ബന്ധപ്പെട്ട് വിശകലനം ചെയ്യുക. (4 മാർക്ക്)

* പുഴ കടക്കുമ്പോൾ ഓർമ്മകളുടെ എത്രയെത്ര ചിത്രങ്ങളാണ് വെള്ളായിയപ്പന്റെ ഓർമ്മകളിൽ നിറയുന്നത്. പുഴയുടെ നടുക്കെത്തിയപ്പോൾ കുളിയുടെ അനുഭവം വെള്ളായിയപ്പനെ തളർത്തുന്നുണ്ട്. അച്ഛന്റെ ശവത്തെ കുളിപ്പിച്ചതും, മകനെ കുട്ടിക്കാലത്ത് കുളിപ്പിച്ചതും മകന്റെ ശവം ഏറ്റുവാങ്ങാനുള്ള യാത്രക്കിടയിൽ അച്ഛന്റെ ചേതനയറ്റ ശരീരം തെളിഞ്ഞു വരുന്നു. പുഴ കടന്ന് അപ്പുറത്തെ മേടു കയറുവോളം വെള്ളായിയപ്പൻ കരഞ്ഞു " എന്നാണ് കഥയിലെ വാചകം. സങ്കടത്തിന്റെ പുഴ അയാളുടെയുള്ളിൽ നിറഞ്ഞ് കവിഞ്ഞ് ഒഴുകുന്നു.

**ചോദ്യം – 4**

"അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റി മുറുകി" – അപരിചിതരുടെ സംഭാഷണങ്ങളെ ഒരു കൊലക്കയറായി വെള്ളായിയപ്പന് അനുഭവപ്പെടുന്നത് എന്തുകൊണ്ടാവാം (4 മാർക്ക്)

* പാഴുതറയ്ക്കപ്പുറമുള്ള ലോകം വെള്ളായിയപ്പന് അപരിചിതമാണ്. ഗ്രാമവിശുദ്ധിയിൽ ജനിച്ച വെള്ളായിയപ്പന് ഗ്രാമത്തിന് പുറത്ത്, നിന്ന് കേൾക്കുന്ന ഓരോ സംഭാഷണവും അപരിചിതമാണ്. കൊല

ക്കയറിന് മുന്നിൽ നിൽക്കുന്ന മകനെ കാണാനുള്ള യാത്ര - ഗ്രാമം വെള്ളായിയപ്പന് ഒരു സുരക്ഷയാണ്. നഗരം അരക്ഷിതാവസ്ഥയും നൽകുന്നു. കടുത്ത മാനസിക സംഘർഷങ്ങൾ അനുഭവിക്കുമ്പോൾ പ്രത്യേകിച്ചും കൊലക്കയർ എന്ന പ്രയോഗം വെള്ളായിയപ്പന്റെ മാനസികാവസ്ഥയോട് ചേർന്ന് നിൽക്കുന്നുണ്ട്.

**ചോദ്യം - 5**

"ഏതോ ശീലത്തിന്റെ സ്വാധീനത്തിൽ പാറാവുകാരൻ കടലാസ് നിവർത്തി നോക്കി, പാറാവുകാരന്റെ മുഖം പൊടുന്നെ കനിവുറ്റതായി "കനിവുറ്റതായി' എന്ന പ്രയോഗം എന്ത് സൂചനകളാണ് നൽകുന്നത് (4 മാർക്ക്)

* തൂക്കിലേറ്റപ്പെടുന്നവന്റെ അച്ഛനെ തിരിച്ചറിയുന്നു. ഒരു വ്യവസ്ഥയുടെ ഭാഗമായി ജോലി ചെയ്യുന്ന പാറാവുകാരൻ സാഹചര്യങ്ങളുടെ സമ്മർദ്ധത്താൽ പരുക്കനായിട്ടുണ്ടാവാം. കരുണ, സഹതാപം തുടങ്ങിയ ഭാവങ്ങൾ അയാളിൽ ഉണ്ടാവുന്നു. സഹജീവി സ്നേഹത്തിന്റെ ആർദ്രതയാണ് ഇവിടെ കാണുന്നത്.

**ചോദ്യം - 6**

പുഴ പോലെ തന്നെ അസ്തമയവും ഓർമ്മയുടെ ചുരങ്ങളിലേക്ക് വെള്ളായിയപ്പനെ കൊണ്ടു പോവുന്നുണ്ട്. കഥാപശ്ചാത്തലവും കഥാപാത്രത്തിന്റെ മാനസികാവസ്ഥയോട് ഇണങ്ങി നിൽക്കുന്ന രീതി. അസ്തമയം എന്തൊക്കെ ചിത്രങ്ങളാണ് വെള്ളായിയപ്പന്റെ ഓർമ്മകളുടെ കടലാസിൽ വരച്ചിട്ടത് (4 മാർക്ക്)

* പക്ഷികൾ പറന്നു കൂടു പറ്റുന്നു. (വെള്ളായിയപ്പൻ തന്റെ കൂട് വിട്ടിറങ്ങിയതാണ്... കുഞ്ഞിനെ തേടി) - മുണ്ടകപ്പാടത്തിന്റെ വരമ്പത്ത് തന്റെ ചെറുവിരലിൽ പിടിച്ച് കൊണ്ട് അസ്തമയത്തിലെ പക്ഷികളെ നോക്കി അത്ഭുതപ്പെട്ട മകൻ - അസ്തമയത്തിലൂടെ പാടത്തേക്കിറങ്ങി നടക്കുന്ന സ്വന്തം അപ്പൻ - അസ്തമയം ഒരു യാഥാർത്ഥ്യമാണ്. മരണമെന്ന പോലെ, മകന്റെ ശവം ഏറ്റുവാങ്ങാൻ പോകുന്ന വേളയിൽ ഉയരുന്ന ഓർമ്മകൾ കഥാ സന്ദർഭത്തെ കൂടുതൽ വൈകാരികമാക്കുന്നു.

**ചോദ്യം - 7**

മനുഷ്യർ മാത്രമല്ല, കടൽ, കരിമ്പന, പുഴ, ചവിട്ടടി പാത, പൊതിച്ചോറ്, കാക്കകൾ, ഇവയൊക്കെ കഥയിലെ പ്രധാന കഥാപാത്രങ്ങളാണ്. കാവ്യാത്മകമായി അവതരിപ്പിക്കുന്നതിനാൽ വെള്ളായിയപ്പനുൾപ്പെടെയുള്ള കഥാപാത്രങ്ങളോട് ഇവർ ചേർന്ന് നിൽക്കുന്നുണ്ട്. ശരിയോ? നിങ്ങളുടെ നിഗമനങ്ങൾ ഉദാഹരണ സഹിതം കുറിക്കുക (4 മാർക്ക്)

* കരിമ്പനകളിലെ കാറ്റ്, ദൈവാനുഗ്രഹമായി.

- കാൽവണ്ണയെ തഴുകികൊണ്ട്, പരൽ മീനുകളെ പേറികൊണ്ട് പുഴ ഒഴുകി.
- വെയിലിന്റെ മുകൾത്തട്ടിലെവിടെ നിന്നോ ബലികാക്കകൾ അന്നം കൊത്താനിറങ്ങി വന്നു.
- അവസാനത്തെ തിരിഞ്ഞുനോട്ടത്തിന്റെ ശ്രദ്ധാഞ്ജലിയോടെ വെള്ളായിയപ്പൻ നടന്നകന്നു.
- വീട്ടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണ്
- കാക്കക്കരച്ചിലോടെ മുകളിൽ പതുക്കെ ആകാശങ്ങൾ തെളിഞ്ഞു
- തുവർത്തിനകത്ത് കഴിക്കാതെ കിടന്ന പാഥേയം പുളിച്ചു
- അപരിചിതന്റെ സംഭാഷണങ്ങൾ - കൊലക്കയർ
- ഒരു പേറ്റിച്ചിയെപ്പോലെ തന്റെ മകന്റെ ദേഹത്തെ വെള്ളായിയപ്പൻ ഏറ്റുവാങ്ങി.

**ചോദ്യം - 8**

"കാരണവരേ, കട്ടാൽ മതി ജയിലെത്തിച്ചേരാം"

"എങ്ങട്ടാ ഈ രാവിലെ?"

വെള്ളായിയപ്പൻ വെങ്ങി. ഒരു കുട്ടിയുടെ നിസഹായതയോടെ അയാൾ പാറാവുകാരന്റെ മുമ്പിൽ നിന്നു.

*വെള്ളായിയപ്പനോടുള്ള നാഗരിക മനോഭാവത്തെക്കുറിച്ച് നിങ്ങളുടെ പ്രതികരണം എന്താണ്? കുറിപ്പായി എഴുതുക (4 മാർക്ക്)*

- വെള്ളായിയപ്പൻ തൂക്കിലേറ്റപ്പെടാൻ പോകുന്ന മകനെ ഒരുനോക്ക് കാണാനുള്ള യാത്രയിലാണ്.
- വെള്ളായിയപ്പന്റെ ദുഃഖം കാണാനുള്ള അകക്കണ്ണ് നഗരത്തിനില്ല
- കടുത്ത മാനസിക വ്യഥ അനുഭവിക്കുന്ന വെള്ളായിയപ്പന്റെ മുഖത്ത് നിന്ന് തന്നെ ആ വേദന വായിച്ചെടുക്കാവുന്നതാണ്.
- മാനസികാവസ്ഥയൊന്നും പരിഗണിക്കാതെ പരിഹസിക്കുന്ന സമീപനം
- പാറാവുകാരൻ വെള്ളായിയപ്പൻ നൽകിയ കടലാസിൽ നിന്ന് കാര്യങ്ങൾ മനസിലാക്കി കനിവുള്ളവനാകുന്നുണ്ട്

**ചോദ്യം – 9**

'പുഴ കടന്ന് അപ്പുറത്തെ മേടു കയറുവോളം വെള്ളായിയപ്പൻ കരഞ്ഞു" വെള്ളായിയപ്പനെ വേദനിപ്പിച്ച ഏതെങ്കിലും രണ്ട് കാരണങ്ങളെഴുതുക (2 മാർക്ക്)

- അപ്പന്റെ ശവം കുളിപ്പിച്ച ഓർമ്മ
- കുട്ടിയായിരുന്നപ്പോൾ മകനായ കണ്ടുണ്ണിയെ കുളിപ്പിച്ച ഓർമ്മ
- മരിച്ചുപോയ അപ്പനെക്കുറിച്ചുള്ള ഓർമ്മയും, തൂക്കിലേറ്റപ്പെടാൻ പോകുന്ന മകനെക്കുറിച്ചുള്ള ഓർമ്മയും വെള്ളായിയപ്പനെ തളർത്തുന്നു.

**ചോദ്യം – 10**

'പടച്ചവൻ തുണയ്ക്കട്ടെ, മുത്തുനബി തുണയ്ക്കട്ടെ. നിന്റേയും എന്റേയും ദൈവങ്ങൾ തുണയ്ക്കട്ടെ.", കാരണവരെ കട്ടാൽ മതി, ജയിലിലെത്തിച്ചേരാം"

*ഗ്രാമീണരും, നാഗരികരും വെള്ളായിയപ്പനോട് പെരുമാറുന്നത് ഒരുപോലെയാണോ? സ്വാഭിപ്രായം കുറിയ്ക്കൂ (4 മാർക്ക്)*

- അനുഭാവം, സഹഭാവം തുടങ്ങിയ വികാരങ്ങൾ ഗ്രാമീണരുടെ മനസിൽ...
- കയ്യിൽ പണമുണ്ടായിരുന്നെങ്കിൽ വെള്ളായിയപ്പനൊപ്പം കണ്ണൂരിലേക്ക് അയൽപക്കത്തുള്ളവർ പോകുമായിരുന്നു.
- നാഗരികരിൽ നിന്ന് അനാവശ്യമായ ചോദ്യങ്ങൾ
- ഗ്രാമീണനോടുള്ള നാഗരികന്റെ പരിഹാസം
- വെള്ളായിയപ്പന്റെ ദുഃഖം ഒറ്റക്കാഴ്ചയിൽ തന്നെ വായിച്ചെടുക്കാവുന്നതെങ്കിലും നാഗരികർക്ക് കഴിയാത്തത്

**ചോദ്യം – 11**

*"അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയർ പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റിമുറുക്കി'*

*ഈ വാക്യം നൽകുന്ന സൂചന എന്ത്? (1 മാർക്ക്)*

എ. ചോദ്യങ്ങൾ വെള്ളായിയപ്പനെ ശ്വാസം മുട്ടിച്ചു.

ബി. സംഭാഷണം വെള്ളായിയപ്പനെ അസ്വസ്ഥനാക്കി

സി. സംഭാഷണം അയാളെ സാന്ത്വനിപ്പിച്ചു

ഡി. ചോദ്യങ്ങൾക്ക് മുന്നിൽ അയാൾക്ക് ഉത്തരം മുട്ടിപ്പോയി.

**ചോദ്യം – 12**

*കടൽത്തീരത്ത് എന്ന കഥയിലെ ഏറ്റവും പ്രധാനപ്പെട്ട മനുഷ്യേതര കഥാപാത്രമായി പരിഗണിക്കാവുന്നതേത്? (1 മാർക്ക്)*

എ. കരിമ്പന

ബി. പുഴവെള്ളം

സി. ബലികാക്കകൾ

ഡി. പൊതിച്ചോറ്

**ചോദ്യം – 13**

"കാരണവർക്ക് താല്പര്യമുള്ള പോലെ ശവം സംസ്ക്കാരിക്കാം"

"വേണ്ട, എനിക്ക് താല്പര്യമില്ല"

"ശവത്തിന്റെ ചുമതല നിങ്ങൾ ഏൽക്കുന്നില്ലേ"

"യജമാനന്മാരെ എന്റെ കൈയിൽ പണമില്ല"

*കഥയിൽ നിന്ന് കൂടുതൽ സന്ദർഭങ്ങൾ കണ്ടെത്തി വെള്ളായിയപ്പൻ എന്ന കഥാപാത്രത്തെ കുറിച്ച് ഒരു നിരൂപണം തയ്യാറാക്കൂ (6 മാർക്ക്)*

- വെള്ളായിയപ്പന്റെ കണ്ണൂരിലേക്കുള്ള യാത്ര
- കോടച്ചി കെട്ടിതന്ന പൊതിച്ചോറ്
- വെള്ളായിയപ്പന്റെ ഓർമ്മയിലൂടെയുള്ള ദുഃഖസഞ്ചാരങ്ങൾ
- നഗരത്തിലെ അപരിചിതത്വം
- പാഴുതറയ്ക്കപ്പുറം ലോകം കാണാത്തയാൾ
- മകനെ കണ്ടുമുട്ടുന്ന രംഗം
- പേറ്റിച്ചിയെപ്പോലെ മകന്റെ ശവം ഏറ്റുവാങ്ങുന്നത്.
- ശവം വേണ്ടവിധം സംസ്ക്കാരിക്കാൻ പോലും അനുവദികാത്ത ദാരിദ്ര്യം
- പൊതിച്ചോറ് ബലിച്ചോറായി നൽകുന്ന മാനസികാവസ്ഥ

# പ്രിയദർശനം

**കുമാരനാശാൻ**

*(കവിത നളിനി)*

**എൻ.കുമാരനാശാൻ**
- ആധുനിക കവിത്രയത്തിൽ പ്രധാനി .
- സ്നേഹഗായകൻ എന്നറിയപ്പെടുന്ന കവി .
- 'ആശാൻ ആശയഗംഭീരൻ' എന്ന പ്രയോഗം ആശാന്റെ കാവ്യ പ്രപഞ്ചത്തിനുള്ള അംഗീകാരമാണ്.
- ശ്രീനാരായണഗുരുവിന്റെ ശിഷ്യൻ .
- സാമൂഹ്യപരിഷ്കരണത്തിന് നേതൃത്വം നൽകി.
- സ്ത്രീ സ്വാതന്ത്ര്യത്തെക്കുറിച്ച് പരാമർശിക്കുന്ന കൃതികൾ .
- കൃതികൾ നായികാപ്രാധാന്യമുള്ളതാണ്.

***പ്രധാനകൃതികൾ***

വീണപൂവ്, നളിനി, ലീല, പ്രരോദനം, ചിന്താവിഷ്ടയായ സീത, ദുരവസ്ഥ ചണ്ഡാലഭിക്ഷുകി, കരുണ.

## പ്രിയദർശനം

നളിനി എന്ന കാവ്യത്തിന് 'ഒരു സ്നേഹം' എന്നുകൂടി പേരുണ്ട്. നളിനി, ദിവാകരൻ എന്നിവരാണ് ഇതിലെ നായികാനായകൻമാർ. നളിനി എന്നാൽ താമരപ്പൂവും ദിവാകരൻ എന്നാൽ സൂര്യനും ആണ്. താമരയും സൂര്യനും തമ്മിലുള്ള ആത്മബന്ധം ഇവിടെ നായികാനായകൻമാരിൽ ചേർത്തുവെച്ചിരിക്കുന്നു. നളിനിയും ദിവാകരനും ബാല്യകാല കൂട്ടുകാരായിരുന്നു. അവരുടെ സ്നേഹം യൗവനത്തിൽ നളിനിയിൽ പ്രണയമായി മാറുന്നു. എന്നാൽ സന്യാസജീവിതം ആഗ്രഹിച്ച ദിവാകരൻ നാടുവിടുന്നു.ദിവാകരന്റെ വേർപാട് നളിനിയെ ദു:ഖത്തിലാഴ്ത്തി. വീട്ടുകാർ തനിയ്ക്ക് മറ്റൊരു വിവാഹം ആലോചിച്ചതറിഞ്ഞ നളിനി, വീട് വിട്ട് ഇറങ്ങിപ്പോകുന്നു. പൊയ്കയിൽ ചാടി മരണം വരിക്കാൻ ശ്രമിച്ച നളിനിയെ ഒരു സന്യാസിനി രക്ഷപ്പെടുത്തി ആശ്രമത്തിലേയ്ക്ക് കൊണ്ടു പോകുന്നു. നളിനി തപശ്ചര്യയാൽ ആശ്രമത്തിൽ കഴിയുന്നു. അഞ്ച് വർഷത്തിനു ശേഷം ഹിമവൽസാനുപ്രദേശത്ത് നളിനിയും ദിവാകരനും കണ്ടുമുട്ടുന്നു.ദിവാകരനെ കണ്ടമാത്രയിൽത്തന്നെ തിരിച്ചറിയുന്നു നളിനി .

താൻ നളിനിയാണെന്നും ദിവാകരനെ കണ്ടത് ജീവിത സാഫല്യമായി എന്നും പറയുന്ന നളിനിയോട് സന്യാസിയായ ദിവാകരൻ ശ്രദ്ധയോടെയും കരുതലോടെയുമാണ് സംസാരിച്ചത്.

***പാഠവിശകലനം***

- 'കഷ്ടകാലമഖിലം................ഞാൻ മഹാമതേ '.
- 'എന്റെ കഷ്ടകാലമെല്ലാം തീർന്നു. അങ്ങയെ കാണാൻ കഴിഞ്ഞത് എന്റെ ഏറ്റവും വലിയ ഭാഗ്യമാണ്. അല്ലയോ മഹാത്മാവേ, ഞാൻ പണ്ട് അങ്ങേയ്ക്ക് ഇഷ്ടയായിരുന്ന നളിനിയാണ് ' എന്നു നളിനി ദിവാകരനോട് പറഞ്ഞു.

**?** കഷ്ടകാലമഖിലം കഴിഞ്ഞു <u>ഹാ</u> ! അടിവരയിട്ട പദം അർഥമാക്കുന്നത് എന്ത്? '

- ജീവിതത്തിലെ ദുരിതങ്ങളുടെ, കാത്തിരിപ്പിന്റെ , യാതനയുടെ മുഴുവൻ ഭാരവും ഇറക്കിവെച്ച് ആശ്വാസം കൊള്ളുന്നതാണ് ഹാ! എന്ന പദം

**?** 'പണ്ടിഷ്ടയാം' എന്ന് പറയുന്നതിന്റെ അർഥവ്യാപ്തി വിശദമാക്കുക ?

- ബാല്യകാല സൗഹൃദത്തിന്റെ ഓർമ .
- ദിവാകരന്റെ സന്യാസരൂപം കണ്ട് ഇന്ന് ഇഷ്ടമുണ്ടോ എന്ന ആശങ്ക .

## *വിശകലനം*

? 'കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!
ദിഷ്ടമീ വടിവിയന്നു വന്ന പോൽ
ദൃഷ്ടനായിഹ ഭവാൻ ഭവാനുപ-
ണ്ടിഷ്ടയാം നളിനി ഞാൻ മഹാമതേ' - ഈ വരികളിലെ ശബ്ദഭംഗി കണ്ടെത്തി എഴുതുക ?

- എല്ലാവരിയിലെയും രണ്ടാമത്തെ അക്ഷരമായ 'ഷ്ട 'എന്നത് ആവർത്തിക്കുന്നു.
- താളഭംഗി , ശബ്ദഭംഗി.

❖ പ്രാണനോടുമൊരുനാൾ...............പ്രിയമൊരിക്കലീശ്വരൻ.

•• എന്റെ മരണത്തിനുമുമ്പ് എന്നെങ്കിലുമൊരിക്കൽ അങ്ങയുടെ പാദം കാണാൻ കഴിയുമെന്ന ആശയോടെ ഞാനിവിടെകഴിയുകയായിരുന്നു. മനസ്സുരുകി പ്രാർഥിക്കുന്നവരുടെ ആഗ്രഹം ഈശ്വരൻ സാധിച്ചുതരുകതന്നെ ചെയ്യും . ദിവാകരദർശനമായിരുന്നു തന്റെ ജീവിതലക്ഷ്യമെന്നും ഈശ്വരാനുഗ്രഹത്താൽ ഇന്നതു സാധിച്ചുവെന്നും സാരം.

? 'പ്രാണി' എന്ന് നളിനി സ്വയം വിശേഷിപ്പിച്ചതിന്റെ സാധുത പരിശോധിക്കുക?

- നിസ്സാരജീവി
- ഈശ്വരൻ ഏത് നിസ്സാര ജീവിയുടേയും പ്രാർഥന സഫലമാക്കും.
- അത്തരത്തിലുള്ള ഒരാളാണ് താനെന്ന് നളിനി പറയുന്നു.

? ഭവൽപദം വിഗ്രഹിച്ചാൽ ?

- ഭവാന്റെപദം

❖ സന്ന്യസിച്ചളവുമാസ്ഥയാൽ.................മോർത്തിടായ്കിലും

•• സന്ന്യാസം സ്വീകരിച്ചപ്പോഴും അങ്ങയോടുള്ള സ്നേഹം നിമിത്തം അങ്ങയെ ഓർത്തുകൊണ്ടാണ് ഞാൻ കഴിഞ്ഞത്. അങ്ങ് എന്നെ ഓർത്താലുമില്ലെങ്കിലും ഇന്ന് അപ്രതീക്ഷിതമായി അങ്ങയെ കാണാൻ കഴിഞ്ഞതിൽ ഞാൻ ഭാഗ്യവതിയാണ്. 'ധന്യയായി സപദി കാൺക മൂലം' - നളിനി പറയുന്ന ഈ വരികളിൽ നിന്നും ദിവാകരദർശനം ആയിരുന്നു നളിനിയുടെ ജീവിതലക്ഷ്യം എന്നും അതിനായിരുന്നു നാളിതുവരെയുള്ള കാത്തിരിപ്പും, അത് സഫലമായി എന്നും മനസ്സിലാക്കാം.

❖ ഏവമോതിയിടരാർന്നു...................സുഖോദയം

•• ഇപ്രകാരം പറഞ്ഞ്, ഒന്നും പറയാൻ കഴിയാതെ അവൾ കണ്ണുനീർ ചൊരിഞ്ഞു കൊണ്ടു നിന്നു. സ്നേഹബദ്ധരായവർ വേർപെട്ട് ഏറെക്കാലത്തിനുശേഷം അപ്രതീക്ഷിതമായി കണ്ടുമുട്ടുമ്പോൾ ഉണ്ടാകുന്ന സുഖം തപ്തവും വികാരവൈവശ്യമാർന്നതുമായിരിക്കും . അതിനാൽ ആ സുഖോദയം വികലമായിത്തീരും.

? സ്നേഹ ബന്ധത്തിലായിരുന്നവർ ഏറെ കാലത്തെ വേർപാടിനു ശേഷം കൂടി ചേരുമ്പോൾ സുഖത്തിന്റെ ഉദയം ഈ വിധം വികലമാകുന്നു. ഇങ്ങനെ പറയാൻ കാരണമെന്ത്?

- നളിനിയുടെ വികാര പാരവശ്യം.
- ദീർഘകാലത്തെ വിയോഗം വരുത്തിയ ദു:ഖം
- ഏറെ കാര്യങ്ങൾ പറയാനുണ്ടെങ്കിലും പറയാൻ ആവാത്ത അവസ്ഥ

? ഏവമോതി-പിരിച്ചെഴുതിയാൽ?

- ഏവം+ ഓതി.

❖ ധീരനായ യതി നോക്കി................ സുമോപമം

•• കരഞ്ഞ് തുടുത്ത് ബാഷ്പപൂർണമായ അവളുടെ മുഖം ധീരനായ ആ യതി നോക്കി. ദിവാകരൻ തന്നെ മറന്നുപോയതിലുള്ള സങ്കടം കൊണ്ടാണ് നളിനി കരഞ്ഞത്.എന്നാൽ പ്രഭാതത്തിൽ സൂര്യസാന്നിധ്യത്താൽ പനിനീർപ്പൂവ് വികസിക്കുന്നതുപോലെ , ദിവാകരസാന്നിധ്യം നളിനിക്ക് അമിതാനന്ദം നൽകിയെന്ന് ധ്വനിപ്പിച്ചിരിക്കുന്നു.സൂര്യകിരണമേറ്റു മഞ്ഞുതുള്ളികൾ നീരാവിയായിപ്പോകുന്നതുപോലെ നളിനിയുടെ ദുഃഖം അകന്ന് ആനന്ദം കൈവരുമെന്ന് ഈ ഉപമയിൽ പറയുന്നു.

? 'ധീരനായ യതി നോക്കി തമ്പി തൻ
ഭൂരിബാഷ്പപരിപാടലംമുഖം
പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ
ധാരയാർന്ന പനിനീർ സുമോപമം. ' - വരികളിലെ ചമത്കാര ഭംഗി കണ്ടെത്തി എഴുതുക ?

- കരഞ്ഞു തുടുത്ത നളിനിയുടെ മുഖം വർണിക്കുന്നു.
- ദിവാകരൻ തന്നെ തിരിച്ചറിയാത്തതിന്റെ വിഷമം
- ഉദയസൂര്യകിരണമേറ്റ് പനിനീർ വിടരുന്നു.
- കണ്ണുനീർ നിറഞ്ഞു ചൊമന്നു തുടുത്ത നളിനിയുടെ മുഖം പനിനീർ പൂവിനു തുല്യമാണ്.
- സൂര്യകിരണമേറ്റ് മഞ്ഞു തുള്ളികൾ നീരാവിയാകുന്നത് പോലെ ദിവാകര സാമീപ്യത്താൽ നളിനിയുടെ ദു:ഖം അകന്ന് സന്തോഷം കൈവരുന്നു എന്ന സൂചന.

ധീരനായ യതി- അടിവരയിട്ടവിശേഷണം ഇന്ദ്രിയങ്ങളെ നിഗ്രഹിച്ചവനാണ് യതി എന്ന സൂചന നൽകുന്നു.

ധാരയാർന്ന - ധാര+ ആർന്ന.

❖ ആരതെന്നുടനറിഞ്ഞു...................കനിഞ്ഞവൻ

•• അവളാരാണെന്നു പെട്ടന്നു മനസ്സിലാക്കിയ ദിവാകരൻ കൗതുകത്തോടെ, പഴയകാല കഥകളെ കരുതി മനോഹരമായ ശൈശവകാല കഥയ്ക്കനുസരിച്ച് ഇങ്ങനെ പറഞ്ഞു.

?. ആരതെന്നുടനറിഞ്ഞു - ഘടകപദങ്ങളാക്കുക?

- ആര്, അത്, എന്ന്, ഉടൻ, അറിഞ്ഞു

?. ചാരുശൈശവകഥയ്ക്ക് തന്നെ ചേർന്നോരുവാക്ക് - ശൈശവ കഥയെ വിശേഷിപ്പിക്കാൻ ഉപയോഗിച്ച പദം ഏത്? പ്രത്യേകത എന്ത്?

- ചാരുശൈശവകഥ എന്നു പറഞ്ഞിരിക്കുന്നു.
- ബാല്യകാലത്തിന്റെ മനോഹാരിത.
- ആ ഓർമകൾ നൽകുന്ന സന്തോഷം.

❖ പാരവും...............................വരുന്നയേ.

•• എനിക്കേറ്റവും പരിചയമുള്ള ഈ പേരും ഈ മധുരനാദവും നീയും നിന്റെ ദൂരെയുള്ള വീടും എല്ലാം എന്റെ ഓർമ്മയിൽ വരുന്നു.

- ദിവാകരന്റെ മനസിൽ ഓർമകൾ ഉണ്ടാവുന്നു . ആദ്യം നളിനിയെന്ന പേരും അവളുടെ ശബ്ദവും പിന്നെ രൂപവും അവളുടെ വീടും എന്ന ക്രമത്തിൽ ആണ്.

❖ കണ്ടുടൻ...........................വല്ലിയായി നീ.

•• കണ്ടയുടനെ നിന്നെ തിരിച്ചറിയാത്തതിൽ അല്ലയോ സഖീ, നീ ദുഃഖിച്ചു കരയേണ്ട ;അന്നു ഞാൻ നിന്നെ കാണുമ്പോൾ നീ ഒരിളം കുരുന്നായിരുന്നു . ഇന്നാകട്ടെ, വല്ലിയായി മാറിക്കഴിഞ്ഞു . കൗമാരപ്രായത്തിൽ താൻ കണ്ടിരുന്ന നളിനി ഇന്ന് പ്രായപൂർത്തിയായ ഒരു യുവതിയായി മാറിക്കഴിഞ്ഞു . വളർച്ചയിൽ സംഭവിച്ച ഈ വ്യത്യാസംകൊണ്ടാണ് താനവളെ തിരിച്ചറിയാതിരുന്നതെന്ന് ദിവാകരൻ പറയുന്നു.

– 'ണ്ട ' എന്ന അക്ഷരത്തിന്റെ ആവർത്തനം
– താളഭംഗി ശബ്ദഭംഗി.

**?** ഇളംകുരുന്ന്, വല്ലി – എന്നീ വിശേഷണങ്ങളിലൂടെ വ്യക്തമാകുന്നതെന്താണ്?

– നളിനിയുടെ ബാല്യകാലത്തിന്റെ എല്ലാ സവിശേഷതകളും ഇളംകുരുന്ന് എന്ന വിശേഷണത്തിൽ ഉണ്ട്.
– ഇളം കുരുന്നിന്റെ മൃദുത്വം , ഭംഗി.
– നളിനിയുടെഇപ്പോഴത്തെ അവസ്ഥയെ വള്ളിയോടു സാദൃശ്യപ്പെടുത്തിയിരിക്കുന്നു.
– വള്ളിയുടെ സൗന്ദര്യം , മറ്റൊന്നിലേക്കുള്ള പടരൽ
– നളിനിയുടെ സൗന്ദര്യം ചാപല്യം എന്നിവ പ്രകടമാവുന്നു.

❖ എന്നിൽനിന്നാണു .......................വത്സലേ

•• അല്ലയോ വത്സലേ, എന്നിൽനിന്ന് ചെറിയൊരപ്രിയം പോലും നിനക്കുണ്ടാവില്ല. സ്നേഹം കൊണ്ടുണ്ടാകുന്ന ദൗർബല്യം അന്നും ഇന്നും ഒരുപോലെ, നിന്നിൽ ഞാൻ കാണുന്നു. കാലമിത്രയായിട്ടും നളിനിയുടെ പ്രണയചാപല്യത്തിനു മാത്രം മാറ്റം വന്നിട്ടില്ലെന്ന് സാരം .

❖ പോയതൊക്കെ.......................വാണിടുന്നു

•• കഴിഞ്ഞതെല്ലാം കഴിഞ്ഞു . നമ്മുടെ പ്രായവും ലക്ഷ്യങ്ങളും മാറി.വേണ്ടത്ര പക്വത വന്നു. അതെല്ലാം പോകട്ടെ, നീ എന്തിനാണിവിടെ വസിക്കുന്നത്?

**?.** 'പോയതൊക്കെയഥവാ നമുക്കയേ
പ്രായവും സപദി മാറി കാര്യവും' – ദിവാകരൻ ഇങ്ങനെ പറയുന്നതിന്റെ പൊരുൾ കണ്ടെത്തുക?

– ബാല്യകാലത്തെ ചാപല്യം മറക്കുക എന്നും ഇപ്പോൾ നമ്മൾ പക്വത നേടിയവരായി എന്നും നളിനിയെ ഓർമപ്പെടുത്തുന്നു.
– ദിവാകരനെ കുറിച്ച് നളിനിയുടെ മനോഭാവത്തിൽ മാറ്റം വരുത്തുന്നതിനായി പറയുന്നു.

❖ ഓതുകിന്നതഥവാ ....................ശരീരികൾ.

•• അല്ലയോ മംഗളസ്വരൂപിണീ, നീഎന്തിനാണിവിടെ വസിക്കുന്നതെന്ന കാര്യം പറയുക. ഒരുപക്ഷേ അതിന്റെ കാരണം അന്വേഷിക്കുന്നത് വെറുതെയാണ്. ഏതോ കാര്യത്തിനുവേണ്ടി നീ തുനിഞ്ഞുവെന്നു കരുതിയാൽ മതി. ജീവികൾ അവരുടെ കർമപ്രേരണയാൽ ഏതു മാർഗമാണ് സ്വീകരിക്കാത്തത് ? ഓരോരുത്തരും അവനവന്റെ കർമഗതിയനുസരിച്ചാണ് മുന്നോട്ടു പോകുന്നത്. അതുകൊണ്ട് അതിന്റെ കാരണം അന്വേഷിക്കുന്നത് വൃഥാവിലാണെന്ന് യോഗി കരുതുന്നു. നളിനിയും അങ്ങനെ സ്വകർമപ്രേരിതമായ ഒരു മാർഗം സ്വീകരികരിച്ചതാവാം.

**?.** ഓതുകിന്നതഥവാ – ഘടകപദങ്ങളാക്കിയാൽ?

ഓതുക, ഇന്ന്, അത്, അഥവാ

❖ പിന്നെയൊന്നൊരു..................... വിവേകികൾ.

•• അല്ലയോ സഖീ ! ഞാൻ ഒരു കാര്യം കൂടി ചോദിക്കട്ടെ , നീ എന്നെയോർത്തു തപസ്സുചെയ്തുകൊണ്ട് ഇവിടെകഴിഞ്ഞെന്നു പറഞ്ഞല്ലോ. എന്തുപകാരമാണു നീ എന്നിൽ നിന്ന് പ്രതീക്ഷിക്കുന്നത് ? വിവേകികളായ ആളുകൾ സ്വന്തം ജീവിതം അന്യർക്ക് ഉപയോഗപ്രദമായ രീതിയിൽ വിനിയോഗിച്ച് കൃതകൃത്യരാകും. നളിനിക്കു വേണ്ടി എന്തെങ്കിലും ചെയ്യേണ്ടതുണ്ടെങ്കിൽ തികച്ചും സന്തോഷത്തോടെ താനതു ചെയ്യുമെന്നാണ് ദിവാകരൻ പറയുന്നത് . 'പരോപകാരാർഥമിദം ശരീരം' എന്ന ആശയമാണ് ദിവാകരൻ വെളിപ്പെടുത്തുന്നത്.

**?.** ദിവാകരൻ നളിനിയെ എങ്ങനെയെല്ലാമാണ് സംബോധന ചെയ്യുന്നത്?

സഖീ, വത്സലേ, ശുഭേ, അമലേ,
എന്നിങ്ങനെയാണ് ദിവാകരൻ
നളിനിയെ സംബോധന ചെയ്യുന്നത്.

**?. പ്രഭാഷണം തയാറാക്കുക.**

-'മത്സ്യതൊഴിലാളികൾ ഉൾപ്പെടെയുള്ളവരുടെ പ്രളയകാല സേവനങ്ങൾ'.
- 'ആരോഗ്യ പ്രവർത്തകരുടെ കോവിഡ് കാല ഇടപെടലുകൾ'- എന്നിവ സംബന്ധിച്ച പത്രവാർത്ത ശ്രദ്ധിച്ചിട്ടുണ്ടല്ലോ?

'അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ' - (നളിനി- ആശാൻ) - വാർത്തകളെയും പാഠത്തിലെ വരികളിലെ ആശയത്തെയും ഉൾപ്പെടുത്തി 'സേവനമാണ് ജീവിതം' എന്ന വിഷയത്തിൽ പ്രഭാഷണം തയാറാക്കുക ?

- പ്രഭാഷണത്തിന്റെ ഘടന.
- ആനുകാലിക സംഭവങ്ങളെ ( പത്രവാർത്തകളെ) വിശദമാക്കുന്നു.
- പ്രിയദർശനത്തിന്റെ ആശയം ക്രമീകരിക്കുന്നു. വിശകലനം ചെയുന്നു.
- സ്വന്തംനിരീക്ഷണം അവതരിപ്പിക്കുന്നു.

**?.** 'അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ" - (കുമാരനാശാൻ)

'അവനവനാത്മസുഖത്തിനാചരിക്കുന്നവ-
യപരന്നു സുഖത്തിനായി വരേണം." (ശ്രീ നാരായണ ഗുരു ) - വരികൾ താരതമ്യം ചെയ്ത് കാവ്യഭാഗത്തിലെ ജീവിതവീക്ഷണം കണ്ടെത്തി കുറിപ്പ് തയാറാക്കുക?

- ദിവാകരന്റെ വാക്കുകൾ.
- ശ്രീ നാരായണഗുരുവിന്റെ വരികൾ.
- പരോപകാരാർഥമിദം ശരീരം-(മറ്റുള്ളവർക്കു ഉപകാരപ്രദമായ കാര്യങ്ങൾ വിനിയോഗിച്ച് കൃതാർഥരാവുന്നു.
- കുമാരനാശാന്റെ ജീവിത ദർശനം.
- സ്വാർഥത വെടിഞ്ഞ് മറ്റുള്ളവരെ കൂടി മുന്നിൽ കണ്ട് ജീവിക്കുക.
- ജീവിതവുമായി ബന്ധമുള്ള ഈ കാഴ്ചപാടിൽ നളിനിയിലും ശ്രീനാരായണ ഗുരുവിന്റെ ദർശനവും ഒരേ പോലെയാവുന്നു.

# അടിസ്ഥാനപാഠാവലി

## യൂണിറ്റ് – 1
## ജീവിതം പടർത്തുന്ന വേരുകൾ

**ആമുഖം**

*മനുഷ്യ ജീവിതം പരസ്പരബന്ധത്തിന്റെയും വിശ്വാസത്തിന്റെയും അടിസ്ഥാനത്തിലാണ് മുന്നോട്ടു നയിക്കപ്പെടുന്നത്.കുടുംബ ബന്ധങ്ങളുടെ ദൃഢതയും ആഴവും വർധിക്കുമ്പോഴാണ് സമൂഹജീവി എന്ന നിലയിൽ മനുഷ്യന്റെ വ്യക്തിത്വം വികസിക്കുന്നത്.ഇതിലേയ്ക്ക് നയിക്കുന്ന നിരവധി സാഹചര്യങ്ങൾ നമുക്ക് ചുറ്റുമുണ്ട്. അവയുടെ അടിസ്ഥാനം കുടുംബ ബന്ധങ്ങളുടെ ദൃഢത തന്നെയാണ്. നമുക്ക് ജന്മം തന്നവരെയും വ്യക്തി വികാസത്തിന് കാരണക്കാരായവരെയും നാം പരിഗണിക്കുമ്പോഴാണ് നമ്മുടെ ജീവിതം നൻമയിലേയ്ക്ക് പടർന്നു പന്തലിക്കുന്നത്. അവരാണ് നമ്മുടെ വേരുകൾ' അവർ അർഹിക്കുന്ന സാന്ത്വനം നൽകാൻ നാം ഓരോരുത്തരും കടപ്പെട്ടവരാണ്.*

**പാഠഭാഗങ്ങൾ**

1. വേരുകൾ (ഡി. വിനയചന്ദ്രൻ) പ്രവേശകം
2. പ്ലാവിലക്കഞ്ഞി (തകഴി ശിവശങ്കരപ്പിള്ള)
3. ഓരോ വിളിയും കാത്ത് (യു.കെ.കുമാരൻ )
4. അമ്മത്തൊട്ടിൽ ( റഫീക്ക് അഹമ്മദ്)

## വേരുകൾ ( ഡി.വിനയചന്ദ്രൻ)

**പ്രധാന ആശയം**

- ഭൂമിയിൽ മരങ്ങൾ വളരുന്നതിന് സഹായിക്കുന്ന പ്രധാന ഘടകം അവയുടെ വേരുകളാണ്.
- വേരുകളിലൂടെ വലിച്ചെടുക്കുന്ന ലവണവും വെള്ളവും മാത്രമല്ല, വേരുകളുടെ ദൃഢതയും മരങ്ങളെ സംരക്ഷിക്കുന്നു.
- മനുഷ്യജീവിതത്തെ പരിപോഷിപ്പിക്കുന്ന നിരവധി ഘടകങ്ങൾ നമുക്ക് ചുറ്റുമുണ്ട്.
- സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും കരുതലിന്റെയും തായ്വേരുകളാണ് അവയിൽ മുഖ്യം
- കുടുംബബന്ധങ്ങളുടെ വേരുകൾ മനസ്സിലേയ്ക്ക് ആഴത്തിൽ സ്പർശിക്കുമ്പോഴാണ് മനുഷ്യജീവിതം സാർഥകമാകുന്നത്.

**പ്രവർത്തനം**

ഭൂമിയിൽ വൃക്ഷങ്ങളെ നിലനിർത്തുന്നതിൽ വേരുകൾക്കുള്ള പ്രാധാന്യം വളരെ വലുതാണ്. ഇതുപോലെ മനുഷ്യജീവിതത്തിന്റെ നിലനിൽപ്പിന് ആധാരമായ ഘടകങ്ങൾ എന്തെല്ലാം? ഡി.വിനയചന്ദ്രന്റെ വേരുകൾ എന്ന കഥയെ ആസ്പദമാക്കി കുറിപ്പു തയ്യാറാക്കുക?

**സൂചകങ്ങൾ**

- ♦ വേരുകളിലൂടെ ജലവും ലവണങ്ങളും വലിച്ചെടുത്താണ് മരം വളരുന്നത്
- ♦ വേരുകൾ മണ്ണിന്റെ ആഴങ്ങളിലേയ്ക്ക് ഇറങ്ങുന്നതിനനുസരിച്ച് മരത്തിന്റെ നിലനിൽപ് /ദൃഢത വർദ്ധിക്കുന്നു.
- ♦ മനുഷ്യൻ ജന്മബന്ധത്താൽ മാതാപിതാക്കളുമായി ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു.
- ♦ മനുഷ്യ മനസ്സിലെ പരസ്പര സ്നേഹവും കരുതലും അവനിലെ വ്യക്തി ജീവിതത്തെ സമ്പന്നമാക്കുന്നു.

e) വേരുകൾ ഭൂമിയിലേയ്ക്ക് ആഴ്ന്നിറങ്ങുമ്പോഴാണ് മരങ്ങൾ ഫലപുഷ്ടിയോടെ വളരുന്നത്

f) കുടുംബബന്ധങ്ങളുടെ വേരുകൾ ദൃഢമാകുമ്പോഴാണ് സമൂഹത്തിലേയ്ക്ക് കൂടി അവ വ്യാപിച്ച് വ്യക്തി സമൂഹത്തിന്റെ ഭാഗമാകുന്നത്

**ജീവിതം**

- പരസ്പര സ്നേഹം
- വിശ്വാസം
- സഹവർത്തിത്വം
- കൂട്ടായ്മ

**തകഴി ശിവശങ്കരപ്പിള്ള (19-12-1999)**

നോവലിസ്റ്റും കഥാകൃത്തുമായ തകഴി ശിവശങ്കരപ്പിള്ള ആലപ്പുഴ ജില്ലയിലെ തകഴിയിലാണ് ജനിച്ചത്.കുട്ടനാടിന്റെ കഥാകാരൻ എന്നാണ് അദ്ദേഹത്തെ അറിയപ്പെടുന്നത്. തനിക്കു ചുറ്റുമുള്ള സാധാരണക്കാരായ മനുഷ്യരുടെ ജീവിതമായിരുന്നു തന്റെ കഥയ്ക്ക് അദ്ദേഹം പ്രമേയമാക്കിയിരുന്നത്. ജന്മിമാരുടെ അടിമകളായി ജീവിതം തള്ളിനീക്കിയിരുന്ന തൊഴിലാളികളുടെ ദുഃഖപൂർണമായ കഥകളാണ് ഇവയിലധികവും.തിരുവനന്തപുരത്തെ സർക്കാരുദ്യോഗസ്ഥരുടെ ജീവിതം പ്രമേയമാക്കി എഴുതിയ ഏണിപ്പടികൾ, കർഷകരുടെ ദുരിതങ്ങൾ ചിത്രീകരിക്കുന്ന രണ്ടിടങ്ങഴി ,പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ജീവിത കഥയായ ചെമ്മീൻ എന്നീ നോവലുകൾ മലയാള സാഹിത്യത്തിലെ നാഴികക്കല്ലുകളാണ്. ജ്ഞാനപീഠ പുരസ്കാരം നേടിയ എഴുത്തുകാരൻ കൂടിയാണ് തകഴി.

**പ്രധാന കൃതികൾ**

ചെമ്മീൻ , രണ്ടിടങ്ങഴി , കയർ, ഏണിപ്പടികൾ, ഘോഷയാത്ര, അടിയൊഴുക്കുകൾ, അനുഭവങ്ങൾ പാളിച്ചകൾ, തെരഞ്ഞെടുത്ത കഥകൾ എന്റെ വക്കീൽ ജീവിതം

**അവാർഡുകൾ**

- ❖ വയലാർ അവാർഡ്
- ❖ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്
- ❖ കേരള സാഹിത്യ അക്കാദമി അവാർഡ്
- ❖ ജ്ഞാനപീഠം അവാർഡ്
- ❖ പത്മഭൂഷൺ

# 1. പ്ലാവിലക്കഞ്ഞി

**(തകഴി ശിവശങ്കരപ്പിള്ള)**

**ആശയം**

തകഴിശിവശങ്കരപ്പിള്ളയുടെ രണ്ടിടങ്ങഴി എന്ന നോവലിലെ പതിനേഴാം അധ്യായമാണ് പ്ലാവിലക്കഞ്ഞി. കുട്ടനാടിന്റെ കഥാകാരൻ എന്നറിയപ്പെടുന്ന തകഴി സാധാരണക്കാരായ തൊഴിലാളികളുടെ ജീവിതത്തെ ആധാരമാക്കി രചിച്ച കൃതിയാണ് രണ്ടിടങ്ങഴി .അധ്വാനിക്കുന്ന തൊഴിലാളികൾ അന്നത്തെ ജാതി വ്യവസ്ഥയുടേയും ജൻമി സമ്പ്രദായത്തിന്റെയും ഇരകളായിരുന്നു. അസംഘടിതരായ തൊഴിലാളികൾക്ക് അവരുടെ ആവശ്യങ്ങൾ പറയാൻ അവസരമുണ്ടായിരുന്നില്ല. നിരവധി ചൂഷണങ്ങൾക്ക് വിധേയരായിരുന്നു ഇവർ. എന്നാൽ തകഴിയുടെ കഥാപാത്രങ്ങൾ ഇതിനെതിരെ ശബ്ദമുയർത്തുന്നവരായിരുന്നു.ഇതിലെ പ്രധാനകഥാപാത്രമായ കോരൻ അർഹമായ കൂലിയ്ക്കു വേണ്ടി പ്രതികരിക്കാൻ തയ്യാറാവുകയാണ്.ഇതിന് അയാളെ പ്രേരിപ്പിക്കുന്ന നിരവധി ഘടകങ്ങളുണ്ട്.

തൊഴിലാളി വർഗമായതിനാൽ അരപ്പട്ടിണിയിൽ കഴിഞ്ഞ കോരനും ചിരുതയും നോവലിലെ സ്നേഹ ബന്ധങ്ങളുടെ മാതൃകകളാണ്.ഇല്ലായ്മയുടെ ഇരുട്ട് ബാധിച്ച അവരുടെ കുടിൽ സ്നേഹത്തിന്റെ ദീപനാളം കൊണ്ട് പ്രകാശിക്കുകയായിരുന്നു. ചിരുതയെ ആഹാരം കഴിപ്പിക്കാനായി തനിയ്ക്ക് വിശപ്പ് മാറിയെന്ന് ബോധിപ്പിക്കുന്ന കോരൻ, കുടുംബ സ്നേഹത്തിന്റെ മാതൃകയാണ്.തന്റെ ഭർത്താവിനു വേണ്ടി കഞ്ഞി കരുതി വെക്കുമ്പോഴും ഭർതൃപിതാവിനെ ശുശ്രൂഷിക്കുമ്പോഴും ചിരുത കാണിക്കുന്ന ശ്രദ്ധ കുടുംബബന്ധങ്ങളുടെ ദൃഢതയ്ക്ക് ഉദാഹരണങ്ങളാണ്. ദാരിദ്ര്യത്തിന്റെ പടുകുഴിയിൽ അകപ്പെട്ടവരാണ് അവർ. അതുവരെ അകന്നു കഴിയുകയായിരുന്ന പിതാവ് സ്വന്തം മകന്റെ കുടിലിലെത്തി ആഹാരം കഴിക്കുന്നു. അദ്ദേഹത്തെ സ്നേഹത്തോടെ ഊട്ടുന്ന ഭാര്യയെ കാണുമ്പോൾ കോരനിലെ നിർവൃതി അളവറ്റതാവുന്നു. ദാരിദ്ര്യത്തിലുപരി സ്നേഹ ബന്ധങ്ങൾ കൈകോർക്കുമ്പോൾ മനുഷ്യ ജീവിതം പടർന്നു പന്തലിക്കുമെന്ന സന്ദേശമാണ് ഈ പാഠഭാഗം മുന്നോട്ടു വെക്കുന്നത്.

**ആശയം**

- പരസ്പര സ്നേഹവും വിശ്വാസവുമാണ് ജീവിതത്തിനാധാരം
- സമൂഹ വളർച്ചയ്ക്ക് കുടുംബ ബന്ധത്തിന്റെ ദൃഢത ആവശ്യമാണ്.
- പഴയ കാല സാമൂഹിക വ്യവസ്ഥിതി ജനങ്ങളെ പ്രതികൂലമായി ബാധിച്ചു
- പ്രാദേശിക ഭാഷാഭേദം നോവലിന്റെ ഘടനയ്ക്ക് മിഴിവേകുന്നു.

**പ്രവർത്തനം**

'തമ്പ്രാ ഏനു നെല്ല് കൂലി മതി. ചക്രം മേണ്ട,
' കൈനകരി മുഴുവൻ രാത്രിയിൽ ഊന്നി നടന്നപ്പോൾ രാത്രിയുടെ കൂരിരുട്ടിൽ നടക്കുന്ന ചില വൻ വ്യാപാരങ്ങൾ കോരൻ കണ്ടു.'

മുകളിൽ കൊടുത്ത വാക്യങ്ങൾ അന്നത്തെ സാമൂഹിക വ്യവസ്ഥിതിയെക്കുറിച്ച് നൽകുന്ന സൂചനകൾ എന്തെല്ലാം? ലഘു കുറിപ്പ് തയ്യാറാക്കുക

**സൂചനകൾ**

- പാവപ്പെട്ട തൊഴിലാളി വർഗത്തിന്റെ ജീവിതം
- ജന്മി വ്യവസ്ഥയുടെ ഇരകളായിരുന്നു തൊഴിലാളികൾ

- കരിഞ്ചന്തയും പൂഴ്ത്തിവെപ്പും
- തൊഴിലാളികളുടെ പ്രതിഷേധം

കൈനകരി മുഴുവൻ രാത്രിയിൽ ഊന്നി നടന്ന കോരൻ, രാത്രിയുടെ മറവിൽ നടക്കുന്ന വൻ വ്യാപാരങ്ങൾ കാണാനിടയാകുന്നു .ജന്മിയുടെ വീടിന് മുന്നിൽ വള്ളങ്ങളിൽ കടത്തിക്കൊണ്ടു പോകുന്ന നെല്ല് പാവങ്ങളായ തൊഴിലാളികൾക്ക് നൽകാനുള്ളതല്ലേ എന്ന ചിന്ത കോരനെ ആകുലപ്പെടുത്തുന്നു.പക്ഷെ പ്രതികരിക്കാൻ കഴിയാതെ നിസ്സഹായനായി നിൽക്കുകയാണ് കോരൻ.

**പ്രവർത്തനം**

മറ്റു വേലക്കാർ ഒന്നും പറയാതെ വള്ളത്തിൽ കയറി.കോരൻ തന്നെ അവിടെ നിന്നതു കൊണ്ട് എന്തു പ്രയോജനമാണ്? ഒന്നുമില്ല, അവനും പോയി - ഈ വാക്യം നൽകുന്ന സൂചന എന്ത്?

**സൂചന -**

നിസ്സഹായത
ഒറ്റപ്പെടൽ
അസംഘടിതർ

പ്രതികരിക്കാൻ കഴിയാതെ തൊഴിലാളികൾ ജന്മിമാരുടെ അടിമകളായി നിൽക്കേണ്ടി വന്ന ദുരവസ്ഥ അന്നുണ്ടായിരുന്നു.

**പ്രവർത്തനം**

രാത്രിയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്തിയാലെന്ത്? നെല്ലു കൂലി കിട്ടിയില്ലെങ്കിൽ ജോലിക്കു പോകാതിരുന്നാലെന്ത്?കോരൻ ചിന്തിച്ചു.ജോലി ചെയ്തിട്ടും കൂലി ലഭിക്കാത്ത സാധാരണ തൊഴിലാളി വർഗത്തിന്റെ പ്രതിഷേധം സൂചിപ്പിക്കുന്ന വരികളാണ് ഇവ. ആ കാലത്തെ സാമൂഹിക ജീവിതം വ്യക്തമാക്കാൻ ഈ വാക്യങ്ങൾക്ക് കഴിയുന്നുണ്ടോ? പ്രതികരണക്കുറിപ്പ് തയ്യാറാക്കുക

**സൂചന**

ജന്മി വ്യവസ്ഥ
ചൂഷിതരായ തൊഴിലാളികൾ
പട്ടിണി, ദാരിദ്ര്യം
പ്രതിഷേധം

അന്ന് പാതിരായ്ക്ക് ശേഷം കയറി വന്ന കോരന്റെ കൈയിൽ നാഴിയരിയും നാലു ചക്രത്തിന് കപ്പയും ഉണ്ടായിരുന്നു. അത് സന്തോഷത്തിന്റെ നിമിഷങ്ങളായിരുന്നു.

**പ്രവർത്തനം**

'അങ്ങനെ പതിരായ്ക്കു ശേഷം അടുപ്പിൽ തീ എരിഞ്ഞു.ആ കുടിലിൽ വെളിച്ചമുണ്ടായി.,
ഈ വാക്യം നൽകുന്ന സൂചനയെന്ത്?

**സൂചന :-**

- അരിയും കപ്പയും കിട്ടിയ സന്തോഷം.

- തെളിച്ചമുള്ള മനസ്സ്
- ദാരിദ്ര്യത്തിലും സ്നേഹത്തിന്റെ തെളിച്ചം

**പ്രവർത്തനം**

'ഏനു മേണ്ട '
'എന്നാല് ഏനും കുടിക്കത്തില്ല '
'ഏനു മയറ്റില് ഒരു കമ്പിതമെടീ '
ചിരുതയ്ക്കും വാശിയുണ്ട്

അവസാനം അവളുടെ പ്രേരണയ്ക്ക് കോരൻ വശപ്പെട്ടു പോയി.
ഒരു ചട്ടിയുടെ ഇരുവശവുമായി ഭാര്യയും ഭർത്താവും ഇരുന്നു. അടുപ്പിലെ എരിതീയുടെ വെളിച്ചത്തിൽ അവർ കഞ്ഞി കുടിച്ചു തീർത്തു.

*കുടുംബബന്ധങ്ങളിലെ ഊഷ്മളഭാവങ്ങൾ ജീവിതത്തിന് കരുത്തും ഉണർവും നൽകുന്ന ഘടകങ്ങളാണ്. പാഠഭാഗത്തെ ആശയവു*മായി ബന്ധപ്പെടുത്തി വിശകലനം ചെയ്യുക.

**സൂചന:-**

- പാഠഭാഗത്തിലെ ആശയം
- ഭർത്താവിന്റെ കരുതൽ
- ഭാര്യയുടെ സ്നേഹം
- കുടുംബബന്ധങ്ങളുടെ കെട്ടുറപ്പ്
- പരസ്പര ധാരണ

**പ്രവർത്തനം**

"ഏനു മേണ്ട '
'എന്നാല് ഏനും കുടിക്കത്തില്ല '
'ഏനു മയറ്റില് ഒരു കമ്പി തമെടീ.' -
'എടീ കള്ളീ! നീയത് ഒളിച്ചുമച്ചിരുന്നോ?'
'എന്തിനായിത്? നാഴി അരി അല്യോ മച്ചൊള്ളൂ? നീ കുടി'

*ഈ സംഭാഷണ ഭാഗങ്ങളിൽ ഉപയോഗിച്ചിട്ടുള്ള ഭാഷ, ഒരു ദേശത്തെ അടയാളപ്പെടുത്തുന്നവയാണോ? വിലയിരുത്തി കറിപ്പ് തയ്യാറാക്കുക*

**സൂചന:-**

- പ്രാദേശിക ഭാഷകളാണ് ഒരു നാടിനെ അടയാളപ്പെടുത്തുന്നത്.
- ജീവിത സാഹചര്യങ്ങളെ വെളിപ്പെടുത്തുന്നു.
- സ്നേഹബന്ധത്തിന്റെ തീവ്രത

കോരനും ചിരുതയും തമ്മിലുള്ള ആത്മ ബന്ധത്തിന്റെ തീവ്രതയാണ് ഇതിലുള്ള സംഭാഷണങ്ങളിൽ കാണുന്നത്. ചിരുതയുടെ വിശപ്പ് മാറുന്നതിനായി, കഞ്ഞി കുടിക്കുന്ന ഭാവം കാണിക്കുകയാണ് കോരൻ.വളരെ കുറച്ചു മാത്രമാണെങ്കിലും അവ പങ്കിടുന്നതിലെ ചാരിതാർഥ്യം ഇരുവരും അനുഭവിക്കുന്നു. ജന്മി നൽകുന്ന നാഴികഞ്ഞിവെള്ളമെങ്കിലും ഉച്ചയ്ക്ക് തനിക്കു കിട്ടുമല്ലോ എന്ന് കരുതി, ചിരുതയെ കഞ്ഞി മുഴുവൻ കുടിക്കാൻ പ്രേരിപ്പിക്കുന്ന കോരൻ, യഥാർഥ കുടുംബസ്നേഹിയായി കാണാം.'വയറു

നിറഞ്ഞില്ലെങ്കിലും അവർ ഉറങ്ങി' എന്ന വാക്യം വളരെ അർഥവത്താണ്.

**പ്രവർത്തനം**

'വയർ നിറഞ്ഞില്ലെങ്കിലും അവർ ഉറങ്ങി'

*ഈ വാക്യം കോരന്റെയും ചിരുതയുടേയും ജീവിത സാഹചര്യങ്ങളെക്കുറിച്ച് നൽകുന്ന സൂചനയെന്ത്?*

**സൂചന :-**

- ♦ കുടുംബം ദരിദ്രമാണ്
- ♦ ഊഷ്മളമായ സ്നേഹബന്ധം ദാരിദ്ര്യത്തെ ഇല്ലാതാക്കുന്നു '
- ♦ പണത്തേക്കാൾ മനസ്സമാധാനമാണ് മനുഷ്യന് ആവശ്യം

നെല്ലിനു വേണ്ടി വാദിച്ച കോരന്, ജന്മി വീണ്ടും നൽകിയത്, ഒരുരൂപയാണ്.അത് മതിയാവില്ലെന്നറിഞ്ഞിട്ടും അയാൾക്ക് പ്രതികരിക്കാൻ കഴിയുന്നില്ല. കിട്ടിയ കൂലിയ്ക്ക് അരിയും കപ്പയും വാങ്ങി വന്ന കോരൻ വീട്ടിലെത്തിയപ്പോൾ കണ്ടത് ഒരു മനോഹരമായ കാഴ്ചയായിരുന്നു. കോരനെ കൈവെടിഞ്ഞ അച്ഛൻ, തിരിച്ച് അയാളെ തെരഞ്ഞ് വന്നിരിക്കുന്നു 'ചിരുത സന്തോഷത്തോടെ അയാളെ ഊട്ടുന്നു. അവളെ മോളേ എന്ന് വിളിക്കുന്നു.

**പ്രവർത്തനം**

- ♦ അതു കണ്ണു തണുപ്പിക്കുന്ന കാഴ്ചയായിരുന്നു.
- ♦ എന്തായിരുന്നു ആ കാഴ്ച ?ഇങ്ങനെ വിശേഷിപ്പിക്കാൻ കാരണമെന്ത്?

**സൂചന:-**

- വളരെക്കാലമായി വേർപിരിഞ്ഞ അച്ഛനുമായുള്ള കൂടിക്കാഴ്ച
- തന്റെ ഭാര്യ അച്ഛനെ ശുശ്രൂഷിക്കുന്നതിലെ സന്തോഷം
- അച്ഛൻ മരുമകളോട് കാണിക്കുന്ന സ്നേഹം

അച്ഛൻ വളരെ ക്ഷീണിതനായിരുന്നു' വൃദ്ധനായിരിക്കുന്നു.ശരീരമാകെ നീർക്കോൾ കൊണ്ട് വിളറിയിരിക്കുന്നു. എഴുന്നേൽക്കാൻ പ്രയാസപ്പെടുന്നുണ്ട്. അച്ഛന്റെ ശരീരം വിളറാൻ കാരണം, കപ്പ മാത്രം കഴിക്കുന്നതു കൊണ്ടാണെന്നും അരികിട്ടാനില്ലെന്നും അയാൾ പറയുന്നു

**പ്രവർത്തനം**

'അവിടെങ്ങും നെല്ലു കണി കാണാനില്ല! ഒള്ളോൻവെളീ കാണിക്കത്തില്ല. രാത്രീല് ഏഴു രൂപയാ വെല'

'മോനേ, നിങ്ങക്കിവിടെ കൂലി നെല്ലല്യേ?"

അല്ലച്ഛാ, നെല്ലു വെളീ കാണിക്കത്തില്ല. ഇന്നലെ ആറണ കൊടുത്തു നാഴി അരി മേടിച്ചു. ഇന്നിപ്പം ഇരുനാഴിയൊണ്ട് '

*ഈ സംഭാഷണത്തിൽ തെളിയുന്ന സാമൂഹിക സാഹചര്യമെന്ത്? ചർച്ചാക്കുറിപ്പ് തയ്യാറാക്കുക.*

**സൂചന:-**

- ജന്മി വ്യവസ്ഥ ദരിദ്രനെ വീണ്ടും ദരിദ്രനാക്കുന്നു.

- തൊഴിലാളികളെ ചൂഷണം ചെയ്യുന്നു
- പ്രതികരിക്കാനാവാത്ത തൊഴിലാളികൾ

അച്ഛനും മകനും തമ്മിലുള്ള സ്നേഹപ്രകടനങ്ങൾ ചിരുതയിൽ ആത്മഹർഷമുണ്ടാക്കി. പിതാവിനെ നോക്കിക്കൊണ്ടിരുന്ന കോരന്റെ കണ്ണു നിറഞ്ഞു. അപ്പനോട് തെറ്റു ചെയ്തു പോയെന്ന ചിന്ത അയാളെ വേദനിപ്പിച്ചു. പിണങ്ങിയിരുന്നിട്ടും അപ്പൻ തന്നെത്തേടി വന്നതോർത്ത് അയാൾ കൂടുതൽ വിഷമിച്ചു.

**പ്രവർത്തനം**

ദാരിദ്യത്തെ സ്നേഹം കൊണ്ട് അതിജീവിക്കുന്ന തൊഴിലാളികളെ നമുക്ക് പാഠഭാഗത്ത് കാണാം. വിലയിരുത്തുക

**സൂചന :-**

- ചിരുത കോരനെ ഊട്ടുന്ന രീതി
- വിശപ്പ് മറച്ചുവെച്ച് ഭാര്യയെ ആഹാരം കഴിപ്പിക്കുന്ന കോരൻ
- ചിരുതയുടെ ഭർതൃ സ്നേഹം
- അച്ഛനെ സ്നേഹത്താൽ ഊട്ടുന്ന ചിരുത
- ദാരിദ്ര്യത്തിലും മകനെത്തേടിയെത്തുന്ന അപ്പൻ
- അപ്പന്റെ വിശപ്പും ക്ഷീണവും കണ്ട്, തന്റെ തെറ്റിനെയോർത്ത് വിഷമിക്കുന്ന കോരൻ
- അപ്പനെ സ്നേഹപൂർവം പരിചരിക്കുന്ന ചിരുതയെ കണ്ടപ്പോൾ കോരക്കുണ്ടായ സന്തോഷം.

**അധികപ്രവർത്തനങ്ങൾ**

ഒറ്റവാക്കിൽ/ വാക്യത്തിൽ ഉത്തരമെഴുതുക

- ♦ ജീവിതത്തിൽ എന്തെന്തു സംഭാവനകൾ ചെയ്ത ഒരു ജീവിതത്തിന്റെ അവസാനാധ്യായങ്ങളാണ് ഒരു കുറുകുറുപ്പോടെ അവിടെ വലിച്ചു കഴിയുന്നത്' എഴുത്തുകാരൻ ഇത്തരത്തിൽ പരാമർശിക്കുന്നത് ആരെക്കുറിച്ചാണ്?
- ♦ പുഷ്പവേലിൽ ഔസേപ്പ്
- ♦ കോരന്റെ പിതാവ്
- ♦ ചിരുത
- ♦ അവനുണ്ടാക്കിയ നെല്ല് മറ്റാരുടെയോ വകയായിരുന്നു' പരിഹാസവും നിസ്സഹായതയും നിറഞ്ഞ ഈ ചിന്ത ആരുടേതാണ്?
- ♦ കോരൻ
- ♦ ചിരുത
- ♦ കോരന്റെ പിതാവ്
- ♦ കോരന്റെ ജീവിതത്തിലെ സ്മരണീയ ദിവസമായി നോവലിസ്റ്റ് വിശേഷിപ്പിക്കുന്നത് ഏതാണ്?
- ♦ നെല്ല് കൂലിയായി ചോദിച്ച ദിവസം
- ♦ അപ്പന് വയറുനിറച്ച് കഞ്ഞിവെച്ച് കൊടുത്ത ദിവസം
- ♦ രാത്രിയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്താൻ ആലോചിച്ച ദിവസം
- ♦ അവന്റെ ഒരു ദിവസത്തെ കൂലിയിലെ കടം അന്നവൻ വീട്ടിക്കഴിഞ്ഞു' ഇവിടെ പരാമർശിക്കുന്ന സംഭവം എന്ത്?

- നെല്ല് കൂലി കിട്ടിയില്ലെങ്കിൽ ജോലിയ്ക്ക് പോകാതിരുന്ന് പ്രതിഷേധിക്കാമെന്നു കരുതിയ കോരന്റെ മനസ്സിലേയ്ക്ക് വന്ന ചിന്തകൾ എന്തെല്ലാമായിരുന്നു?
- 'അത് കണ്ണു തണുപ്പിക്കുന്ന ഒരു കാഴ്ചതന്നെയായിരുന്നു'. ഏത്? അടിവരയിട്ടിരിക്കുന്ന പ്രയോഗത്തിന്റെ അർഥമെന്ത്?

***മാതൃകയനുസരിച്ച് മാറ്റിയെഴുതുക***

എരിതീ – എരിയുന്ന തീ
പട്ടിണിക്കാലം –
അപരാധബോധം –
നെല്ലുവില –
പ്ലാവില –

***അർഥവ്യത്യാസം കുറിക്കുക***

എത്ര **കോടി** ഉദരങ്ങൾ ഈ വൃദ്ധന്റെ പ്രയത്നഫലം കൊണ്ട് നിറഞ്ഞിരിക്കുന്നു.
ഓണത്തിന് **കോടി** ധരിക്കുക കേരളീയരുടെ ശീലമാണ്

*അടിവരയിട്ടിരിക്കുന്ന പദത്തിന്റെ അർഥവ്യത്യാസം കുറിക്കുക*

***രണ്ടു വാക്യങ്ങളാക്കി മാറ്റിയെഴുതുക***

കൈനകരി മുഴുവൻ രാത്രി ഊന്നി നടന്നപ്പോൾ രാത്രിയുടെ കൂരിരുട്ടിൽ നടക്കുന്ന ചില വൻ വ്യാപാരങ്ങൾ കോരൻ കണ്ടു.

***കഥാപാത്രനിരൂപണം തയ്യാറാക്കുക***

രാത്രിയിൽ നടക്കുന്ന രഹസ്യവ്യാപാരം പരസ്യപ്പെടുത്തിയാലോ?

'തമ്പ്രാ ഏന് നെല്ല് കൂലി മതി. ചക്രം മേണ്ട'
'എടീ കള്ളീ നീയത് ഒളിച്ച് മച്ചിരുന്നോ?'
'അച്ഛന് ഒരുനേരമെങ്കിലും വയറു നെറച്ച് ചോറു കൊടുക്കണം'

*കോരന്റെ സ്വഭാവസവിശേഷതകളിലേയ്ക്ക് നയിക്കുന്ന ചില സൂചനകളാണിവ.*
*പാഠഭാഗത്തെ മറ്റ് സന്ദർഭങ്ങൾ കൂടി പരിഗണിച്ച് കഥാപാത്രനിരൂപണം തയ്യാറാക്കുക*

***സൂചനകൾ–***

- കഠിനാധ്വാനിയായ കർഷകത്തൊഴിലാളി
- സ്നേഹിക്കാനുള്ള മനസ്സ്
- ജന്മിത്തത്തോടുള്ള പ്രതിഷേധം
- പിതാവിനോടുള്ള സ്നേഹം
- സംഘബോധം

- പ്ലാവിലക്കഞ്ഞി എന്ന ശീർഷകത്തിന്റെ ഔചിത്യമെന്ത്?
- പകലന്തിയോളം അധ്വാനിക്കുന്ന കോരന് ഒരു നേരത്തെ ആഹാരത്തിനുള്ള നെല്ലോ പണമോ ലഭിക്കുന്നില്ല
- ദാരിദ്ര്യത്തിൽ മുങ്ങിയ ജീവിതം
- കർഷകത്തൊഴിലാളികൾ ജന്മിമാരുടെ അടിമകളാണ്
- ഒരിറ്റു കഞ്ഞിവെള്ളം പോലും കിട്ടാതെ അധ്വാനിക്കേണ്ടി വരുന്ന കർഷകർ
- ദാരിദ്ര്യത്തിന്റെ സൂചന പേരിൽത്തന്നെ കാണാം

# 2. ഓരോ വിളിയും കാത്ത്

**യു.കെ. കുമാരൻ**

## കഥാകാരനെ അറിയാം

1950ൽ കോഴിക്കോട് ജില്ലയിലെ പയ്യോളിയിൽ ജനനം. നോവലിസ്റ്റ്, ചെറുകഥാകൃത്ത്, പത്രപ്രവർത്തകൻ എന്നീ നിലകളിൽ പ്രസിദ്ധൻ

## പ്രധാന കൃതികൾ

പുതിയ ഇരിപ്പിടങ്ങൾ, മടുത്ത കളി, അടയാളങ്ങൾ വന്നുകൊണ്ടിരിക്കുന്നു, അച്ഛൻ ഉറങ്ങുന്നില്ല, ഒറ്റക്കൊരു സ്ത്രീ ഓടുന്നതിന്റെ രഹസ്യമെന്ത്? വീട് സംസാരിക്കുന്നു, മദ്ധ്യേയിങ്ങനെ കാണുന്ന നേരത്ത്, മതിഭ്രമങ്ങളുടെ കാലം, കുടുംബ മ്യൂസിയം (ചെറുകഥാ സമാഹാരങ്ങൾ) തക്ഷൻകുന്ന് സ്വരൂപം, ഒറ്റവാക്കിൽ ഒരു ജീവിതം, കാണുന്നതല്ല ജീവിതം (നോവൽ)

## കഥാപരിചയം

യു.കെ. കുമാരന്റെ ശ്രദ്ധേയമായ ഒരു കഥയാണ് ഒരോ വിളിയും കാത്ത്. അച്ഛന്റെ മരണത്തോടെ ഒറ്റപ്പെട്ടുപോയ ഒരമ്മയുടെ വേദനകളും വിഹ്വലതകളുമാണ് കഥ പങ്കുവെയ്ക്കുന്നത്. അച്ഛന്റെ മരണാനന്തര ചടങ്ങുകളെല്ലാം കഴിഞ്ഞ് നഗരത്തിലേക്ക് തിരികെ പോകുന്ന മകൻ അമ്മയെ ഒപ്പം വരാൻ വിളിക്കുകയാണ്. ആദ്യം വിസമ്മതിച്ചെങ്കിലും മകന്റെ നിർബന്ധത്തിന് വഴങ്ങി നഗരത്തിലേക്ക് വരാമെന്ന് അമ്മ വാക്ക് കൊടുക്കുന്നു. എന്നാൽ അച്ഛന്റെ ശബ്ദവും നിറസാന്നിദ്ധ്യമായിരുന്ന വീടിന്റെ ഓർമ്മകളിൽ നിന്ന് മടങ്ങിപ്പോകാൻ അമ്മ തയ്യാറാവുന്നില്ല. സ്നേഹപൂർവ്വമുള്ള ഈ നിഷേധത്തിൽ നിന്നും പരസ്പര സ്നേഹവും കരുതലും പങ്കുവെക്കലുമുള്ള കുടുംബം എന്ന ഇടത്തിന്റെ ഹൃദ്യതയെ തൊട്ടറിയുന്നു നമ്മൾ ഈ കഥയിലൂടെ....

## കേന്ദ്രാശയം

ബാഹ്യസൗന്ദര്യമല്ല ഒരു വീടിനെ വീടാക്കി മാറ്റുന്നത്. പരസ്പര സ്നേഹവും കരുതലും പങ്കുവെയ്ക്കലുമാണ്. സ്നേഹസമ്പന്നമായ ഒരുവീടിന്റെ ലക്ഷണം, വർത്തമാനകാലത്ത് കാണുന്ന ചില സ്നേഹനിഷേധങ്ങളുടെ യഥാർത്ഥ്യങ്ങൾ എന്നിവ ഈ കഥയിൽ ചർച്ച ചെയ്യപ്പെടുന്നു. അനാഥമാക്കപ്പെടുന്ന വാർദ്ധക്യത്തേയും അവരുടെ ജീവിത പരിസരങ്ങളും ഹൃദ്യമായി ആവിഷ്ക്കരിക്കുന്ന കഥയാണ് ഓരോ വിളിയും കാത്ത്.

## കഥാപാത്രങ്ങൾ

അമ്മ, അച്ഛൻ, മകൻ, കണാരൻ, ചാത്തുവച്ചൻ, അമ്പു, കുറുപ്പ്, പൈക്ക കച്ചവടക്കാരൻ

കഥാ വിശകലനവും അനുബന്ധ ചോദ്യോത്തര സൂചികയും

- അച്ഛന്റെ വേർപാടിൽ തനിച്ചായ അമ്മ
- അച്ഛന്റെ ഓരോ വിളിക്ക് പിന്നാലെയും ഓടുന്ന അമ്മയെക്കുറിച്ചുള്ള മകന്റെ ഓർമ്മകൾ
- അമ്മയെ തനിച്ചാക്കി പോകുന്നതിലുള്ള മകന്റെ ആശങ്ക

അനാഥമാക്കപ്പെടുന്ന വാർദ്ധക്യങ്ങളെ സൂചിപ്പിച്ചുകൊണ്ടാണ് കഥ തുടങ്ങുന്നത്. തുടർന്ന് കുടുംബബന്ധങ്ങളുടെ ഇഴയടുപ്പവും അവർ വെച്ച് പുലർത്തുന്ന സ്നേഹാദരങ്ങളും വിഷയമാകുന്നു. അമ്മയെ തനിച്ചാക്കി പോകുന്ന മകന്റെ ആശങ്ക അവതരിപ്പിക്കുന്നതിലൂടെ സ്വാർത്ഥമതികളായ പുതുതലമുറക്കിടയിൽ ഈ മകനെ പോലെ മാതാപിതാക്കളെ സംരക്ഷിക്കാനുള്ള മനോഭാവം വെച്ച് പുലർത്തുന്ന നന്മയുടെ ചില പുതുനാമ്പുകളും ഉണ്ടെന്ന് നമുക്ക് കണ്ടെത്താം.

ഏതോ ദിശയിൽ നിന്ന് അടിച്ചെത്തിയ കാറ്റിൽ ശബ്ദങ്ങളുടെ കരിയിലകൾ അപ്പാടെ മാറിപ്പോയിരിക്കുന്നു. അച്ഛന്റെ ശബ്ദവും സാന്നിധ്യവുമായിരുന്നു വീട്. ഇപ്പോൾ ഇതൊരു വീടല്ല. നീണ്ട വരാന്തകളും വെൺമയാർന്ന ചുമരുകളും വിലയ ജനലുകളും വാതിലുകളുമെല്ലാം ഉണ്ടെങ്കിൽ പോലും ഇതൊരു വീടാവുന്നില്ല.

അച്ഛന്റെ മരണം വരുത്തിയ ശൂന്യതയും നിശബ്ദതയും വീടിനെ വീടല്ലാത്താക്കി തീർത്തിരിക്കുന്ന. അച്ഛന്റെ വേർപാടിനെ ഒരുപാട് പേർ ഒന്നിച്ചിറങ്ങിപ്പോയത് പോലൊരു ശൂന്യതയെയാണ് കഥാകാരൻ പറയുന്നത്. ഏതോ ദിശയിൽ നിന്ന് അടിച്ചെത്തിയ കാറ്റിൽ ശബ്ദങ്ങളുടെ കരിയിലകൾ പാറിപ്പോയാലെന്നപോലൊരു ശൂന്യത എന്ന് കൂടി കൂട്ടിച്ചേർത്ത് ആ വീടിന്റെ നിശബ്ദതയുടെ ആഴം നമ്മെ ബോധ്യപ്പെടുത്തുന്നു. സ്നേഹം, പരസ്പര വിശ്വാസം ബഹുമാനം കരുതൽ തുടങ്ങിയ മൂല്യങ്ങളുടെ അടിത്തറയിൽ പണിത കെട്ടുറപ്പുള്ള ഒരു സാമൂഹിക ഇടമാണ് വീട്. അല്ലാതെ വെറും ചുമരുകളും വാതിലുകളും ജനലുകളുമായാൽ വീടാവില്ല എന്ന് മകൻ തിരിച്ചറിയുന്നു.

**അനുബന്ധ ചോദ്യം**

1. ‘ഇപ്പോൾ ഇതൊരു വീടല്ല, നീണ്ട വരാന്തകളും വെൺമയാർന്ന ചുമരുകളും വലിയ ജനലുകളും വാതിലുകളുമെല്ലം ഉണ്ടെങ്കിൽ പോലും ഇതൊരു വീടാവുന്നില്ല” കഥ വിശകലനം ചെയ്ത് വീടിനെക്കുറിച്ചുള്ള കഥാകൃത്തിന്റെ സങ്കൽപ്പം ചർച്ച ചെയ്യുക.

## ഉത്തര സൂചിക

പരസ്പരവിശ്വാസം, പങ്കുവെയ്ക്കൽ, കരുതൽ, പരസ്പര സ്നേഹം, അയൽ ബന്ധങ്ങൾ, കൂട്ടായ്മ എന്നിവയിൽ പുലരുന്നു കഥയിലവതരിപ്പിച്ച വീട്.

കഥയിലവതിരിപ്പിച്ച വീടും ഇന്നത്തെ വീടുകളും താരതമ്യം

**ക്രോഡീകരണം**

3. കഥാ വിശകലനം:

രോഗശയ്യയിലായിരുന്നപ്പോഴും അച്ഛൻ തനിക്ക് ചുറ്റും നടന്നിരുന്ന കാര്യങ്ങളിൽ ശ്രദ്ധിച്ചിരുന്നു. മനസിന്റെ ‘ക്ലാവു പിടിച്ച കണ്ണാടിയിലൂടെ അച്ഛൻ കണ്ടെതെല്ലാം ശരിയായിരുന്നു.

* രോഗശയ്യയിലും മങ്ങിയ ഓർമ്മകളിൽ നിന്ന് അച്ഛൻ കാണുന്ന കന്നിപ്പാടത്തെ വെയിലിന്റെ വേലിയേറ്റവും, കമുകിൻ തോട്ടങ്ങളിലൂടെ പറന്നു പോകുന്ന വാവലുകളുടെ ചിറകടിയൊച്ചയും, പഴുക്കടക്കയും, വരണ്ടതേങ്ങയും വരമ്പിലേക്ക് ചാഞ്ഞ് കിടക്കുന്ന കതിരിൽ ചവിട്ടി ആരോ നടന്നു പോകുന്നുവെന്ന അച്ഛന്റെ തോന്നലുമെല്ലാം കുടുംബത്തോട് ഏറെ സ്നേഹവും ഉത്തരവാദിത്തവും അതിലുപരി കൃഷിയോട് ഏറെ ആഭിമുഖ്യവുമുള്ള ഒരു നല്ല കുടുംബനാഥനെ കാണിച്ച് തരുന്നു.

4.

‘എനീപ്പം എന്നെക്കൊണ്ട് ഒന്നും വയ്യാന്ന് നെനക്ക് തോന്നി അല്ലേ. ആയിക്കോ ആയിക്കോ ഇതൊക്കെ ഉണ്ടാക്കിത്തരാൻ എനിക്ക് കയിഞ്ഞല്ലോ അതോർത്താ മതി‘

കണ്ണു കാണാതായിട്ടും നടക്കാൻ പറ്റാതായിട്ടും നിങ്ങൾ വിളിക്കുന്നേടത്തും പറേന്നേടത്തും ഞാൻ എത്തുന്നുണ്ടല്ലോ അത് തന്നെ വല്യ കാര്യം’

കലഹിക്കുമ്പോഴും അച്ഛനുമമ്മയും തമ്മിൽ അഗാധമായ സ്നേഹം ഉണ്ടായിരുന്നു. ഇത്തരം ഇണക്കങ്ങളുടെയും പിണക്കങ്ങളുടെയും പരാതികളുടെയും പരിഭവങ്ങളുടെയും ശബ്ദങ്ങളിലൂടെയാണ് വീടുകൾ സജീവമാകുന്നത്.

5.

കണാരൻ, അയൽക്കാരൻ ചാത്തുവച്ചൻ, അമ്പു, കുറുപ്പ് , പൈക്കച്ചവടക്കാരൻ ഇവരുമായുള്ള ബന്ധം.

* പ്രകൃതിയോടും കുടുംബത്തോടും മാത്രമല്ല അച്ഛന്റെ സ്നേഹം പ്രകടമായിരുന്നത്. അയൽപക്ക ബന്ധങ്ങൾക്കും അദ്ദേഹം വലിയ പ്രാധാന്യം കൊടുത്തിരുന്നു. ബന്ധങ്ങൾക്ക് യാതൊരു വിലയും കൽപിക്കാത്ത വർത്തമാനകാലത്ത് ഈ കഥക്ക് വലിയ പ്രാധാന്യമുണ്ട്.

**അനുബന്ധ ചോദ്യങ്ങൾ:**

1. അച്ഛന്റെ സ്വഭാവ സവിശേഷതകൾ, കഥയിലെ സ്ഥാനം എന്നിവ വ്യക്തമാവുന്ന സന്ദർഭങ്ങൾ കണ്ടെത്തി കഥാപാത്രനിരൂപണം തയ്യാറാക്കുക.

ഉത്തരസൂചിക :

> അച്ഛൻ കുടുംനാഥനെന്ന നിലയിൽ

> കൃഷിക്കാരനെന്ന നിലയിൽ

> അയൽപക്കബന്ധങ്ങൾ പുലർത്തുന്നവൻ എന്ന നിലയിൽ

2. സ്നേഹവും, പരസ്പര വിശ്വാസവും കൂട്ടായ്മയും ഒത്ത് ചേരുമ്പോഴാണ് ജീവിതം പടർന്ന് പന്തലിക്കുന്നത്.' ജീവിതം പടർത്തുന്ന വേരുകൾ' എന്ന യൂണിറ്റിലെ പാഠങ്ങളുടെ അടിസ്ഥാനത്തിൽ ഉപന്യാസം തയ്യാറാക്കുക.

ഉത്തരസൂചിക:

> വൃക്ഷങ്ങളെ വീഴാതെ നിർത്തുന്നത് ബലവും ആഴവുമുള്ള വേരുകളാണ്. അതു പോലെ സ്നേഹത്തിന്റെ ഊഷ്മളതയിലാണ് കുടുംബത്തിന്റെ കെട്ടുറപ്പ്.

> പരസ്പരസ്നേഹം, വിശ്വാസം, സഹവർത്തിത്വം, കൂട്ടായ്മ തുടങ്ങിയ ജീവിതമൂല്യങ്ങളാണ് ഓരോ പാഠങ്ങളും ചർച്ച ചെയ്യുന്നത്.

> ഇല്ലായ്മയിലും പങ്കുവെയ്ക്കപ്പെടുന്ന ജീവിതം

> വാർദ്ധക്യത്തോട് പുതിയ തലമുറയുടെ സമീപനം.

> അയൽപക്കബന്ധങ്ങൾ സംരക്ഷിക്കപ്പെടേണ്ടതാണ്.

**കഥാ വിശകലനം:**

VI.

'നെന്റെ വീട്ടിലിരുന്നാൽ കൂമൻ മൂളുന്ന ഒച്ച കേക്കോ നീയ്'

'ഇല്ലച്ഛമ്മേ ഒന്നും കേക്കില്ല. ടീവീ ന്റെ ഒച്ച മാത്രമേ കേക്കാൻ പറ്റൂ.

നല്ല വെള്ളോല്ല, നിലാവൂല്ല, കൂമന്റെ ഒച്ചേം ഇല്ല പിന്നെന്താ ആടെ ഉള്ളത്. അമ്മ ചോദിച്ചു.

* പരസ്പര സ്നേഹത്താലും ബന്ധങ്ങളാലും, നന്മകളാലും സമൃദ്ധമായ നാട്ടിൻ പുറത്തിന്റെ നന്മയും വിശുദ്ധിയുമാണ് ഈ സംഭാഷണത്തിൽ തെളിയുന്നത്. ഗ്രാമവും നഗരവും തമ്മിലുള്ള വ്യത്യാസവും കുട്ടിയുടെ നിഷ്കളങ്കതയും ഇവിടെ വെളിവാകുന്നു

VII

വീടിന്റെ നിശബ്ദതയിൽ തനിച്ചാവുമ്പോൾ അമ്മയുടെ മനസ് ഇനിയും മുന്നോട്ട് പോകും. ജര ബാധ

ച്ച സമയത്തെക്കുറിച്ച് അമ്മ ഓർക്കും. ഏകാന്തതയുടെ തുരുത്തുകൾ അമ്മക്ക് ഒരിക്കലും വിശ്രാന്തി യുടെ തുരുത്തുകളാകാറില്ല.

'ഞാനെങ്ങന്യാ മോനേ വര്യാ. അച്ഛൻ എന്നെ എപ്പോഴും വിളിച്ചോണ്ടിരിക്കുകയാ. ഇന്നലേം വിളിച്ചു . വിളിക്കുമ്പം ഞാനിവിടെ ഇല്ലെന്ന് വെച്ചാൽ..'

* പരസ്പര സ്നേഹത്തിന്റെ ദൃഢത വർധിപ്പിക്കുന്ന കഥയാണ് ഓരോ വിളിയും കാത്ത്. അമ്മയോട് ഏറെ സ്നേഹവും കരുതലുമുള്ള മകനും, മരണശേഷവും അച്ഛന്റെ വിളികൾക്ക് കാതോർക്കുന്ന അമ്മയും ഇന്നത്തെ നമ്മുടെ വീടിനെക്കുറിച്ചുള്ള സങ്കല്പങ്ങളെ തകിടം മറിക്കുന്നു. തനിച്ചായ അമ്മയെ നഗരത്തിലേക്ക് ധൈര്യപൂർവ്വം വിളിക്കാൻ മകനോ, അച്ഛന്റെ ഓർമ്മകളിൽ നിന്ന് മകനൊപ്പം പോവാൻ അമ്മയോ തയ്യാറാവുന്നില്ല. പരസ്പരസ്നേഹവും, കരുതലും, വിശ്വാസവുമൊക്കെയാണ് ജീവിതത്തെ കരുത്തും കാന്തിയുള്ളതുമാക്കുന്നതെന്ന് ഈ കഥ ഉറപ്പിക്കുന്നു.

**അനുബന്ധ ചോദ്യങ്ങൾ:**

1. 'ഞാനെങ്ങന്യാ മോനേ വര്യാ? അച്ഛൻ എന്നെ എപ്പോഴും വിളിച്ചോണ്ടിരിക്കുകയാ. ഇന്നലേം വിളിച്ചു . വരികളിൽ തെളിയുന്ന അമ്മയുടെ മാനസികാവസ്ഥ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**ഉത്തരസൂചിക:**

> അച്ഛനും അമ്മയും തമ്മിലുള്ള സ്നേഹതീവ്രത, ആത്മബന്ധം ഇവ വെളിവാക്കുന്ന സന്ദർഭങ്ങൾ

> അച്ഛന്റെ വേർപാടിൽ അമ്മ അനുഭവിക്കുന്ന സ്നേഹശൂന്യത, നിരാശ, ഏകാന്തത

> അച്ഛന്റെ വേർപാട് ഉൾക്കൊള്ളാൻ കഴിയാത്ത അമ്മ

2. 'ഓരോ വിളിയും കാത്ത് ' എന്ന ശീർഷകം കഥക്ക് എത്ര മാത്രം യോജിക്കുന്നു എന്ന് കണ്ടെത്തുക.

**ഉത്തരസൂചിക:**

> അച്ഛൻ മരിച്ചുവെന്ന് ഉൾക്കൊള്ളാനാവാത്ത അമ്മ

> അച്ഛന്റെ വിളികൾക്കൊപ്പം ജീവിച്ച് ശീലിച്ച അമ്മ.

> അച്ഛന്റെ ഓരോ വിളിയിലും ചെറുപ്പവും ഊർജ്ജസ്വലതയും കാത്ത് സൂക്ഷിച്ച അമ്മ.

> മരണത്തിനപ്പുറവും ജീവിക്കാൻ പ്രേരിപ്പിക്കുന്ന സ്നേഹത്തിന്റെ വിളി

3.

**പ്രയോഗ ഭംഗി കണ്ടെത്തുക**

1. മനസിന്റെ ക്ലാവു പിടിച്ച കണ്ണാടി

> പഴക്കം ചെല്ലുന്തോറും ചെമ്പ് പാത്രങ്ങളിൽ കാണാറുള്ള പച്ച നിറത്തിലുള്ള ഒരു വസ്തുവാണ് ക്ലാവ്. ഇവിടെ അച്ഛന്റെ പ്രായാധിക്യത്തെയുംരോഗത്തെയും ക്ലാവിനോട് ചേർത്ത് പറഞ്ഞിരിക്കുന്നു.

2. ഏകാന്തതയുടെ തുരുത്തുകൾ.

വെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന ഒറ്റപ്പെട്ട ദ്വീപുകളാണ് തുരുത്തുകൾ. ഇവിടെ അമ്മയുടെ ഒറ്റപ്പെടലിന്റെ തീവ്രത വെളിവാകുന്നു തുരുത്തുകൾ എന്ന പ്രയോഗം

4. ശൈലിയുടെ അർത്ഥം വ്യാഖ്യാനിക്കുക.

'അച്ചാലും മുച്ചാലും നടക്കുക '

വിശ്രമമില്ലാതെ ജോലി ചെയ്യുക.

5. വിഗ്രഹിക്കുക

| | | |
|---|---|---|
| പരേതാത്മാക്കൾ | - | പരേതരുടെ ആത്മാക്കൾ |
| ദാഹജലം | - | ദാഹം തീർക്കുന്നതിനുള്ള ജലം |
| നാക്കില | - | നാക്ക് പോലെയുള്ള ഇല |
| കാൽമുട്ട് | - | കാലിന്റെ മുട്ട് |
| മരക്കൊമ്പ് | - | മരത്തിന്റെ കൊമ്പ് |
| അപരാധ ബോധം | - | അപരാധം ചെയ്തു എന്ന ബോധം |
| കുളക്കര | - | കുളത്തിന്റെ കര. |

# 3. അമ്മത്തൊട്ടിൽ

## (റഫീക്ക് അഹമ്മദ്)

റഫീക്ക് അഹമ്മദിന്റെ പ്രശസ്തമായ കവിതയാണ് 'അമ്മത്തൊട്ടിൽ'. ആധുനിക കാല ജീവിതത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മനുഷ്യബന്ധങ്ങളുടെ പ്രാധാന്യവും വാർദ്ധക്യത്തെ ഉൾക്കൊള്ളാൻ കഴിയാത്ത പുതുതലമുറയുടെ മനോഭാവവും കവിതയ്ക്ക് വിഷയമാകുന്നു. അനാഥ ശിശുക്കളുടേയും ഉപേക്ഷിക്കപ്പെടുന്ന കുഞ്ഞുങ്ങളുടേയും അഭയകേന്ദ്രമാണ് അമ്മത്തൊട്ടിൽ എന്ന സാമൂഹ്യസുരക്ഷാ പദ്ധതി. മക്കളാൽ ഉപേക്ഷിക്കപ്പെടുകയോ അനാഥമാക്കപ്പെടുകയോ ചെയ്യുന്ന അമ്മമാരെകുറിച്ചുള്ള കവിതയാണ് 'അമ്മത്തൊട്ടിൽ'. ഈ വൈരുധ്യം കവിതയ്ക്ക് ഒരു പ്രത്യേക മാനം നൽകുന്നു. കവിതയിൽ അമ്മയെ ഉപേക്ഷിക്കുവാനുള്ള ഇടം 'അമ്മത്തൊട്ടിൽ' തേടുകയാണ് മകൻ. കാലം സാമൂഹ്യ ജീവിതത്തിൽ വരുത്തിയ സാംസ്കാരിക ലോപം, മനുഷ്യത്വരാഹിത്യം, സ്നേഹശൂന്യത, ലോഭചിന്ത, സ്വാർത്ഥത തുടങ്ങി മനുഷ്യത്വം നശിപ്പിക്കുന്നതിനെയെല്ലാം കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നു. അരുതായ്മകൾ വർദ്ധിച്ചുവരുന്ന സമകാലിക കേരളീയ സമൂഹത്തിൽ ഈ കവിത ഏറെ പ്രസക്തംതന്നെ.

അമ്മയെ ഉപേക്ഷിക്കാൻ തീരുമാനിച്ച മകൻ ജീവിതത്തിന്റെ പിൻസീറ്റിലേക്ക് അമ്മയെ മാറ്റാൻ ശ്രമിക്കുന്നു. മകൻ എത്ര ശ്രമിച്ചിട്ടും അമ്മയെ കാറിന്റെ പിൻസീറ്റിൽ നേരെയിരുത്തുവാൻ കഴിയുന്നില്ല. ഏറെ ശാരീരിക വൈഷമ്യങ്ങൾ ഉണ്ടെങ്കിലും തന്നെ എ ങ്ങോട്ട് കൊണ്ടുപോകുന്നുവെന്ന് അമ്മ ചോദിക്കുന്നില്ല. മകനെ വിഷമിപ്പിക്കരുത് എന്ന് അമ്മ വിചാരിച്ചിട്ടുണ്ടാകണം. ആദ്യം ആധുനിക ലോകത്തിന്റെ സംഭാവനയായ മാളിന്റെ സമീപത്ത് ഉപേക്ഷിക്കുവാനുള്ള ശ്രമം പെറ്റ് കിടക്കുന്ന തെരുവു പട്ടിയുടെ പ്രതികരണത്താൽ ഉപേക്ഷിക്കുന്നു. പെരുംമാൾ എന്ന പ്രയോഗം പെരുംമാൾ, പെരുമാൾ, പെരും ആൾ എന്നിങ്ങനെ വൈവിധ്യമാർന്ന ചിന്തകളെ ഉണർത്തുന്നു. തുടർന്ന് ജില്ലാ ആശുപത്രി പരിസരത്തെത്തിയപ്പോൾ കുട്ടിക്കാലത്ത് പനിച്ചുകിടന്ന തന്നെ അമ്മയെടുത്തുകൊണ്ട് ആശുപത്രിയിൽ എത്തിയത് ഓർക്കുന്നു. അന്നത്തെ സൂചിപ്രയോഗം ശരീരത്തിന് വേദന നൽകിയെങ്കിൽ അമ്മയെ ഉപേക്ഷിക്കുവാനുള്ള ചിന്ത നീറ്റലായി മാറുന്നു. വിദ്യാലയ പരിസരത്തെത്തിയപ്പോഴാകട്ടെ മകനെ വിദ്യാലയത്തിലാക്കി ചുറ്റുമതിലിന് പുറത്ത് കാത്തുനിന്ന അമ്മയുടെ ചിത്രം കനലായി മനസ്സിലെത്തുന്നു. ഇനി എവിടെകൊണ്ടിറക്കണമെന്ന് ചിന്തിച്ച് ദേവാലയത്തിലെത്തിയപ്പോൾ അമ്മയെ ഉപേക്ഷിക്കുവാനുള്ള തീരുമാനം ഉപേക്ഷിക്കുന്നു.

അമ്മ വയറ്റത്തു പറ്റിക്കിടക്കുന്ന ചൂടും കാച്ചെണ്ണ മണവും പുലർച്ചയിലെ തണുപ്പാറ്റുന്ന ചൂട്ടുകത്തുന്ന മണവും മകനെ തെറ്റ് ചെയ്യാതെ മടങ്ങിപ്പോകാനും അമ്മയെന്ന ജന്മസുകൃതത്തെ വീട്ടിലെത്തിക്കുവാനും പ്രേരിപ്പിച്ചു. തിരികെ വീട്ടില്ലെത്തുമ്പോൾ ഒന്നിനും കൊള്ളരുതാത്തവൻ എന്ന് ഭാര്യ പഴിക്കാം. എന്നിങ്ങനെ ചിന്തകൾ പെരുകുമ്പോൾ തിരിഞ്ഞ് അമ്മയെ നോക്കുന്ന മകൻ വലത്തോട്ട് പൂർണ്ണമായി ചാഞ്ഞ് കണ്ണടക്കാതെ മയങ്ങുന്ന  മടങ്ങുന്ന അമ്മയെയാണ് കാണുന്നത്. അടക്കാത്ത അമ്മയുടെ കണ്ണുകൾ അവരെ നിർദ്ദയം പൊള്ളിക്കുന്നതാണ്. പിന്നേയും മകനായി മകന്റെ സുരക്ഷക്കായി തുറന്ന് പിടിക്കുകയാണ് ആ കണ്ണുകൾ.

### 'അമ്മത്തൊട്ടിൽ' - ഉയർത്തുന്ന സാമൂഹിക പ്രശ്നങ്ങൾ

റഫീക്ക് അഹമ്മദിന്റെ അമ്മത്തൊട്ടിൽ എന്ന കവിത വർത്തമാനകാലത്തെ ഗൗരവതരമായ സാമൂഹിക പ്രശ്നങ്ങൾ അടയാളപ്പെടുത്തുന്നു. കേരളത്തിൽ കൂൺ മുളക്കുന്നതുപോലെ വൃദ്ധസദനങ്ങൾ പെരുകുകയാണ്. വാർദ്ധക്യത്തിൽ എത്തിയ മാതാപിതാക്കൾ മക്കൾക്ക് ഭാരവും ശല്യവുമാകുന്നതും പതിവു വാർത്തകളാണ്. മാതാപിതാക്കളെ ക്രൂരമായി മർദ്ധിക്കുന്ന മക്കളുടെ ദൃശ്യങ്ങളും നമ്മളിൽ വല്ലാത്ത നീറ്റലായി മാറുന്നു.  വൃദ്ധരായ അമ്മമാരെ ആരാധനാലയങ്ങളുടേയും മറ്റും അടുത്ത് നടതള്ളുന്ന രീതികളും സമകാലിക വാർത്തകളിൽ ഇടംനേടുന്നു. ആയുസ്സു മുഴുവൻ കുടുംബത്തിനുവേണ്ടി അദ്ധ്വാനിച്ച മാതാപിതാക്കളെ വാർദ്ധക്യദശയിൽ സ്നേഹവാത്സല്യങ്ങൾ നൽകി ശുശ്രൂഷിക്കാനും കൂടെ താമസിപ്പിക്കാനും പുതുമലയാള

ജീവിതങ്ങൾക്ക് കഴിയുന്നില്ല. ചില കർശന നിയമവ്യവസ്ഥകളും സർക്കാർതലത്തിലെ സാമൂഹ്യ പദ്ധതികളും മാത്രമാണ് പ്രതീക്ഷ നൽകുന്നത്. ഒരു സാമൂഹിക നവോത്ഥാനമാണ് ഈ കാര്യത്തിൽ ഉണ്ടാകേണ്ടത്. മാറേണ്ടത് മനോഭാവമാണ്.

ഭാര്യയുടെ നിർബന്ധത്തിനു വഴങ്ങി സ്വന്തം അമ്മയെ ക്ഷേത്രനടയിൽ ഉപേക്ഷിക്കാനെത്തുന്ന മകന്റെ കാഴ്ചകളിലൂടെയും ഓർമകളിലൂടെയും ചിന്തകളിലൂടെയും നീങ്ങുന്ന കവിതയാണ് അമ്മത്തൊട്ടിൽ. അമ്മയെ ഉപേക്ഷിക്കാൻ പറ്റിയ സ്ഥലം മകന് കണ്ടെത്താൻ കഴിയുന്നില്ല. അമ്മയോടൊത്തുള്ള ജീവിത മുഹൂർത്തങ്ങൾ മകന്റെ മനസ്സിലേക്ക് ഓടിയെത്തുന്നു. അമ്മയെകുറിച്ചുള്ള ഓർമകൾ മകന്റെ മനസ്സിൽ കുട്ടിക്കാലത്തെ സൂചിപ്രയോഗം പോലൊരു കനൽ നീറ്റലായി മാറുന്നു. അമ്മയെ ഉപേക്ഷിക്കാൻ കഴിയില്ലെന്ന തീരുമാനമെടുത്ത മകൻ കാറിന്റെ പിൻസീറ്റിലേക്ക് നോക്കുമ്പോൾ കണ്ട കാഴ്ച മറ്റൊന്നായിരുന്നു. വലത്തോട്ട് പൂർണ്ണമായി ചാഞ്ഞു മയങ്ങിക്കിടക്കുകയാണ് അമ്മ. പീളയടിഞ്ഞ് നിറം പോയ കണ്ണുകൾ അപ്പോഴും മകനുവേണ്ടി തുറന്നിരിക്കുന്നു. കാലിക പ്രസക്തമായ ഒരു വിഷയത്തെ തീഷ്ണമായി അവതരിപ്പിക്കാൻ റഫീക്ക് അഹമ്മദിനു കഴിഞ്ഞു.

ആധുനിക ജീവിതത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മനുഷ്യബന്ധങ്ങളുടെ പ്രാധാന്യവും വാർദ്ധക്യങ്ങളെ ഉൾക്കൊള്ളാൻ കഴിയാത്ത പുതുതലമുറയുടെ മനോഭാവവും *'അമ്മത്തൊട്ടിൽ'* എന്ന കവിതയ്ക്ക് വിഷയമാകുന്നു. അനാഥശിശുക്കൾക്ക് അഭയം നൽകാൻ സർക്കാർതലത്തിൽ ആവിഷ്കരിച്ച പദ്ധതിയാണ് 'അമ്മത്തൊട്ടിൽ'. അമ്മയുടെ സ്നേഹവാത്സല്യങ്ങൾ ലഭിക്കാതെ പോകുന്ന അനാഥ ശിശുക്കൾക്ക് സ്നേഹപരിചരണം ലഭ്യമാക്കുന്ന സുരക്ഷാ പദ്ധതിയാണ് 'അമ്മത്തൊട്ടിൽ'.

കവിതയിലെ പ്രമേയം വേറിട്ട് നിൽക്കുന്നു. അമ്മയെ ഉപേക്ഷിക്കുവാനുള്ള ഇടം അമ്മത്തൊട്ടിൽ തേടുകയാണ് മകൻ. തെരുവുകളിലും ക്ഷേത്രനടകളിലും 'നടതള്ളുന്ന' അമ്മമാരുടെ കദനകഥയാണ് *'അമ്മത്തൊട്ടിലിന്റെ* പ്രമേയമാകുന്നത്.

# അമ്മത്തൊട്ടിൽ

## മാതൃകാ ചോദ്യങ്ങൾ

1) *നീരറ്റു വറ്റിവരണ്ട കൈച്ചുള്ളികൾ*

*അടിവരയിട്ട പദത്തിന്റെ വിഗ്രഹാർത്ഥമെഴുതുക*

- കൈകളാകുന്ന ചുള്ളികൾ
- ചുള്ളികൾ പോലുള്ള കൈകൾ
- കൈയിലെ ചുള്ളികൾ
- കൈകൾ പോലുള്ള ചുള്ളികൾ

(ഉത്തരം : കൈകളാകുന്ന ചുള്ളികൾ)

2) *മങ്ങിപ്പഴകിയ പിഞ്ഞാണ വർണ്ണമായ്*

*അടിവരയിട്ട പദത്തിന്റെ വിഗ്രഹരൂപം എഴുതുക*

- പിഞ്ഞാണം പോലെയുള്ള വർണ്ണം
- പിഞ്ഞാണത്തിന്റെ വർണ്ണം
- പിഞ്ഞാണമാകുന്ന വർണ്ണം
- പിഞ്ഞാണമായ വർണ്ണം

(ഉത്തരം: പിഞ്ഞാണത്തിന്റെ വർണ്ണം)

3) *'അന്നത്തെ സൂചിപ്രയോഗത്തിൽ നീറ്റൽ പോലൊന്ന് മനസ്സിലൂടെ അപ്പോൾ കടന്നുപോയി.' –*

*– മനസ്സിലൂടെ കടന്നുപോയ നീറ്റലായി പറഞ്ഞിരിക്കുന്നതെന്തിനെ?*

- സൂചി പ്രയോഗത്തിന്റെ നീറ്റൽ –
- പാപബോധം –
- പനിയുടെ വേദന –
- അമ്മയെ പിരിഞ്ഞ വേദന –

(ഉത്തരം : പാപബോധം)

4) *'ആരാണ് മുന്നിൽ പുറത്തേക്കശാന്തനാ*

*യീശ്വരൻ കാറ്റൊന്ന് കൊള്ളാനിറങ്ങിയോ ?' – ഈ വരികൾക്കൊണ്ട് അർത്ഥമാക്കുന്നതെന്ത്?*

- ദൈവം മനുഷ്യനെപോലെ പുറത്തിറങ്ങി നടക്കാറുണ്ട്
- ദൈവം എല്ലാറ്റിനും സാക്ഷിയാണ്
- ക്ഷേത്രത്തിലെ ശാന്തിക്കാരൻ അവധിയിലാണ്
- ക്ഷേത്രത്തിനുള്ളിൽ കാറ്റ് കുറവാണ്

(ഉത്തരം: ദൈവം എല്ലാറ്റിനും സാക്ഷിയാണ്)

5) *‘ഒന്നിനും കൊള്ളരുതാത്തവനെന്നവൾ*

*ഇന്നും പഴിപറഞ്ഞേക്കും’*

*– അടിവരയിട്ട വരിയിൽ തെളിയുന്ന ഭാവമെന്ത്?*

- നിരാശ
- ആഹ്ലാദം
- പരിഹാസം
- ദുഃഖം

(ഉത്തരം : പരിഹാസം)

6) തൊട്ടടുത്തായിട്ടിറക്കിയാലെന്നോർത്തു –

എങ്ങിനെകൊണ്ടിറക്കേണ്ടു –

*– ഇറക്കിവെക്കുക എന്ന പ്രയോഗം പാഠ സന്ദർഭത്തിനു നൽകുന്ന സവിശേഷാർത്ഥമെന്ത്?*

(ഉത്തരസൂചന : അമ്മയെ സാധനമായി കാണുന്ന അവസ്ഥ – വരികളിലെ ഭാവം)

7) *‘അമ്മത്തൊട്ടിൽ’ എന്ന തലക്കെട്ടിന്റെ ഔചിത്യം പരിശോധിക്കുക.*

(ഉത്തരസൂചന : അമ്മത്തൊട്ടിൽ – ശിശുക്ഷേമ സമിതി, അനാഥ ശിശുക്കൾക്കായി ആവിഷ്കരിച്ച പദ്ധതി – കവിതയിൽ – മകൻ അമ്മയെ ഉപേക്ഷിക്കാൻ തൊട്ടിൽ അന്വേഷിക്കുന്ന അവസ്ഥ)

8) ‘പാടയും പീളയും മൂടിയ കണ്ണുകൾ

ഏറെ പണിപ്പെട്ടടച്ചു തുറന്നവർ –’

*– അമ്മയുടെ ജീവിതാവസ്ഥ പ്രതിഫലിപ്പിക്കാൻ ഈ വരികൾ എത്രമാത്രം സഹായകമാണ്.*

*നിങ്ങളുടെ നിരീക്ഷണം വ്യക്തമാക്കുക*

(ഉത്തരസൂചന: പരിഗണന ലഭിക്കാത്ത അവസ്ഥ

രോഗാവസ്ഥ....)

9) ‘ഇപ്പെരും മാളിന്റെ (ഇപ്പെരുമാളിന്റെ ?)

തൊട്ടടുത്തായിറക്കിയാലെന്നോർത്തു.’ –

*മാളിന്റെ സമീപം അമ്മയെ ഉപേക്ഷിക്കാൻ മകന് കഴിയാതെ പോയതെന്തുകൊണ്ട്?*

(ഉത്തര സൂചന: പെറ്റ് കിടക്കുന്ന പട്ടിയുടെ ശൗര്യം –

മാതൃത്വം എന്ന മഹനീയ ചിന്ത)

10) *‘മങ്ങിപ്പഴകിയ പിഞ്ഞാണവർണ്ണമായ് ’– കണ്ണുകൾക്ക് നൽകിയിരിക്കുന്ന വിശേഷണത്തിൽ തെളിയുന്ന അമ്മയുടെ അവസ്ഥ വ്യക്തമാക്കുക.*

(ഉത്തരസൂചന: അമ്മയുടെ അവസ്ഥ രോഗാതുരമായ ശാരീരികാവസ്ഥ)

11) അന്നത്തെ സൂചിപ്രയോഗത്തിൻ നീറ്റൽ പോ–
ലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയി.–

*അടിവരയിട്ട കാവ്യഭാഗം നൽകുന്ന സവിശേഷാർത്ഥം എന്ത്?*

(ഉത്തര സൂചന: ബാല്യത്തിൽ അനുഭവിച്ച വേദന, കുറ്റബോധംകൊണ്ടുണ്ടായ വേദന)

12) നീരറ്റു വറ്റിവരണ്ട കൈചുള്ളികൾ

നീരാതെ മാറോട് ചേർത്തുവെച്ചിട്ടുണ്ട് -

*വരികളിൽ തെളിയുന്ന കാവ്യപക്ഷമായ സവിശേഷതകൾ എഴുതുക*

(ഉത്തര സൂചന: അക്ഷരങ്ങളുടെ ആവർത്തനം -
കൈച്ചുള്ളി - പ്രയോഗഭംഗി)

13) 'പെറ്റുകിടക്കും തെരുവുപട്ടിക്കെന്തൊ
രൂറ്റ - കുരച്ചത് ചാടിക്കുതിക്കുന്നു.'

*- ഈ വരികളിൽ തെളിയുന്ന മാതൃസ്നേഹം - രണ്ടോ മൂന്നോ വാക്യത്തിൽ എഴുതുക*

(ഉത്തര സൂചന: തെരുവു പട്ടിയുടെ മാതൃത്വം - മകൻ കാണിക്കുന്ന നന്ദികേട്)

14) 'നീരറ്റു വറ്റിവരണ്ട കൈച്ചുള്ളികൾ'

നീരാതെ മാറോട് ചേർത്തുവെച്ചിട്ടുണ്ട്

*-അടിവരയിട്ട പ്രയോഗം അമ്മയുടെ ജീവിതാവസ്ഥ പ്രതിഫലിപ്പിക്കാൻ എത്രമാത്രം സഹായകമാണ്. ?*

(ഉത്തര സൂചന: കൈച്ചുള്ളി പ്രയോഗ സവിശേഷത, അമ്മയുടെ വാർദ്ധക്യം, അനാരോഗ്യം)

15) ഈപ്പെരും മാളിന്റെ (ഈപ്പെരുമാളിന്റെ?)

-ഈ വരിയിലെ ചോദ്യ ചിഹ്നം, -ധ്വനിച്ചിരിക്കുന്നതെന്തെല്ലാം?

(ഉത്തര സൂചന: പെരും മാൾ, പെരുമാൾ പ്രയോഗം - വരികളിലെ ധ്വനി പ്രയോഗം)

16) 'അന്നത്തെ സൂചിപ്രയോഗത്തിൻ നീറ്റൽ പോ
ലൊന്ന് മനസ്സിലോടപ്പോൾ കടന്നുപോയ്.'

*ഈ വരികളിൽ തെളിയുന്ന മകന്റെ മാനസികാവസ്ഥ എഴുതുക*

(ഉത്തര സൂചന: ബാല്യത്തിൽ അനുഭവിച്ച വേദന
കുറ്റബോധംകൊണ്ടുള്ള ഇന്നത്തെ വേദന)

17) 'പിന്നെയും മുന്നോട്ട് വെട്ടമില്ലാളില്ല
കൂട്ടിയേകാന്തത കണ്ണ്പൊത്തിക്കളി
ക്കുന്ന വിദ്യയേ മുറ്റമുണ്ടൊന്നിനി -'
അടിവരയിട്ട പ്രയോഗം - സന്ദർഭത്തിന് നൽകുന്ന ഭാവപൊലിമ കണ്ടെത്തി എഴുതുക

(ഉത്തര സൂചിന: വിദ്യാലയാനുഭവം - ഏകാന്തത)

18) 'പെറ്റ്കിടക്കും തെരുവു പട്ടിക്കെന്തൊ
രൂറ്റം, കുരച്ചത് ചാടി കുതിക്കുന്നു'
*ഈ വരികൾ അമ്മത്തൊട്ടിൽ എന്ന കവിതയെ ഏറ്റവും ഭാവ തീവ്രമാക്കുന്നതെങ്ങനെ ? വിലയിരുത്തുക*

(ഉത്തര സൂചന: മകന്റെ നന്ദികേട്

തെരുവു പട്ടി കുഞ്ഞുങ്ങളോട് കാണിക്കുന്ന കരുതൽ
സ്നേഹത്തിന്റെ രണ്ട് തലങ്ങൾ
തെരുവു പട്ടി എന്ന പ്രയോഗം നൽകുന്ന അർത്ഥ സാധ്യത)

19) .........പക്ഷേ, കണ്ണുകൾ, കണ്ണുകൾ
മങ്ങിപ്പഴകിയ പിഞ്ഞാണവർണ്ണമായ്
*അമ്മയുടെ കണ്ണുകളെ മങ്ങിപ്പഴകിയ പിഞ്ഞാണ വർണ്ണമായ്*

*എന്ന് വിശേഷിപ്പിച്ചതിന്റെ ഔചിത്യം വ്യക്തമാക്കി കുറിപ്പ് എഴുതുക*

(ഉത്തര സൂചന: പിഞ്ഞാണത്തിന്റെ പ്രത്യേകത
പഴകിയ പിഞ്ഞാണം
അമ്മയുമായുള്ള സാദൃശ്യപ്പെടുത്തൽ
വാർദ്ധക്യം , ആരോഗ്യ സ്ഥിതി)

20) കുട്ടിയേകാന്തത കണ്ണ്പൊത്തിക്കളി
ക്കുന്ന വിദ്യാലയമുറ്റമുണ്ടൊന്നിനി

*വിദ്യാലയത്തിന്റെ സവിശേഷതകളും അത് ഉണർത്തിയ ചിന്തകളും*
*കാവ്യ സന്ദർഭത്തെ വികാരതീവ്രമാക്കുന്നതെങ്ങനെ?*

*വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക*

(ഉത്തര സൂചന: വിദ്യാലയാനുഭവം -
കുട്ടികളില്ലാത്ത വിദ്യാലയം -
ഏകാന്തത -
മകന്റെ സ്കൂൾ അനുഭവം)

21) *ആശുപത്രി പരിസരത്തും വിദ്യാലയമുറ്റത്തും അമ്മയെ ഉപേക്ഷിക്കാൻ മകന്*
*സാധിക്കാത്തതെന്തുകൊണ്ട്?*

(ഉത്തര സൂചന: മകന്റെ ബാല്യകാല സ്മരണകൾ,
അമ്മയുടെ സ്നേഹം കരുതൽ
മകനിലുണ്ടായ പാപബോധം-
നിസ്സഹായത)

22 'ഏറെ തണുക്കുന്നു, ചില്ലുയർത്തീടുമ്പോ-
ളോർത്തു, കരിമ്പടം, അമ്മ വയറ്റത്തു
പറ്റിക്കിടക്കുന്ന ചൂട്, മുഷിവുമായ്
കാച്ചെണ്ണ ചേരുന്ന ഗന്ധം, പുലർച്ചയി-
ലോലക്കൊടികൾ പുകയുന്നതിൻ മണം'

- *'അമ്മത്തൊട്ടിലിൽ' മകൻ അനുഭവിക്കുന്ന മാനസിക സംഘർഷങ്ങൾക്ക് കാരണമാകുന്നത്*
*ഇത്തരം ഓർമകളാണോ?*
*അഭിപ്രായക്കുറിപ്പ് തയ്യാറാക്കുക -*

(ഉത്തര സൂചന: മകൻ ഉദ്യമം ഉപേക്ഷിക്കുന്ന സാഹചര്യം -
അമ്മയെക്കുറിച്ചുള്ള ഓർമകൾ -
സ്പർശമായും ഗന്ധമായും അമ്മ)

23) ‘പക്ഷേ, കണ്ണുകൾ, കണ്ണുകൾ
മഞ്ഞിപ്പഴകിയ പിഞ്ഞാണ വർണമായ് –’

*കണ്ണുകൾ, കണ്ണുകൾ എന്ന ആവർത്തനം കവിതയുടെ ഭാവതലത്തെ ശക്തിപ്പെടുത്തുന്നതെങ്ങനെ? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക –*

(ഉത്തര സൂചിക: ആവർത്തനം നൽകുന്ന ഊന്നൽ –
കണ്ണിന്റെ തിളക്കം പ്രകടിപ്പിക്കാൻ സഹായകരം –
ആവർത്തനഭംഗി)

24) ‘ഒന്നിനും കൊള്ളരുതാത്തവനെന്നവൾ
ഇന്നും പഴി പറഞ്ഞേക്കും മടങ്ങാതെ
വയ്യ, തലയ്ക്കകത്തെന്തോ പെരുകുന്നു –’

*വൈകിയാണെങ്കിലും തെറ്റ് തിരിച്ചറിയുന്ന മകനെയാണോ ഈ വരികളിൽ കാണുന്നത് – പ്രതികരണത്തെകുറിപ്പ് തയ്യാറാക്കുക*

(ഉത്തര സൂചന: മകന്റെ സാഹചര്യം, നിസ്സഹായത, കുറ്റബോധത്തിൽ നിന്നുണ്ടാവുന്ന തീരുമാനം,
ഓർമകൾ നൽകിയ തിരിച്ചറിവ്)

25) ‘നീരറ്റു വറ്റിവരണ്ട കൈച്ചുള്ളികൾ
നീരാതെ മാറോട് ചേർത്തുവെച്ചിട്ടുണ്ട്’

*അമ്മയുടെ ജീവിതാവസ്ഥ പ്രതിഫലിപ്പിക്കാൻ വരികൾ എത്രമാത്രം സഹായകരമാണ്. നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുക*

(ഉത്തര സൂചന: അമ്മയുടെ അവസ്ഥ,
ശാരീരികാസ്വാസ്ഥ്യം,
വാർധക്യത്തിന്റെ ദയനീയ ചിത്രം–
പദങ്ങളുടെ പ്രയോഗ സവിശേഷത)

26) “തിമിരപ്പടർപ്പുകൾ നിറഞ്ഞ കണ്ണുകൾ ചിമ്മാതെ
ഉറക്കൊഴിക്കാൻ ഇനിയാരാണുള്ളതെന്ന നിരാശ അമ്മയിൽ –”
– ഓരോ വിളിയും കാത്ത്–
“മഞ്ഞിപ്പഴകിയ പിഞ്ഞാണവർണമായ്
പാടയും പീളയും മൂടിയ കണ്ണുകൾ –അമ്മത്തൊട്ടിൽ”

*കഥാപാത്രങ്ങളുടെ ജീവിതാവസ്ഥകൾ പ്രതിഫലിപ്പിക്കാൻ ഈ വരികൾ എത്രത്തോളം സഹായിക്കുന്നുണ്ട്. ?*

*താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക*

(ഉത്തര സൂചന: തിമിരപടർപ്പ്, മഞ്ഞിപ്പഴകിയ, പാട, പീള പ്രയോഗങ്ങൾ –
കണ്ണുകൾ നൽകുന്ന അർത്ഥസാധ്യത
വാർദ്ധക്യത്തിന്റെ ദയനീയ ചിത്രം
കഥാപാത്രങ്ങളുടെ വാങ്മയ ചിത്രം നിർമ്മിക്കുന്നതിൽ സാഹിത്യകാരന്മാരുടെ കഴിവ്)

27) “തൊട്ടിലിൽ താരാട്ടുമ്പോൾ നീ പഠിച്ചൊരാപ്പാഠം
വിട്ടു പോകില്ല നിന്നെയന്ത്യകാലത്തോളവും’ – ഉള്ളൂർ

*കവിയുടെ ഈ പ്രതീക്ഷയെ 'അമ്മത്തൊട്ടിലിലെ' മകന്റെ പ്രവർത്തിയുമായി ബന്ധിപ്പിച്ച് വിലയിരുത്തുക.*

(ഉത്തര സൂചന: വരികളുടെ ആശയം പാഠ സന്ദർഭവുമായി താരതമ്യം.
മകന്റെ തിരിച്ചറിവ്)

28) 'ഇവിടെ അമ്മയെ തനിച്ചു നിർത്തിയിട്ട് ഞാനെങ്ങന്യാ
പോവ്വാ' - ഓരോ വിളിയും കാത്ത്
എങ്ങിനികൊണ്ടിറക്കേണ്ടൂ സ്വയം ബുദ്ധി -
കെട്ടു കരിന്തിരിയാളും വരെയവർ - 'അമ്മത്തൊട്ടിൽ'

*രണ്ടു രചനകളിലേയും മക്കൾക്ക് അമ്മയോടുള്ള സമീപനം ഒന്നാണോ? താരതമ്യം ചെയ്ത് വാർദ്ധക്യത്തോടുള്ള പുതു തലമുറകളുടെ മനോഭാവത്തെകുറിച്ച് ലഘു പ്രഭാഷണം തയ്യാറാക്കുക.*

(ഉത്തര സൂചന: കഥാപാത്രങ്ങളുടെ മനോഭാവം -
സന്ദർഭങ്ങൾ -
സമകാലിക കേരളത്തിന്റെ ചിത്രങ്ങൾ -
സർക്കാർ സംവിധാനങ്ങൾ -
പ്രഭാഷണത്തിന്റെ ഘടന)

29) 'ഒന്നിനും കൊള്ളരുതാത്തവനെന്നവൾ
ഇന്നും പഴി പറഞ്ഞേക്കും, മടങ്ങാതെ
വയ്യ തലയ്ക്കകത്തെന്തോ പെരുകുന്നു.'

*കേരളത്തിലെ മാറുന്ന കുടുംബ ബന്ധങ്ങളുടെ നേർ ചിത്രമാണ് 'അമ്മത്തൊട്ടിലിൽ ' വരച്ചുവെച്ചിരിക്കുന്നത്. സ്വന്തം നിലപാട് വ്യക്തമാക്കി മാറുന്ന കുടുംബ ബന്ധങ്ങൾ എന്ന വിഷയത്തെകുറിച്ച് ലഘു ഉപന്യാസം തയ്യാറാക്കുക.*

(ഉത്തര സൂചന: കുടുംബം നിർവചനം
അണു കുടുംബ വ്യവസ്ഥിതി
സ്വാർത്ഥത, സ്നേഹരാഹിത്യം, സാംസ്കാരിക മൂല്യച്യുതി)

30) *'അമ്മത്തൊട്ടിൽ' എന്ന കവിതയിലെ ആശയവും സമകാലിക സംഭവങ്ങളും അടിസ്ഥാനമാക്കി വാർദ്ധക്യം പ്രശ്നങ്ങളും പ്രതിസന്ധികളും പരിഹാരവും എന്ന വിഷയത്തിൽ മുഖപ്രസംഗം തയ്യാറാക്കുക.*

(ഉത്തര സൂചന: അമ്മത്തൊട്ടിൽ ആശയം -
സമകാലിക സംഭവങ്ങൾ വിലയിരുത്തൽ -
സർക്കാർ സംവിധാനങ്ങൾ -
പരിഹാര നിർദ്ദേശങ്ങൾ -
മുഖ പ്രസംഗത്തിന്റെ ഘടന)

31) *കുടുംബ ബന്ധങ്ങളിലെ ഊഷ്മളത
പ്രതിസന്ധികൾ എന്നിവ പ്ലാവിലക്കഞ്ഞി, ഓരോ വിളിയും കാത്ത്, അമ്മത്തൊട്ടിൽ എന്നീ പാഠങ്ങളെ അടിസ്ഥാനമാക്കി വിശകലനം ചെയ്ത് ലഘു ഉപന്യാസം തയ്യാറാക്കുക.*

(ഉത്തര സൂചിന: പാഠഭാഗങ്ങൾ പ്രമേയം
പരാമർശിക്കുന്ന കുടുംബ ബന്ധങ്ങൾ - വിശകലനം
കുടുംബ ബന്ധങ്ങൾ - മാറുന്ന ചിത്രം)

# യൂണിറ്റ് – 2

# നിലാവ് പെയ്യുന്ന നാട്ടുവഴികൾ

പ്രകൃതിയും മനുഷ്യനും ഇണങ്ങി നിൽക്കുന്ന ജീവിതമാണ് പുരാതന കാലം മുതൽ കേരളത്തിൽ ഉണ്ടായിരുന്നത്'നാട്ടിൻ പുറങ്ങൾ ഈ ആത്മബന്ധത്തിന്റെ മികച്ച കേന്ദ്രങ്ങളായിരുന്നു'. വൃക്ഷങ്ങൾ നിറഞ്ഞു നിൽക്കുന്ന തൊടികളും സ്നേഹബന്ധങ്ങൾ നിറഞ്ഞ അയൽപക്കങ്ങളും ഗ്രാമങ്ങളുടെ ജീവനായിരുന്നു. ഓണം, വിഷു, തിരുവാതിര തുടങ്ങിയ ആഘോഷവേളകൾ ജീവിതതാളങ്ങളുടെ സർഗാവിഷ്കാരങ്ങളായിരുന്നു. ഇവ കേരളീയരുടെ ശൈശവങ്ങളെയും ബാല്യങ്ങളെയും ഏറെ സ്വാധീനിച്ചിരുന്നു. ഗൃഹാതുരമായ അനവധി അനുഭവങ്ങളെയും നാട്ടിൻ പുറക്കാഴ്ചകളെയും കോർത്തിണക്കിയ മൂന്ന് പാഠഭാഗങ്ങളാണ് ഈ യൂണിറ്റിലുള്ളത്.

**പ്രവേശകം**

പുറനാനൂറ് – ഔവയാർ

| | |
|---|---|
| കൊച്ചു ചക്കരച്ചി | – എ.പി.ഉദയഭാനു |
| ഓണമുറ്റത്ത് | – വൈലോപ്പിള്ളി ശ്രീധരമേനോൻ |
| കോഴിയും കിഴവിയും | – കാരൂർ നീലകണ്ഠപ്പിള്ള |

**പ്രവേശകം**

ഔവ്വയാറിന്റെ പുറനാനൂറ് എന്ന കൃതിയിലെ നാലു വരികളാണ് യൂണിറ്റിന്റെ പ്രവേശകമായി നൽകിയിരിക്കുന്നത്. സംഘകാലകൃതിയാണ് 'പുറനാനൂറ്'

**ആശയം**

നല്ല മനുഷ്യർ പാർക്കുന്ന ഇടം നന്നായി വരും. അത് കാടായാലും നാടായാലും കുന്നായാലും കുഴിയായാലും അവിടെ പാർക്കുന്ന മനുഷ്യരുടെ ഗുണമാണ് ഭൂമിയുടെ നന്മ നിശ്ചയിക്കുന്നത്. ഇതാണ് ഓവയാറിന്റെ വരികളുടെ പൊരുൾ

# കൊച്ചുചക്കരച്ചി

നന്മകൾ നിറഞ്ഞതാണ് നാട്ടിൻപുറം. കേരളീയ ഗ്രാമങ്ങൾ പ്രകൃതി ഭംഗികൊണ്ടും മനുഷ്യ ബന്ധങ്ങളുടെ ഊഷ്മളതകൊണ്ടും സമ്പന്നമായിരുന്നു. മനുഷ്യനും പ്രകൃതിയും സ്നേഹത്തിലും ഐക്യത്തിലുമായിരുന്നു. ആ നന്മകൾ കുറഞ്ഞുപോയെങ്കിലും ഇന്നും വറ്റിപ്പോയിട്ടില്ല. ഗ്രാമ നന്മകളെ ഉദ്ഘോഷിക്കുന്ന പാഠങ്ങളാണ് നിലാവു പെയ്യുന്ന നാട്ടുവഴികൾ എന്ന യൂണിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരു നാടിന്റെ മഹത്വം ആ നാട്ടിലെ മനുഷ്യരുടെ നന്മയെ ആശ്രയിച്ചിരിക്കുന്നു എന്നതാണ് യൂണിറ്റിലെ പ്രവേശകത്തിലൂടെ പറയുന്നത്.

എ.പി. ഉദയഭാനു എഴുതിയ ഉപന്യാസമാണ് കൊച്ചുചക്കരച്ചി. ആത്മകഥാപരമായ ഈ ലേഖനത്തിൽ തന്റെ തറവാട്ടിലെ അംഗം തന്നെയായ കൊച്ചുചക്കരച്ചി എന്ന മാവിനെപ്പറ്റിയാണ് വിവരിക്കുന്നത്. പഴമക്കാർക്ക് മാവിനോടുണ്ടായിരുന്ന പ്രതിപത്തിയും സ്നേഹവും കുട്ടികൾക്ക് മാവിനോടുള്ള പ്രിയം, പ്രകൃതി സ്നേഹം, മനുഷ്യബന്ധം എന്നിവ ഈ കൃതിയിൽ തെളിയുന്നുണ്ട്.

## പ്രധാന ആശയങ്ങൾ

- വൃക്ഷങ്ങളിൽ ശ്രേഷ്ഠമായത് മാവ് തന്നെയാണ്.
- മാവിന്റെ ഗുണങ്ങൾ ധാരാളം. വീട്ടിൽ മാവിന്റെ സാന്നിദ്ധ്യം പല രൂപത്തിൽ വർഷം മുഴുവനും ഉണ്ടാവും
- മാവിൻ ചുവട്ടിലായിരുന്നു കുട്ടികളുടെ പല കളികളും അരങ്ങേറിയിരുന്നത്.
- നാട്ടിൻപുറത്തുകാർ മാത്രമല്ല, കവികളും മാവിനെ സ്നേഹിച്ചിരുന്നു. (വൈലോപ്പിള്ളി - മാമ്പഴം)
- ലേഖകൻ തറവാട്ടിൽ നാലുകെട്ടിനും നെൽപുരയ്ക്കും മദ്ധ്യേ തെക്കേമുറ്റത്ത് അധീശ്വരിയായി നിന്ന മാവാണ് കൊച്ചുചക്കരച്ചി.
- എല്ലാവർക്കും പ്രിയപ്പെട്ടവളാണ് കൊച്ചുചക്കരച്ചി.
- പാട്ടത്തിൽ അപ്പൂപ്പൻ വെട്ടാൻ തുനിഞ്ഞപ്പോൾ വേണ്ടപ്പെട്ടവർ തടഞ്ഞു.
- കുടുംബത്തിലെ മുത്തശ്ശി - നാവുണ്ടായിരുന്നെങ്കിൽ കുടുംബ ചരിത്രം അവൾപറഞ്ഞേനേ.
- മാങ്ങ വിൽക്കാൻ സമ്മതിക്കാതെ നീറുകൾ ചാവേറ്റുപടയായി.
- തന്റെ അടുത്ത് വരുന്നവർക്ക് മാങ്ങ നൽകുന്നവൾ
- നല്ല വണ്ണവും, പൊക്കവും ഉണ്ടായിരുന്നിട്ടും കൊച്ചുചക്കരച്ചിയെ മുറിയ്ക്കാൻ വീട്ടുകാർ തയ്യാറായില്ല.
- അവിചാരിതമായി മാവിന് രോഗം പിടിപെട്ടു. ഒടിഞ്ഞുവീണു നാശമുണ്ടാവാതിരിക്കാൻ കൊച്ചുചക്കരച്ചിയെ മുറിയ്ക്കാൻ ലേഖകൻ തീരുമാനിച്ചു.
- ഒരു യുക്തിയും അമ്മയുടെ അടുത്ത് വിലപ്പോയില്ല.
- കൊച്ചുചക്കരച്ചി ചതിക്കില്ല, അതിനാൽ അവളെ മുറിയ്ക്കണ്ട എന്ന അമ്മയുടെ വിശ്വാസം
- പിന്നീടുണ്ടായ ചെറിയൊരു കാറ്റിൽ അവൾ വീണു. ഒട്ടും അപകടം ഉണ്ടാകാതെ.
- അമ്മയുടെ വിശ്വാസം ജയിച്ചു.
- മാവിന് മനുഷ്യഭാവം നൽകിയിരിക്കുന്നു.

***വിഗ്രഹിക്കാം***

| | | |
|---|---|---|
| കൊതിയ സമാജം | - | കൊതിയന്മാരുടെ സമാജം |
| കവിതാങ്കണം | - | കവിതയുടെ അങ്കണം |
| കുലശ്രേഷ്ഠ | - | കുലത്തിലെ ശ്രേഷ്ഠ |
| ചുള്ളിക്കമ്പ് | - | ചുള്ളിയായ കമ്പ് |
| ഇലപ്പടർപ്പ് | - | ഇലകളുടെ പടർപ്പ് |
| സ്വർണപ്പൂക്കൾ | - | സ്വർണ നിറത്തിലുള്ള പൂക്കൾ |

**പദച്ചേർച്ച**

| | | |
|---|---|---|
| ചുള്ളി + കമ്പ് | - | ചുള്ളിക്കമ്പ് |
| ഇല + പടർപ്പ് | - | ഇലപ്പടർപ്പ് |
| സ്വർണപ്പൂക്കൾ | - | സ്വർണ + പൂക്കൾ |

**ചോദ്യങ്ങൾ**

1. "കൊച്ചുചക്കരച്ചി വീഴില്ല, വീണാലും ആപത്ത് വരുത്തില്ല" അമ്മയുടെ ഈ നിലപാടിൽ തെളിയുന്ന ഭാവമേത്?
   കൊച്ചുചക്കരച്ചിയിലുള്ള വിശ്വാസം
2. "കാറ്റും മഴയും വരുമ്പോഴൊക്കെ അമ്മ പൂമുഖത്ത് ചെന്നിരിക്കും" അമ്മയുടെ ഏത് വികാരമാണ് പ്രതിഫലിക്കുന്നത്.
   കൊച്ചുചക്കരച്ചിയിലുള്ള വിശ്വാസം (കൊച്ചുചക്കരച്ചി ചതിക്കില്ല എന്ന വിശ്വാസം)
3. "നീറുകൾ എന്ന ചാവേറ്റുപട മാവിൽ കയറാൻ ശ്രമിച്ചവരെ തോൽപ്പിച്ച് ഓടിച്ചു കളഞ്ഞു" അടി വരയിട്ട പദം സൂചിപ്പിക്കുന്നതെന്ത്?
   സ്വന്തം ജീവൻ ത്യജിച്ചും എതിരാളികളെ നശിപ്പിക്കാൻ ശ്രമിക്കുന്നവർ.
4. "ഇന്നു മാങ്ങമരം കാണാത്ത കുട്ടികൾ കേരളത്തിലുണ്ടാവില്ല" അടിവരയിട്ട പദം സൂചിപ്പിക്കുന്ന ഭാവമെന്ത്?
   മാവിനെ അറിയില്ലെന്നു നടിക്കുന്ന പരിഷ്ക്കാരികളോടുള്ള പരിഹാസം / ചുറ്റുപാടുമായി ബന്ധ മില്ലാത്തവരോടുള്ള പരിഹാസം.
5. കൊച്ചുചക്കരച്ചിയിലുള്ള അമ്മയുടെ വിശ്വാസം ശരിയോ? എങ്ങനെ/

- കൊച്ചുചക്കരച്ചി വീഴില്ല, വീണാലും ആപത്തു വരുത്തില്ല എന്നായിരുന്നു അമ്മയുടെ വിശ്വാസം.
- രോഗം വന്നിട്ടും പത്തുകൊല്ലത്തോളം കായ്ച്ചു.
- ചെറിയ കാറ്റിൽ മറിഞ്ഞു വീണെങ്കിലും നാശം ഉണ്ടാക്കിയില്ല.
- മതിലിന്റെ അല്പം പൊളിഞ്ഞു. അടുത്തുള്ള മാവിന്റെ ചെറിയ ശിഖിരം ഒടിഞ്ഞു. അത്രമാത്രം.

6. "കർക്കിട മാസത്തിലെ കറുത്ത വാവിൻ നാളിൻ ആകാശത്തിന് താഴെ തന്റെ ഇലപ്പടർപ്പുകൊണ്ട് മറ്റൊരാകാശം സൃഷ്ടിച്ച് മിന്നാമിനുങ്ങുകളെ കൊണ്ട് നക്ഷത്ര നിബിഡമായി നിൽക്കുന്നു" പ്രയോഗ ഭംഗി വിശദമാക്കുക

- കാവ്യഭാഷ
- ആകാശത്തെപ്പോലെ തന്നെ മാവും
- കർക്കിട മാസത്തിലെ കറുത്ത വാവിലെ ആകാശം നിറഞ്ഞ അന്ധകാരം ഉള്ളത്.

- നിബിഡമായ ഇലപ്പടർപ്പുള്ളതിനാൽ ഒരു തരിവെളിച്ചവും കടത്തി വിടാത്ത മാവ്
- ആകാശത്തിൻ നക്ഷത്രം
- അതുപോലെ മാവിൽ നിറയെ മിന്നാമിനുങ്ങ്
- മാവിന്റെ ഭംഗി, ഇലയുടെ നിബിഡത, ആകൃതി, ഔന്നത്യം ഇവ സൂചിതമാവുന്നു.

7. "വൃക്ഷങ്ങളിൽ വെച്ച് വൃക്ഷമായത് മാവ് തന്നെ" എന്ന് ലേഖകൻ സമർത്ഥിക്കുന്നത് എങ്ങനെ?

- മാവാണ് ശ്രേഷ്ഠമായ വൃക്ഷം
- മാവു തളിരിടുമ്പോൾ മുതൽ നാട്ടുമ്പുറത്ത് ഉത്സവം
- മാമ്പൂവിന്റെ പരിമളം
- ഏത് പ്രായത്തിലുള്ളവർക്കും മാങ്ങ ആസ്വാദ്യകരം ആണ്. (ഉണ്ണി മാങ്ങ, കണ്ണി മാങ്ങ, പച്ചമാങ്ങ, മാമ്പഴം.....)
- വർഷം മുഴുവൻ മാങ്ങ പല രൂപത്തിൽ സൂക്ഷിച്ച് വെച്ച് ഉപയോഗിക്കപ്പെടുന്നു
- മാങ്ങയുടെ അണ്ടിപരിപ്പുപോലും ഉപയോഗപ്രദം
- ഇലയും തടിയും പ്രാധാന്യത്തോടെ ഉപയോഗിക്കുന്നു.

8. "തുലാവർഷക്കാറ്റുകളും കാലവർഷക്കാറ്റുകളും ആ മുത്തശ്ശിയുടെ നിബിഡവും ശ്യാമളവുമായ തലമുടിയിലൂടെ വിരലോടിച്ച് പോവുക മാത്രം ചെയ്തു" പ്രയോഗഭംഗി വിശദമാക്കുക.

- കാവ്യ ഭാഷ
- കൊച്ചുചക്കരച്ചിയെ മുത്തശ്ശിയായി സങ്കൽപ്പിക്കുന്നു.
- പ്രായമായിട്ടും സൗന്ദര്യവും ശക്തിയും കുറയുന്നില്ല
- നിബിഡവും പച്ചനിറമാർന്നതുമായ ഇലപടർപ്പിനെ മുടിയായി കൽപ്പിക്കുന്നു
- ശക്തമായ കാറ്റിന്റെ വീശൽ പോലും തലോടലായി തോന്നാൻ മാത്രം ഉറപ്പുള്ള മാവ്

9. "............ ഇപ്പറഞ്ഞ പഴയ അപരിഷ്കൃത മട്ടുകൾ അവർ അറിയാനിടയില്ല" അടിവരയിട്ട പദത്തിന്റെ ഔചിത്യം എന്ത്?

- പണ്ടത്തെ കളിയായ അണ്ണാൻ പിറന്നാൾ, ഉണ്ണിയിടൽ, മാവിൻചോട്ടിലെ മന്ത്രതന്ത്രങ്ങൾ.
- ഇന്ന് അങ്ങനെയുള്ള കളികൾ ഇല്ല
- മൊബൈൽ ഗെയ്മിന്റെ കാലത്ത് പഴയ കളികളെ അപരിഷ്കൃതം എന്ന് പറഞ്ഞ് തള്ളിക്കളയുന്നതിനോടുള്ള പരിഹാസം.

10. അതാ ആകാശം ഉരുമ്മി ഒരു മാവു നിൽക്കുന്നു. കുരടിച്ചി എന്നാണ് അതിനെ വിളിക്കുന്നത്. അടിവരയിട്ട പദം ഉചിതമാണോ?

- മാവിന്റെ വലുപ്പമല്ല, മാങ്ങയുടെ പ്രത്യേകതയാണ് മാവിന്റെ പേര് നിശ്ചയിക്കുന്നത്
- ചക്കകുരുവിന്റെ വലുപ്പം പോലുമില്ലാത്ത മാങ്ങയാണ് ആ മാവിൽ ഉണ്ടാവുന്നത് അതിനാൽ പേര് ഉചിതമാണ്.

**കൂടുതൽ ചോദ്യങ്ങൾ**

1. അമ്മയോടൊപ്പം പ്രാധാന്യമുള്ള കഥാപാത്രമാണ് കൊച്ചുചക്കരച്ചി - വിശദമാക്കുക
2. കൊച്ചുചക്കരച്ചിയ്ക്ക് മനുഷ്യഭാവമാണ് ലേഖകൻ നൽകിയിരിക്കുന്നത്. ഉദാഹരണ സഹിതം വിശദമാക്കുക
3. പ്രകൃതിയും മനുഷ്യനും ഇണങ്ങി ജീവിച്ചിരുന്ന കാലത്തിന്റെ ആവിഷ്കാരമാണ് കൊച്ചുചക്കരച്ചി. ഇന്ന് ഇത്തരം ബന്ധങ്ങൾ നിലനിൽക്കുന്നുണ്ടോ? പ്രകൃതിയും മനുഷ്യനും എന്ന വിഷയത്തിൽ ഉപന്യാസം / മുഖ പ്രസംഗം തയ്യാറാക്കുക.
4. എ.പി. ഉദയഭാനുവിന്റെ രചനാശൈലിയെപ്പറ്റി കുറിപ്പ് തയ്യാറാക്കുക.

ഡയറ്റ് വയനാട്

# എക്സലൻസ് – 2020 – 21

## പത്താംതരം പഠനപരിപോഷണ പരിപാടി

Break the chain

കൈവിടാതിരിക്കാം.. കൈ കഴുകൂ..

വയനാട് ജില്ലാ പഞ്ചായത്ത്

ജില്ലാ വിദ്യാഭ്യാസപരിശീലനകേന്ദ്രം,ഡയറ്റ് വയനാട്

Prepared by DIET Wayanad, Printed and Published by Wayanad District Panchayath 2021.
300 copies, Printed at co.op.sby-221325